

കുമരംപുത്തൂർ

ഗ്രാമപഞ്ചായത്ത്

# വികസനരേഖ

1997-2002

# ആമുഖം

സ്വാതന്ത്ര്യത്തിന്റെ അരനൂററാണ്ടുതികയ്ക്ക് വളരെ അടുത്താണ് നാം. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം എണ്ണപ്പെട്ട ഒരു കാലയളവല്ല. എങ്കിലും നിരവധി ഭരണ മാററങ്ങൾ, നിയമ നിർമ്മാണങ്ങൾ, 8 പഞ്ചവത്സരപദ്ധതികൾ, മൂന്നാം ലോകരാജ്യങ്ങളുടെ നായക സ്ഥാനത്താണ് ഇന്ത്യ എന്നുള്ളത് പാഠ്യ വിഷയങ്ങളിൽപോലും സ്ഥാനം പിടിച്ചുകഴിഞ്ഞു. പക്ഷേ സങ്കീർണ്ണമായ പ്രശ്നങ്ങളുടെ ഒടുങ്ങാത്ത പട്ടിക ചോദ്യചിഹ്നമായി നമ്മുടെ മുന്നിലുണ്ട്.

ജനാധിപത്യത്തിന്റെ നിരവധി പരീക്ഷണമുഖങ്ങളിലൂടെ രാജ്യം കടന്നുപോയപ്പോഴും സ്വാതന്ത്ര്യം നേടിയെടുത്തവരുടെ ഇച്ഛാശക്തി കാത്തുസൂക്ഷിച്ച ഒരു ജനതയാണ് കേരളത്തിന്റേത്. ആ ഇച്ഛാശക്തിക്ക് പുതിയ രൂപഭാവങ്ങൾ നൽകാൻ ശ്രമിക്കുകയാണ് ഇന്ന് സംസ്ഥാന ഗവൺമെന്റ്. 21-ാം നൂററാണ്ടിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൈപിടിച്ചുയർത്തേണ്ട കാലഘട്ടത്തിലെ 9-ാം പഞ്ചവൽസരപദ്ധതി മുൻപദ്ധതികളെപ്പോലെ മേലേനിന്ന് ജനങ്ങളുടെ മേൽ കെട്ടിയിറക്കുന്നതിന് പകരം ഗ്രാമതലത്തിൽ നിന്ന് ജനങ്ങളുടെ മുൻകൈയോടെ പടുത്തയർത്താനാണ് ശ്രമം. ഇത് സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ രൂപം നൽകിയതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രിത വികസനം ലക്ഷ്യമാക്കി മുന്നേറുന്ന ഇതിന്റെ പ്രവർത്തനം വിജയിപ്പിക്കേണ്ടത് നമ്മളിലേവരുടേയും കടമയാണ്.

# വികസനരേഖ

# സാക്ഷാൽക്കാരം

**നേതൃത്വം**

കെ. ആർ. മോഹനദാസ്

ഇ. മുഹമ്മത് ബഷീർ

**സഹകരണം**

എം. എ. അസീസ്

പി. പത്മാവതി

സെയ്ത് പി.

ടോംസ് വർഗീസ്

രജി എം. ഡി.

കെ. പി. എസ്. പയ്യനെടം

എൻ. ഗോപിനാഥൻ

എം. രാമചന്ദ്രൻ

എ. കെ. ഗോപാലൻ

ഇ. വി. ശ്രീധരൻ

എൻ. അരവിന്ദാക്ഷൻപിള്ള

വിശ്വധർ

ഇ. വി. ഏലിയാസ്

**ഓഫീസ് നിർവ്വഹണം**

പി. സതീഷ്കുമാർ

കുമാരൻ വി.

അപ്പുകുട്ടൻ

പ്രദീപ്

പ്രസാദ് പി. എസ്

എജീഷ് ഏലിയാസ്

സുജിത് എൻ. കെ.

ഹംസ. കെ.

ബേബി രാജ്

പ്രിയമുള്ളവരെ,

കാലത്തിന്റെ കാലൊച്ചക്ക് കാതോർത്തിരുന്ന കുമരംപുത്തൂർ പഞ്ചായത്തുമിതാ ഉണർന്നെഴുന്നേൽക്കുകയായി. എടുത്തു പറയത്തക്ക സാമൂഹ്യ ചരിത്രമോ പാരമ്പര്യമോ അവകാശപ്പെടുന്നില്ലെങ്കിലും, കാലാകാലങ്ങളിലുള്ള സാമൂഹ്യ ചലനങ്ങളുടെയെല്ലാം അനുരണനങ്ങളേറ്റുവാങ്ങാൻ കുമരംപുത്തൂർ പഞ്ചായത്തും എന്നും തയ്യാറായിട്ടുണ്ടെന്നു് പറയാൻ ഞങ്ങളാഗ്രഹിക്കുന്നു. 1995 ഒക്ടോബർ രണ്ടിനാണ് നിലവിലുള്ള ഭരണസമിതി ചുമതലയേററത്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ വികസനോന്മുഖവും ജനോപകാരപ്രദവുമായ നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതായി ഞങ്ങളഭിമാനിക്കുന്നു. പയ്യനെടം ഭാഗത്തെ പുതിയ മൃഗാശുപത്രിയും, വട്ടമ്പലം ഭാഗത്തെ ഷോപ്പിംഗ് കോംപ്ലക്സും, അതിനോടനുബന്ധിച്ചുള്ള ആഴ്ചച്ചന്തയും അവയിൽ ചിലതുമാത്രം.

''അധികാരം ജനങ്ങളിലേക്ക്''' എന്ന പുതിയ മുദ്രാവാക്യം ഒരു വലിയ ജനകീയ മുന്നേററമായി ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. നാടാകെ ഒരു പുത്തനുണർവ്വും ഉത്സാഹവും കൈവരിച്ചിരിക്കുന്നു. കാര്യകാരണസഹിതം വിഷയങ്ങളെ വിലയിരുത്താനും, അവ മുൻഗണനാക്രമത്തിൽ പരിഹരിക്കാനും, കക്ഷി രാഷ്ട്രീയ, ജാതി മത വൈജാത്യങ്ങൾക്കതീതമായി വികസന പ്രവർത്തനങ്ങളിലൊത്തുചേരാനുമുള്ള കർമ്മക്ഷമത നാം പൂർണ്ണമായും കൈവരിക്കേണ്ടതാണ്. നാട്ടറിവിന്റെ നന്മയും, നാട്ടുകാരുടെ കൂട്ടായ്മയും ഏതൊരു പ്രദേശത്തിന്റേയും വിലമതിക്കാനാവാത്ത വിശിഷ്ട വിഭവങ്ങളാണെന്നു് കണ്ടെത്തി സഫലവും സമൂർത്തവുമായ ഒരു സാംസ്ക്കാരിക ലക്ഷ്യത്തിലേക്ക് നമുക്കൊന്നായി മുന്നേറാം. സമൃദ്ധിയുടേയും സമതയുടേയും, സാഹോദര്യത്തിന്റേയും ഒരു നല്ല നാളെയാകട്ടെ നമ്മുടെ ലക്ഷ്യം.

അഭിവാദനങ്ങളോടെ

ഭരണസമിതിക്കുവേണ്ടി,

**എ. കുമാരൻ**, പ്രസിഡണ്ട്

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്.

## ആദ്യ ഭരണ സമിതി കാലം: 20-12-1963 – 30-7-79

| S. No. | പേര് | വാർഡ് | സ്ഥാനം |
|---|---|---|---|
| 1 | അഷ്ടമൂർത്തി ഭട്ടതിരിപ്പാട് | II | പ്രസിഡൻറ് |
| 2 | എൻ. മൊയ്തുഹാജി | VI | വൈസ് പ്രസിഡൻറ് |
| 3 | പി. പത്മനാഭമേനോൻ | I | മെമ്പർ |
| 4 | വി. എം. ശ്രീധരൻനായർ | III | മെമ്പർ |
| 5 | വി. പി. മുഹമ്മദ് | IV | മെമ്പർ |
| 6 | കെ. ശങ്കരൻനായർ | V | മെമ്പർ |
| 7 | പി. രാമൻ | VII | മെമ്പർ (ഹരിജൻ സംവരണം) |
| 8 | എൻ. ജാനകി അമ്മ | ,, | മെമ്പർ (വനിതാ സംവരണം) |

## രണ്ടാം ഭരണ സമിതി കാലം: 28-9-1979 – 29-10-1984


| S. No | പേര് | വാർഡ് | സ്ഥാനം |
|---|---|---|---|
| 1 | മണ്ണറോട്ടിൽ അബ്ദുൾഅസീസ് | VI | പ്രസിഡൻറ് |
| 2 | വെണ്ണത്തറ അമ്മിണി | VIII | വൈസ് പ്രസിഡൻറ് |
| 3 | കീഴേക്കളം രാമൻ | II | മെമ്പർ (ഹരിജൻ സംവരണം) |
| 4 | കോളശ്ശേരി ഉണ്ണിമമ്മു | I | മെമ്പർ |
| 5 | പി. പ്രഭാകരൻ | III | മെമ്പർ |
| 6 | എ. കെ. മുഹമ്മദാലി | IV | മെമ്പർ |
| 7 | മുഹമ്മദ് ആലക്കഴിയൻ | V | മെമ്പർ |
| 8 | പാടത്ത് പീടിയക്കൽ ഹംസ | VII | മെമ്പർ |

## മൂന്നാം ഭരണ സമിതി കാലം: 29-10-1984—1-4-1994

| ക്രമ നമ്പർ | പേര് | വാർഡ് | സ്ഥാനം |
|---|---|---|---|
| 1 | N. മണികണ്ഠൻ | V | പ്രസിഡൻറ് |
| 2 | കെ. ബാലഗുപ്തൻ | III | വൈസ് പ്രസിഡൻറ് |
| 3 | വി. കെ. അബ്ദുറഹ്മാദർ | I | മെമ്പർ |
| 4 | കെ. പി. കേശവൻകുട്ടി | II | മെമ്പർ |
| 5 | എം. കെ. മുഹമ്മദാലി | IV | മെമ്പർ |
| 6 | എ. സുബൈദ | VI | മെമ്പർ (വനിതാ സംവരണം) |
| 7 | എ. വെള്ളത്തിരി | VII | മെമ്പർ (ഹരിജൻ സംവരണം) |
| 8 | വി. ഭാർഗവി | VIII | മെമ്പർ (വനിതാ സംവരണം) |
| 9 | പി. ബാലൻ | IX | മെമ്പർ |

## നാലാം ഭരണ സമിതി (നിലവിലുള്ളത്) കാലം: 2-10-1995


| ക്രമ നമ്പർ | പേര് | വാർഡ് | സ്ഥാനം |
|---|---|---|---|
| 1 | എ. കുമാരൻ | X | പ്രസിഡൻറ് |
| 2 | വി. ഭാർഗവി | XI | വൈസ് പ്രസിഡൻറ് |
| 3 | ഹസീന മറിയം | I | മെമ്പർ |
| 4 | പി. ഉബൈദ് | II | മെമ്പർ |
| 5 | കെ. പി. പത്മാവതി | III | മെമ്പർ |
| 6 | കെ. ആർ. മോഹൻദാസ് | IV | മെമ്പർ, സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ |
| 7 | വി. എം. അയ്യപ്പൻ | V | മെമ്പർ, സ്റ്റാൻറിംഗ് കമ്മിററി അംഗം |
| 8 | പി. കെ. മുഹമ്മദാലി | VI | മെമ്പർ |
| 9 | എം. അബ്ദുൾ അസീസ് | VII | മെമ്പർ, സ്റ്റാൻറിംഗ് കമ്മിററി അംഗം |
| 10 | എസ്. ആർ. ഹബീബുള്ള | VIII | മെമ്പർ, സ്റ്റാൻറിംഗ് കമ്മിററി അംഗം |
| 11 | ത്രേസ്യാമ്മ ബേബിപോൾ | IX | മെമ്പർ, സ്റ്റാൻറിംഗ് കമ്മിററി അംഗം |



**എ. കുമാരൻ,** പ്രസിഡൻറ്.
കമരംപുത്തൂർ ഗ്രാമപഞ്ചായത്ത്.



**വി. ഭാർഗവി,** വൈസ് പ്രസിഡൻറ്.



**കെ. ആർ. മോഹൻദാസ്,**
ചെയർമാൻ, സ്റ്റാൻറിംഗ് കമ്മിററി.

# പഞ്ചായത്ത്-പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേരു് | — | കമരംപുത്തൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | കമരംപുത്തൂർ, പയ്യനെടം |
| ബ്ലോക്ക് പഞ്ചായത്ത് | — | മണ്ണാർക്കാട് |
| താലൂക്ക് | — | മണ്ണാർക്കാട് |
| അസംബ്ലിമണ്ഡലം | — | മണ്ണാർക്കാട് |
| വിസ്തീർണ്ണം | — | 37. 25 ചതുരശ്ര കി. മീററർ |
| അതിരുകൾ | — | വടക്ക് ഏറനാട് താലൂക്ക് |
| | | കിഴക്ക്_കന്തിപ്പുഴ |
| | | തെക്ക്_കരിമ്പുഴ പഞ്ചായത്ത് |
| | | പടിഞ്ഞാറ് അരിയൂർതോട് |
| ജനസംഖ്യ | — | 24193 |
| പുരുഷൻ | | 11807 |
| സ്ത്രീകൾ | — | 12386 |
| ജനസാന്ദ്രത | — | 649. 48 ചതുരശ്ര കിലോമീററിനു് |
| അക്ഷരാഭ്യാസമുള്ളവർ | — | 16847 |
| വാർഡുകൾ | — | 11 |
| പ്രസിഡൻറിന്റെ പേരു് | — | എ. കുമാരൻ |
| വൈസ് പ്രസിഡൻറിന്റെ പേര് | — | വി. ഭാർഗവി |
| സ്ററാൻറിംഗ് കമ്മിററി ചെയർമാൻ | — | കെ. ആർ. മോഹൻദാസ് |

# ചരിത്രം

പ്രാചീന കാലത്തിന്റെ എടുത്തു പറയത്തക്ക ഒരു ചരിത്രം കുമരംപുത്തൂർ പഞ്ചായത്തിനുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പഴയ കാലത്തെക്കുറിച്ച് അറിയാൻ സഹായിക്കുന്ന ശ്രദ്ധേയമായ ഐതിഹ്യങ്ങളോ പഴങ്കഥകളോ ഈ പ്രദേശവുമായി ബന്ധപ്പെട്ട് പറഞ്ഞുകേൾക്കുന്നുമില്ല. 'കുമരംപുത്തൂർ' എന്ന പേര് തമിഴകവുമായുള്ള ഒരു പഴയ കാല ബന്ധത്തിന്റെ സൂചനയായി കണക്കാക്കാവുന്നതാണ്. 'പുത്തൂർ' 'പുതൂർ' എന്നീ സ്ഥലനാമങ്ങൾ തമിഴ് നാട്ടിലും തമിഴ് സ്വാധീനമുള്ള പാലക്കാടൻ ഗ്രാമങ്ങളിലും വ്യാപകമായി കണ്ടുവരുന്നതാണല്ലോ. മണ്ണാർക്കാടിന്റെ പല ഭാഗങ്ങളിലും ഉണ്ടായിരുന്നതുപോലെ ഇവിടെയും തമിഴ് വംശജർ പണ്ടുമുതലേ നാടുവാഴികളും ഭൂസ്വാമിമാരും ആയിരുന്നതിന്റെ തെളിവുകളുണ്ട്. പഞ്ചായത്തിലെ പയ്യനെടം പ്രദേശത്തിന് ആ പേരു വന്നതുതന്നെ പയ്യൻചെട്ടിയുടെ 'ഇടം' ആയതുകൊണ്ടായിരുന്നു. രാജവാഴ്ചയുടെ കാലത്ത് കുമരംപുത്തൂർ, കോഴിക്കോട് സാമൂതിരി രാജ കുടുംബത്തിന്റെ അധീനതയിലായിരുന്നു. ഈ പ്രദേശത്തുണ്ടായിരുന്ന നാടുവാഴികൾ സാമൂതിരിക്ക് 'കപ്പം' കൊടുത്തു വന്നതിന്റെ തെളിവുകളുണ്ട്.

ആധുനിക കാലഘട്ടത്തിലും കമരംപുത്തൂർ ശ്രദ്ധേയമായ സംഭവങ്ങളൊന്നുമില്ലാതെ ഒതുങ്ങി നില്ക്കുകയാണ്. മലബാർ കലാപവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളാണ് പഞ്ചായത്തിന് ചരിത്രത്തിൽ ഇടം നല്കുന്നത്. പഞ്ചായത്തിൽപ്പെട്ട പള്ളിക്കുന്ന് പ്രദേശത്ത് മലബാർ കലാപത്തോടനുബന്ധിച്ച് ബ്രിട്ടീഷ് പട്ടാളമെത്തുകയും വെടിവെപ്പു നടത്തുകയും ചെയ്തിട്ടുണ്ട്. നൂറുകണക്കിനാളുകൾ രക്തസാക്ഷികളായതായി പറയപ്പെടുന്നു. വെടികൊണ്ടതിന്റെ മുറിപ്പാടുകളുമായി ഒരു സ്ത്രീ ഇപ്പോഴും പള്ളിക്കുന്നിൽ ജീവിച്ചിരിക്കുന്നുണ്ട്. പിടിക്കപ്പെട്ട പലരേയും അന്തമാനിലേക്ക് നാടുകടത്തുകയാണ് ചെയ്തത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവായിരുന്നു, പള്ളിക്കുന്ന് സ്വദേശി പുതിയമാളിയേക്കൽ സീതികോയതങ്ങൾ. കലാപം അവസാനഘട്ടത്തിൽ ഹിന്ദു–മുസ്ലീം സംഘട്ടനത്തിന്റെ സ്വഭാവം കൈവരിച്ചപ്പോൾ ഹിന്ദുക്കളെ സംരക്ഷിക്കാൻ കലാപകാരികളോട് ഏറ്റുമുട്ടിയ മുസ്ലീംങ്ങളുമുണ്ടായിരുന്നു. അത്തരം ഒരു രക്തസാക്ഷിയുടെ ഓർമ്മക്കായി 'സെയ്താലിക്ക് കൊടുക്കുക' എന്നൊരു ചടങ്ങ് പയ്യനെടത്തെ ഹിന്ദു കുടുംബങ്ങളിൽ വർഷംതോറും നടന്നുവന്നിരുന്നു. ഏതു കലാപത്തിനിടയിലും ഈ ഗ്രാമത്തിൽ ഉയർന്നു പൊങ്ങിയ മത മൈത്രിയുടെ ശക്തമായ സന്ദേശമാണ് ഇത് സൂചിപ്പിക്കുന്നത്.

സ്വാതന്ത്ര്യ സമരവുമായി നേരിട്ട് ബന്ധപ്പെട്ട മറ്റ് സംഭവങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ശ്രദ്ധേയരായ സ്വാതന്ത്ര്യസമര സേനാനികളും ഇവിടെയില്ല. എന്നാൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ കാർഷിക നാടുവാഴിത്ത വിരുദ്ധ സമരത്തിന്റെ ശക്തമായ സ്വാധീനം ദൃശ്യമാണ്. സർവ്വശ്രീ കൊങ്ങശേരികൃഷ്ണൻ, കോക്കാട്ടിൽ ശങ്കരൻനായർ, എം. കുഞ്ഞറമ്മു, എസ്. കെ. മൊയ്തു എന്നിവർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ആദ്യകാല നേതാക്കളാണ്. പയ്യനെടം, കളപ്പാടം പ്രദേശങ്ങളിൽ നിരവധി കർഷക പോരാട്ടങ്ങൾ നടന്നിട്ടുണ്ട്.

# ഭൂപ്രകൃതി

പശ്ചിമഘട്ടത്തിലെ നിക്ഷിപ്തവനങ്ങളും അരിയൂർ തോടും കന്തിപ്പുഴയും അതിരിടുന്ന ഭൂവിഭാഗമാണ് കുമരംപുത്തൂർ. കുന്തിപ്പുഴക്കപ്പുറത്ത് ഭൂമിശാസ്ത്രപരമായി വേറിട്ട് നില്ക്കുന്ന ചങ്ങലേരിയും ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നു. നീലഗിരി ബയോറിസർവിൽ (സൈലൻറ്വാലി നാഷണൽ പാർക്ക്) ഉൾപ്പെടുന്ന നിത്യഹരിത വനങ്ങളാണ് പഞ്ചായത്തിൻെറ വടക്കേ അതിരു്. ഇവ ഏറനാട്ട താലൂക്കിൽ ഉൾപ്പെടുന്നു. തെക്ക് കരിമ്പുഴ പഞ്ചായത്തും കിഴക്ക് കുന്തിപ്പുഴക്കപ്പുറത്ത് മണ്ണാർക്കാട് പഞ്ചായത്തും കാരാകുറുശി പഞ്ചായത്തും പടിഞ്ഞാറ് കോട്ടോപ്പാടം, കരിമ്പുഴ പഞ്ചായത്തുകളുമാണ്, ഭരണപരമായ അതിർത്തികൾ. ഇവയ്ക്കിടക്ക് 37.25 ച. കി. മീ. സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു. കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ 5 ഭാഗങ്ങൾ ആയി തിരിക്കാം

1. ഉയർന്ന കുന്നുകൾ
2. ഇടത്തരം ചരിവുകൾ
3. ചെറു ചരിവുകൾ
4. താഴ്വാരം
5. താഴ്ന്ന സമതലം

പഞ്ചായത്തിലെ ഏററവും ഉയർന്ന പ്രദേശം സമുദ്രനിരപ്പിൽ നിന്നും 330 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കാരാപ്പാടം. സമുദ്രനിരപ്പിൽ നിന്നും 55 മീറററിലധികം ഉയരത്തിലാണ് മററ് പ്രദേശങ്ങൾ. ഇവക്കിടയിൽ ഉയരം വരുന്ന കുന്നുകളും ഇവയ്ക്കിടയിലെ സമതലങ്ങളും താഴ്വാരങ്ങളും ഇടവിട്ട് കാണുന്നതാണ് ഇവിടുത്തെ പൊതു ഭൂപ്രകൃതി. കുന്നിൻപ്രദേശങ്ങളും ചരിവുകളും ഏതാണ്ട് മുഴുവനും റബ്ബർ കൃഷിക്കുപയോഗിക്കുന്നു. ചരിവുകൾ കുറച്ചുഭാഗവും സമതലങ്ങളും പറമ്പുകൾ ആണ്. താഴ്വാരകൾ പാടങ്ങളും.

താഴ്വരകളിലെ പാടങ്ങളിൽ ഏറെയും മണൽ കലർന്ന ചേറ് ആണ് കാണപ്പെടുന്നത്. ചരിവുകളിലും സമതലങ്ങളിലും വെട്ടുകല്ലും ചരൽ കലർന്ന പൊടിമണ്ണിൻെറ മേൽപ്പാളിയുള്ള വെട്ടുകല്ലും കാണപ്പെടുന്നു. വനപ്രദേശത്തിനടുത്ത ഭാഗങ്ങളിൽ കറുത്ത നിറമുള്ള ഫലഭൂയിഷ്ഠമായ മണ്ണും പഞ്ചായത്തിൻെറ ചുരുക്കം പ്രദേശങ്ങളിൽ ചെമ്മണ്ണും കാണപ്പെടുന്നുണ്ട്. വിവിധ മണ്ണിനങ്ങളുടെ ഘടനയെപ്പററിയുള്ള ശാസ്ത്രീയമായ വിശകലനങ്ങൾ ഇനിയും നടത്തേണ്ടതായിട്ടാണ് ഇരിക്കുന്നത്. എന്നാലും മണൽ അംശം കൂടിയ പൊടിമണ്ണും പാറക്കെട്ടും നിറഞ്ഞ ചുരുക്കം പ്രദേശങ്ങൾ ഒഴിച്ചാൽ ബാക്കി പ്രദേശങ്ങളെല്ലാം പൊതുവെ ഫലഭൂയിഷ്ഠമാണെന്നു പറയാം.

# ജലപ്രകൃതി

ഒരു വർഷം ശരാശരി 2700 മി. മീ. മഴ ലഭിക്കുന്ന പ്രദേശമാണ് കുമരംപുത്തൂർ. ഏററവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലും ഏററവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലും ആണ്.

സൈലൻറ്വാലി നിത്യ ഹരിത വനങ്ങളിൽ നിന്നാരംഭിച്ച് ഏതാണ്ട് തെക്ക പടിഞ്ഞാറായി ഒഴുകുന്ന അരിയൂർ തോടും കുന്തിപ്പുഴയും ആണ് കുമരംപുത്തൂരിൻെറ കിഴക്കും പടിഞ്ഞാറും അതിരുകൾ. ഇവ കൂടാതെ മററ് ചില ചെറുതോടുകളും ഇവക്ക് സമാന്തരമായും കുറുകെയും ഒഴുകുന്നുണ്ട്. ശാന്തിവായ്ക്കൽ തോടാണ് ഇവയിൽ പ്രധാനം. ഇവയെല്ലാം ചേന്ന് സുസംഘടിതമായ ഒരു പ്രകൃതിദത്ത ജല പ്രവാഹ വ്യവസ്ഥ നിലനിർത്തുന്നുണ്ട്. കുന്നിൻ പുറങ്ങളിൽ വീഴുന്ന മഴവെള്ളം ഒലിച്ച് താഴ്വാരകളിലെ പറമ്പുകളിലും പാടങ്ങളിലുമെത്തി അവിടെനിന്ന് ചെറുചാലുകളിലൂടെ ഒഴുകി തോടുകളിലും പുഴകളിലും എത്തുന്നു. ഇവ കൂടാതെ പഞ്ചായത്തിലുടനീളമുള്ള അനേകം കുളങ്ങളും ജലശേഖരണ പ്രവർത്തനം നടത്തുന്നു.

പഞ്ചായത്തിലെ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഒരു പരിധിവരെ ഈ ജലവ്യവസ്ഥയുടെ ഫലപ്രദമായ ഉപയോഗം മാത്രം മതിയാവും. എന്നാൽ അത് സാധിക്കുന്നില്ല എന്നതാണ് കുടിവെള്ള ക്ഷാമത്തെപ്പററി പല ദിക്കിൽ നിന്നും ഉയരുന്ന മുറവിളികൾ സൂചിപ്പിക്കുന്നത്. ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ കഴിയുന്ന വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ കാരാപ്പാടം പോലുള്ള പ്രദേശങ്ങൾ കിണർ കുഴിച്ചാലും വെള്ളം കിട്ടാത്തവയാണ്.

## ജനപ്രകൃതി

1991 സെൻസസ്പ്രകാരം ജനസംഖ്യ 24193 ആണ്. ഇതിൽ 11807 പുരുഷന്മാരും 12386 സ്ത്രീകളുമാണ്. ജനസാന്ദ്രത ചതുരശ്രകിലോമീററിന് 649.48 ആണ്.

സാക്ഷരത 1991 സെൻസസ്പ്രകാരം 69.64% ആണ്.

സാക്ഷരതയിലും വിദ്യാഭ്യാസത്തിലും തൊട്ടടുത്ത പഞ്ചായത്തുകളേക്കാൾ മുന്നിലാണ് കുമരംപുത്തൂർ. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനെ വിദ്യാഭ്യാസ നിലവാരത്തിലെയും തൊഴിൽ രംഗത്തെയും പുരോഗമനമായി പരിവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ തന്നെയാണ് മുഖ്യ പ്രശ്നം. ഗൾഫിലേക്കുള്ള കുടിയേററത്തിൽ നേരിയ കുറവും വളരെ അടുത്ത കാലത്ത് വന്നിട്ടുണ്ട്. പ്രധാന ഉപജീവന മാർഗവും തൊഴിൽ രംഗവുമായിരുന്ന പരമ്പരാഗത കൃഷി അനാദായകരമായിത്തീരുകയും റബ്ബർ വ്യാപകമാവുകയും ചെയ്തതോടെ മററ് തൊഴിൽ മേഖലകളിലേക്ക് കൂടുതൽ പേർ കടന്നെത്തുന്നുണ്ട്. നിർമ്മാണ മേഖലയും ടാക്സി വാഹനങ്ങൾ ഓടിക്കലുമാണ് ഇവയിൽ മുഖ്യം. പഞ്ചായത്തിലെ മററ് പരമ്പരാഗത തൊഴിൽ മേഖലകളായ ബീഡി, നെയ്ത്ത്, മൺപാത്ര വ്യവസായങ്ങളുടെ വർത്തമാനവും പ്രകാശപൂർണ്ണമല്ല.

പഞ്ചായത്തിൽ താമസിക്കുന്ന മൂന്ന് മതവിഭാഗക്കാരും തികഞ്ഞ സാഹോദര്യത്തോടെയാണ് കഴിയുന്നത്. ഉയർന്ന രാഷ്ട്രീയബോധമുള്ള ജനതയുടെ പ്രതികരണ ശേഷിയും സംഘബോധവും ശരിയായ ദിശയിലേക്ക് നയിക്കാൻ കഴിഞ്ഞാൽ സാമൂഹ്യ വികസന രംഗങ്ങളിൽ അത്ഭുതാവഹമായ മാററങ്ങൾ സൃഷ്ടിക്കാൻ കഴിയും.

# കൃഷിയും ജലസേചനവും

പാടശേഖരങ്ങളാൽ സമൃദ്ധമായ കാർഷിക ഗ്രാമമാണ് കുമരംപുത്തൂർ. കുമരംപുത്തൂർ, പയ്യനടം എന്നീ രണ്ട് വില്ലേജുകൾ ചേർന്ന ഈ പഞ്ചായത്തിന്റെ വടക്കുഭാഗം മലയോര പ്രദേശമാണ്. താഴ്വാരങ്ങളും കുന്നിൻ ചെരിവുകളും പടിഞ്ഞാറും കിഴക്കും അതിർത്തി കാക്കുന്ന അരിയൂർ തോടും കുന്തിപ്പുഴയും ചേർന്നതാണ് ഇവിടത്തെ ഭൂപ്രദേശം. റബ്ബർ, നെല്ല്, തെങ്ങ് എന്നിവയാണ് മുഖ്യകൃഷി. ഇടവിളകളായി വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ധാന്യങ്ങൾ മുതലായവ കൃഷി ചെയ്യുന്നു. ഭൂരിപക്ഷം ജനങ്ങളുടെയും മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മററു തൊഴിൽ മേഖലകളുമാണ്.

## പട്ടിക I

| വില്ലേജ് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | | | | | |
| | | | റോഡ് | തോട് | കുളം | പുഴ | വനം | |
| കുമരംപുത്തൂർ | 3172.77 | 971.77 | 25.74 | 3594 | 4.13 | 129.06 | — | 4339.11 |
| പയ്യനെടം | 3658.36 | 812.35 | 155 | 24.50 | 3.54 | 111.68 | 254.72 | 5020.18 |
| | | | | | | | ആകെ | 9359.29 |

അവലംബം:-വില്ലേജാഫീസ് രേഖകൾ.

പഞ്ചായത്തിലെ ഏററവും ഉയർന്ന പ്രദേശമായ കാറാപ്പാടം എന്ന മലയോര മേഖല സമുദ്ര നിരപ്പിൽനിന്നും 330മീററർ ഉയരത്തിലാണ്. കൂടാതെ മററ് പ്രദേശങ്ങളായ പൊതുവാപ്പാടം, പയ്യനെടം, കുമരംപുത്തൂർ എന്നീ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും യഥാക്രമം 129മീററർ, 95മീററർ, 55മീററർ എന്നിങ്ങനെ സ്ഥിതി ചെയ്യുന്നു. ഭൂരിഭാഗം തോട്ടകുന്തിപ്പുഴയുമായിട്ടാണ് സന്ധിക്കുന്നത്.

ആദ്യകാലത്ത് ഇവിടെ നെൽകൃഷിക്കായിരുന്നു പ്രാമുഖ്യം. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി. ധാരാളം കുളങ്ങളും തോടുകളും ഇതിനായി സംരക്ഷിച്ച് പോന്നിരുന്നു. കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു. നായര്‌വീട്, കിഴക്കേപ്പാട്ട്, നെച്ചുള്ളികുടുംബം, വാളിയാടി, കരുണാകശ്ശി, വരിക്കാശ്ശേരിമന തുടങ്ങിയവർ അവരിൽ ചിലരായിരുന്നു. ജന്മിമാർ പാട്ടത്തിന് നൽകിയ ഭൂമിക്ക് പാട്ടവിളയായി നൽകിയിരുന്നത് നെല്ലായിരുന്നതിനാൽ പറമ്പുകളിൽപോലും ആദ്യകാലത്ത് നെല്ല് കൃഷി ചെയ്തിരുന്നു.

പല സവിശേഷതകളും ഒത്തിണങ്ങിയ നാടൻ വിത്തുകൾ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു.

കുട്ടാടൻ, ചുവന്നമുണ്ടകൻ, പറിയ്യാനി, വട്ടൻ, ആര്യൻ, സ്വർണ്ണാര്യൻ, ചെമ്പാൻ, തവളക്കണ്ണൻ തഞ്ചാവൂർ കഴമ, ചെറുവെള്ളരി എന്നിവയും ഏറെ ഔഷധഗുണമുള്ള 'ഞവര' പറമ്പിലും കൃഷി ചെയ്തിരുന്നു. കറുത്തമോടൻ, തൊണ്ണൂറ്, കീടബാധ ഉലോം. കറഞ്ഞ വെള്ളക്കോലി, വെളുത്തിരിക്കഴമ 60ദിവസം മൂപ്പുള്ള തെക്കൻ ചീര, കറുത്ത നെല്ല് തരുന്ന അരിക്കിമാരി എന്നിവയാണ് ഇതിൽ പ്രമുഖമായവ ഇത്തരം ആദ്യകാല വിത്തിനങ്ങളിൽനിന്ന് നീളമുള്ള വയ്ക്കോൽ ലഭിച്ചിരുന്നു. അക്കാലത്ത് വീടുകൾ മേയുന്നതിന് പ്രധാനമായും ഉപയോഗിച്ചിരുന്നത് വയ്ക്കോൽ ആയിരുന്നതിനാൽ ആളുകൾ നീളമുള്ള വയ്ക്കോൽ തരുന്ന നെൽവിത്തുകൾ ഉപയോഗിക്കാൻ നിർബ്ബന്ധിതരായി. ജന്മി കുടുംബങ്ങൾപോലും വീട് മേയുന്നതിന് വയ്ക്കോൽ ഉപയോഗിച്ചിരുന്നു.

പാടങ്ങളിലും പറമ്പിലും ഇടവിളയായി കൃഷി ചെയ്തിരുന്ന കോറ, മുതിര, ഉഴുന്ന്, ചാമ, മുളക്, ചോളം, തിന, പഞ്ഞിപ്പുല്ല് തുടങ്ങിയ പഴയകാല വിളകൾ ഇന്ന് തീർത്തും ഇല്ലാതായി. മണ്ണിന് വളക്കൂറുനൽകുന്നതും ആഹാര സാധനങ്ങളെന്നനിലയിൽ പഴയ തലമുറയുടെ ആരോഗ്യം കാത്തുസൂക്ഷിച്ചിരുന്നതുമായ ഇത്തരം ധാന്യങ്ങൾ ആദായകരമല്ല എന്ന കാരണത്താലും റബ്ബറും, തെങ്ങും വ്യാപകമായതോടെയും ഇല്ലാതായി.

ജൈവ വളമാണ് പൂർണ്ണമായും കൃഷിക്കാർ ആദ്യക്കാലത്തുപയോഗിച്ചിരുന്നത്, 60കളിലെ ആരംഭത്തിലാണ് രാസവള പ്രയോഗം നമ്മുടെ പഞ്ചായത്തിലാരംഭിച്ചത്. വില്ലേജധികാരികൾ സൗജന്യമായി സാമ്പിൾ വളം വിതരണം ചെയ്തിരുന്നു. രാസവള പ്രയോഗം വ്യാപകമാക്കുന്നതിന് വൻകിട രാസവള കമ്പനികൾ ബോധപൂർവ്വം ശ്രമം നടത്തിയിരുന്നു. ഈ കാലഘട്ടത്തിലാണ് പുതിയ ഇനം വിത്തുകളും വന്നു തുടങ്ങിയത്. ആധുനിക കൃഷി ഉപകരണങ്ങളും ഇക്കാലത്ത് പ്രചാരത്തിൽവന്നു. അറുപതുകളുടെ അവസാനത്തിലാണ് നമ്മുടെപഞ്ചായത്തിൽ ആദ്യമായി ട്രാക്ടർ എത്തിയത്. 'കണ്ടം നേരെയാകില്ല' എന്ന ധാരണയിൽ ഭയത്തോടും സംശയത്തോടും കൂടിയാണ് കൃഷിക്കാർ ട്രാക്ടറിനെ എതിരേററത്.

ഭൂപരിഷ്ക്കരണം നടപ്പിലായതോടെ നിരവധി പേർക്ക് സ്വന്തമായി കൃഷി ഭൂമി ലഭിച്ചു. വീട് വക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ് പോലുള്ള കാർഷിക വിളകൾ നടുന്നതിനുവേണ്ടി കൃഷി ഭൂമി നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉൽപാദന ക്രമങ്ങളിൽ മാററം വന്നു. നീരൊഴുക്കിന്റെ ക്രമം തെററി. ആദ്യകാലത്ത് ചിറകെട്ടി സൂക്ഷിച്ചിരുന്ന നിരവധി കളങ്ങൾക്കും തോടുകൾക്കും പരിചരണം നഷ്ടപ്പെട്ട ആദ്യകാലത്ത് കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞു വന്നതും കൃഷി ഭൂമിയിൽ ചെലുത്തിയിരുന്ന അധ്വാനം കുറഞ്ഞ് വന്നതും കർഷകർ മററ് മേഖലയിലേക്ക് തിരിയുന്നതിന് കാരണമായി. കൂലി നിലവാരം ഉയർന്നതിനനുസരിച്ച് ഉൽപന്നങ്ങൾക്ക് വില കിട്ടാതായി ഇവയെല്ലാം നെൽകൃഷിയുടെ അളവ് കുറയുന്നതിന് കാരണ മായി.

ആധുനിക വിദ്യഭ്യാസം സാർവ്വത്രികമായതോടെ കർഷകത്തൊഴിലാളികളുടെ പിൻ തലമുറക്കാരും ഇതര തൊഴിൽ മേഖലകളിലേക്ക് തിരിഞ്ഞു. ഇത് കർഷക തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് വരുത്തി. ഉപഭോഗ പ്രവണത വദ്ധിച്ചത് കാർഷികോല്പ്പത്തിയോടുള്ള സമീപനത്തിൽ മാററംവരുത്തി. ജനസംഖ്യാ വർദ്ധനവും കാർഷിക മേഖല തളരുന്നതിന് കാരണമായി. കർഷകരുടെ വിനോദോപാധിയായ കാളപൂട്ടിനോടുള്ള ആഭിമുഖ്യം പോലും കുറഞ്ഞു.

കുടിയേററ കർഷകരുടെ വരവ് പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ പുതിയ ഉണർവുണ്ടാക്കി. 1921-ൽ മദ്ധ്യതിരുവിതാം കൂറുനിന്ന് മലബാറിലേക്ക് കുടിയേറിയ കരിപ്പാപ്പറമ്പിൽ ജേക്കബ്ബ്തോമസാണ് നമ്മുടെ പഞ്ചായത്തിലേക്ക് റബ്ബർകൃഷി കൊണ്ടുവന്നത്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ നാനൂറോളം കുടിയേററ കർഷക കുടുംബങ്ങളുണ്ട്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3724.95 ഹെക്ടർ ആണ്.

മലമ്പ്രദേശങ്ങളിൽ കറുത്ത പശിമയുള്ള മണ്ണും ചരിവുകളും ഉയർന്ന പ്രദേശങ്ങളും ചരലും വെട്ടുകല്ല് മണ്ണും താഴ്വാരങ്ങളിലെ പാടങ്ങളിൽ ചെളിമണ്ണും അപൂർവ്വം ചിലയിടങ്ങളിൽ ചെമ്മണ്ണും കാണപ്പെടുന്നു.

വർദ്ധിച്ചു വരുന്ന രാസവള പ്രയോഗം മണ്ണിന്റെ അമ്ളസ്വഭാവം വർദ്ധിപ്പിച്ചതായിട്ടാണ് കാണുന്നത്. റബ്ബർ കൃഷി അടുത്ത കാലത്തായി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കശുമാവുകൾ വെട്ടിമാററി തൽസ്ഥാനത്ത് റബ്ബർതോട്ടങ്ങൾ വളർന്നു വരുന്നു. കുരുമുളക്, കവുങ്ങ്, മരച്ചീനി, വാഴ, പയർ, പച്ചക്കറി എന്നിവയും കാരാപ്പാടം ഭാഗത്ത് കുറേശ്ശെ കച്ചോലവും കൃഷി ചെയ്യുന്നുണ്ട്.

## നെൽകൃഷി

നെൽകൃഷിയുടെ അളവ് കൃഷിഭവൻ രേഖ (പട്ടിക-2) പറയുന്ന അളവിൽനിന്നും കുറഞ്ഞ സ്ഥിതിയിലാണ്. പഞ്ചായത്തിലെ നെൽവയലുകളിൽ ഭൂരിഭാഗവും ഇരുപ്പൂനിലങ്ങളാണ്. ജലസേചന സൗകര്യത്തിന്റെ കുറവ് മൂന്നാം വിളയുടെ സാദ്ധ്യത ഇല്ലാതാക്കി.

പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്ന വിത്തുകൾക്ക് പകരം പുതിയ സങ്കരയിനം നെൽവിത്തുകൾ ഉപയോഗിക്കുന്ന പ്രവണത കൂടിവരികയാണ്. കുഞ്ഞുകുഞ്ഞ്, പൊന്മണി, ഐശ്വര്യ, ചേററാടി തുടങ്ങിയ വിത്തിനങ്ങളാണ് നിലവിലുള്ളവയിൽ ചിലത്. കേടുപാടും, കീടബാധയും ഈ വിത്തുകൾക്ക് പഴയതിനേക്കാൾ കൂടുതലാണ്. നെൽകൃഷിക്ക് ശേഷം വയലുകൾ പലപ്പോഴും തരിശിടുകയാണ്. മുൻകാലങ്ങളിൽ ചെയ്തിരുന്ന ഇടവിളകളിൽ പലതും ഇപ്പോഴില്ല. നെൽവയലുകൾ വ്യാപകമായി വാഴ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിന് പുറമെ തെങ്ങ്, കവുങ്ങ്, റബ്ബർ എന്നീ തോട്ടവിളകളാക്കി മാററുന്നതിനുള്ള പ്രവണത ഏറി

## പട്ടിക II

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നെല്ല് | 550 |
| റബ്ബർ | 1100 |
| തെങ്ങ് | 250 |
| കവുങ്ങ് | 120 |
| കുരുമുളക് | 76 |
| കൊക്കോ | 10 |
| ഇഞ്ചി | 15 |
| കശുമാവ് | 80 |
| വാഴ | 225 |
| പച്ചക്കറി | 25 |
| കപ്പ | 15 |
| മററു വിളകൾ | 115 |

വരികയാണ്. കാരാപ്പാടം പ്രദേശം ഇതിനൊരുദാഹരണമാണ്. ഇപ്പോൾ ജലസേചന സൗകര്യങ്ങൾ ഏറെയുള്ള ഈ പ്രദേശത്ത് കൃഷിക്കാർ ഒന്നടങ്കം നെൽകൃഷി ഉപേക്ഷിച്ചത് നമ്മുടെ പഞ്ചായത്തിലെ നെല്ലുൽപാദനത്തിൽ ഗണ്യമായ കുറവുവരുത്തിയിട്ടുണ്ട്. നെൽകൃഷി ആദായകരമാക്കുന്നതിന് വിത്ത് തെരഞ്ഞെടുക്കുന്നതിലെ അപാകത, അശാസ്ത്രീയമായ വളപ്രയോഗം, ജലസേചന പ്രശ്നങ്ങൾ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യക്കുറവ്, ഉൽപന്നങ്ങളുടെ വിലക്കുറവ് ഇവ പരിഹരിക്കേണ്ടതാണ്.

പഴയവിത്തുകൾ ഉപയോഗിക്കുന്ന അപൂർവ്വം കൃഷിക്കാരും ശാസ്ത്രീയമായ കൃഷിരീതികൾ ഫല

പ്രദമായി ഉപയോഗപ്പെടുത്തുന്ന നിരവധി കർഷക പ്രമുഖരും നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ രീതികളും അനുഭവങ്ങളും മററ് കൃഷിക്കാർക്കും കിട്ടുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ അത്യാവശ്യമാണ്.

## വളം-കീടനാശിനികൾ

കൃഷിക്കുപയോഗിക്കുന്നത് പ്രധാനമായും രാസവളമാണ്. സഹകരണമേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ മൂന്നും ഡിപ്പോകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. രാസവളത്തിന്റെ അമിതോപയോഗം മൂലം നഷ്ടപ്പെട്ട മണ്ണിന്റെ ഗുണനിലവാരം തിരിച്ച് പിടിക്കേണ്ടതുണ്ട്. ജൈവവളങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കപ്പെടേണ്ടതാണ്. നെല്ല്, പച്ചക്കറികൾ, വാഴ, റബ്ബർ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശികൾ പ്രയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളും ശാസ്ത്രീയമായ രീതികളും പലപ്പോഴും പാലിക്കാറില്ല.

ശുദ്ധജല മത്സ്യങ്ങൾ ഇടക്കിടെ ചത്തു പൊന്തുന്നതിനു കാരണവും കീടനാശിനിയുടെയും രാസവളത്തിന്റെയും അമിതോപയോഗമാണോ, എന്നു സംശയിക്കേണ്ടിയിരിക്കുന്നു,

## കൃഷിരോഗങ്ങൾ

നെല്ല് — കുലവാട്ടം, തണ്ട്തുരപ്പൻ, ചീയൽ
റബ്ബർ — പട്ടമരപ്പ്, ചീക്ക്.
കമുക് — മഹാളി, കൊഴിച്ചിൽ.
വാഴ — കുട്ടക്കേട്, പട്ടകരിച്ചിൽ.
തെങ്ങ് — അച്ചിങ്ങകൊഴിച്ചിൽ, കൂമ്പ്ചീയൽ
കുരുമുളക് — ദ്രുതവാട്ടം

തുടങ്ങിയ കൃഷിരോഗങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്നത്.

## കാർഷികോപകരണങ്ങൾ

പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങളുടെ എണ്ണം തുലോം പരിമിതമാണ്. (പട്ടിക 3 കാണുക) പഴയ കാലത്ത് ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ ഇപ്പോൾ തീരെ പ്രചാരത്തിലില്ല. 50ൽ താഴെ ഉഴവ് മൃഗങ്ങൾ മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളൂ. ട്രാക്ടറർ ഇറക്കാൻ കഴിയാത്ത പാടങ്ങളിൽ ഇപ്പോഴും ഉഴവ് നടത്തുന്നത് കാലികളാണ്.

| ട്രാക്ടറർ | ടില്ലർ | റോക്ക് സ്പ്രേയർ | നാപ്സാക് സ്പ്രേയർ | തെങ്ങ് കയററ യന്ത്രം | പോർട്ടബിൾ പമ്പ് സെററ് |
|---|---|---|---|---|---|
| 6 | 5 | 25 | 150 | 3 | 25 |

അവലംബം-കൃഷിഭവൻ രേഖകൾ

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കൃഷിക്കാരെ സംയോജിപ്പിച്ചുകൊണ്ടുള്ള 17 പാടശേഖര സമിതികളാണ് പഞ്ചായത്തിലുള്ളത്. ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കണം.

## പട്ടിക IV

| നമ്പർ | പാടശേഖര സമിതികൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | നമ്പർ | പാടശേഖര സമിതികൾ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1 | മേലേക്കളം-പുതുവല്ലി | 15 | 10 | പുന്നപ്പാടം | 25 |
| 2 | പയ്യനെടം | 66 | 11 | മോതിക്കൽ | 35 |
| 3 | മൊടവംകോട് | 31 | 12 | വള്ളുവമ്പുഴ | 56 |
| 4 | നെച്ചുള്ളി-വെള്ളപ്പാടം | 80 | 13 | കുളപ്പാടം | 55 |
| 5 | കാരാപ്പാടം-പുല്ലുന്നി | 50 | 14 | കുളപ്പാടം-കൊട്ടമുടി | 34 |
| 6 | അക്കിപ്പാടം | 18 | 15 | ആഴ്‌വാഞ്ചേരി | 39 |
| 7 | എടേരം-കമ്പംഞ്ഞോട് | 35 | 16 | കുറുഞ്ചാട് | 25 |
| 8 | മുണ്ടക്കോട് | 10 | 17 | വെണ്ടാകർശ്ശി | 104 |
| 9 | കോൽക്കളം | 40 | | | |

### കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാററം കൃഷിയോട് ആഭിമുഖ്യക്കുറവ് വരുത്തി. നിലം ഉടമയുടെ അധ്വാനം സ്വന്തം കൃഷിയിടത്തിൽ ചെലുത്തുന്നതിൽ നാം വളരെ പിന്നിലാണ്. ചെറുപ്പകാലം മുതല്ക്കു തന്നെ കാർഷിക വൃത്തിയിൽ പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തിയാൽ മാത്രമെ വരും തലമുറയെ കാർഷികാഭിമുഖ്യ മുള്ളവരാക്കി മാററുവാൻ കഴിയൂ. കൃഷിയുടെ പ്രാധാന്യം വിളിച്ചറിയിക്കുന്ന ഭാഗങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

ഇന്ന് നമ്മുടെ പഞ്ചായത്തില പുരുഷൻമാർക്ക് 75-80 രൂപയും സ്ത്രീ തൊഴിലാളിക്ക് 50-60 രൂപയുമാണ്. കൂലിനിരക്ക് സ്ത്രീ തൊഴിലാളിക്ക് അവരുടെ അദ്ധ്വാനം അർഹിക്കുന്ന കൂലി കിട്ടുന്നില്ല എന്ന പരാതിയുണ്ട്. പഞ്ചായത്തിൽ ഏകീകൃത കൂലി നിരക്ക് നിലവിലില്ല. അത് സാദ്ധ്യമാക്കേണ്ടതാണ്.

## പട്ടിക V

| കർഷകർ | കർഷക തൊഴിലാളികൾ |
|---|---|
| 840 | 3049 (കൂലിപ്പണിക്കാരുടെ എണ്ണം) |

അവലംബം:- സാമൂഹ്യ സാമ്പത്തിക സർവ്വെ

## കാർഷിക വായ്പ

കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിന് കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കും A D B മണ്ണാർക്കാടും രംഗത്തുണ്ട്. കൃഷി അഭിവൃദ്ധിപ്പെടുത്താൻ നൽകുന്ന വായ്പ കൃഷിക്ക് വിനിയോഗിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ കാർഷിക വായ്പാ പദ്ധതിയുടെ ഉദ്ദേശം വ്യാപകമായി അട്ടിമറിക്കപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് കർശനമായ നിയമ നിർവ്വഹണം ആവശ്യമാണ് ജനകീയ ഇടപെടലുകളും പാടശേഖര സമിതിയുടെയും കാർഷിക വികസന സമിതിയുടെയും ജാഗ്രതയോടെയുള്ള പ്രവർത്തനവും ഉണ്ടായേ മതിയാകൂ. നാളിതുവരെ നമ്മുടെ പഞ്ചായത്തിൽ നൽകിയ കാർഷിക വായ്പയുടെ തുക പട്ടിക-6ൽ കാണുക.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള കന്തിപ്പുഴയും പടിഞ്ഞാറ് ഭാഗത്തുള്ള അരിയൂർ തോടും രണ്ട് പ്രധാന ജലസേചനോപാധികളാണ്. ഇവയിലൂടെ ഒഴുകിപ്പോകുന്ന ജലസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

കഴിഞ്ഞ 5വർഷത്തെ മഴയുടെ അളവ് പട്ടിക VIIൽ കാണുക.

## പട്ടിക VI

| | |
|---|---|
| മണ്ണാർക്കാട് A D B | 56,88,142 രൂപ (259 പേർക്ക്) |
| കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 13,900000 രൂപ |

## പട്ടിക VII (മില്ലീമീറ്റർ നിരക്കിൽ)

| വർഷം | ജനവരി | ഫിബ്രവരി | മാച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1992 | ഇല്ല | ഇല്ല | ഇല്ല | 63 | 12.7 | 65.6 | 86 8 | 45.55 | 30 77 | 8.7 | 10.3 | ഇല്ല |
| 1993 | ഇല്ല | 2.7 | ഇല്ല | 0.9 | 16.4 | 28.5 | 35.2 | 18.6 | 1 9 | 24.8 | 19 | 0.5 |
| 1994 | 1.3 | 1 | 1.3 | 7.2 | 0.8 | 19.8 | 49.22 | 284.5 | 198 5 | 528.9 | 81 | ഇല്ല |
| 1995 | 11 | ഇല്ല | 62 | 228 | 505 | 798 | 446 | 245 | 279 | 230 | ഇല്ല | ഇല്ല |
| 1996 | ഇല്ല | ഇല്ല | 9 | 311 | 106 | 762 | 575 | 254.1 | 549 | 42 | — | — |

അവലംബം: റെയിൻ ഫാറം രജിസ്റ്റർ, ഫോറസ്റ്റ് ഓഫീസ് മണ്ണാർക്കാട്.

## തോടുകൾ

വള്ളവമ്പുഴ-കൂമ്പാറതോട്, ശാന്തിവായ്ക്കൽ തോട്, അരിയൂർതോട്, പുല്ലുന്നിതോട് തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന തോടുകൾ. ആദ്യകാലത്ത് കൃഷിയിടങ്ങളിൽ വെള്ളം നൽകിയിരുന്ന നിരവധി തോടുകൾ തൂർന്ന്പോകുകയോ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതുകൊണ്ട് പ്രയോജന രഹിതമാകുകയോ ചെയ്തിട്ടുണ്ട്. അത്തരം തോടുകൾ വില്ലേജ് മാപ്പുപയോഗിച്ച് കണ്ടെത്തുകയും പാടശേഖര സമിതികളുടെ സഹായത്തോടെ പ്രയോജനപ്പെടുത്തേണ്ടതുമാണ്.

## കുളങ്ങൾ

കാർഷികാവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന ഏതാണ്ട് 52-ഓളം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ ഭൂരിഭാഗവും വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല. പട്ടിക-VIII കാണിച്ചിരിക്കുന്ന കുളങ്ങളിൽ ഇപ്പോൾ പ്രയോജന രഹിതമായി കിടക്കുന്ന കുളങ്ങൾ ജനപങ്കാളിത്തത്തോടെ നന്നാക്കിയെടുക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. രണ്ടാം വിള പുഷ്ടിപ്പെടുത്തുന്നതിനും ചില സ്ഥലങ്ങളിലെങ്കിലും മൂന്നാം വിളയെടുക്കുന്നതിനും ഇതുകൊണ്ട് കഴിയും.

# പട്ടിക VIII

| വാർഡ് നമ്പർ | കുളങ്ങൾ |
| --- | --- |
| 1 | പറമ്പുള്ളിക്കുളം, പാട്ടത്തിൽ കുളം, അധികാരത്തിൽ കുളം, വട്ടാനപ്പള്ളി കുളം, കോൽക്കുളം കുളം, കാഞ്ഞിരത്തിങ്കൽ കുളം, പാണര്പടി കുളം, തെക്കുംപാടത്ത് കുളം |
| 2 | പൊട്ടൻപെരിഞ്ഞോടി കുളം, ആര്യ കുളം, പടിഞ്ഞാററി കുളം, പൊത്തിക്കോട് കുളം, പാലക്കണ്ണി കുളം, പാണ്ടൻ കുളം |
| 3 | പുല്ലറോട്ടികുളം, കാട്ടുകുളം, അയ്യപ്പൻകാവ് കുളം, കൊല്ലത്തുകുളം, ആരംകോട് കുളം, തൃക്കംപററകുളം, കന്തിപ്പാടം കുളം |
| 4 | അമ്പലക്കുളം, പുല്ലത്ത് കുളം, ആരംകോട് കുളം |
| 5 | പച്ചീരിക്കുളം, മേലേക്കുളം കുളം, പുതുവല്ലിക്കുളം |
| 6 | ആര്യേക്കി കുളം, കോഴിശ്ശേരിക്കുളം, പുളിക്കാടം കുളം |
| 7 | അരിമ്പ്രമണ്ണ് കുളം, കുന്നംകുളം, കോളശ്ശീരി കുളം, ആമ്പാടത്ത് കുളം |
| 8 | കല്ലൻ കുളം, പന്നിക്കുളം |
| 9 | വെള്ളപ്പാടം കുളം |
| 10 | അയിത്തക്കുളം, മുണ്ടക്കുളം, പറയൻകുളം, തച്ചൻകോട് കുളം |
| 11 | മുണ്ടയിൽ കുളം, പള്ളിക്കുളം, കളർമുണ്ട കുളം, വെട്ടരം കുളം |

### കൃഷിഭവൻ

പഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി 1987-ൽ നിലവിൽ വന്ന കൃഷിഭവന്റെ പ്രവർത്തനം തീർത്തും നിരാശാജനകമാണ്. സ്ഥിരമായി ഒരു കൃഷി ഓഫീസറും ആവശ്യാനുസരണം ജീവനക്കാരും ഇല്ല എന്നതാണ് പ്രധാന പ്രശ്നം. ഫീൽഡ്‌വർക്ക് പുനഃസ്ഥാപിക്കുന്നതിന് മതിയാവുന്നത്ര ജീവനക്കാരെ നിയമിച്ച് കിട്ടുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ തീരുമാനവും നടപടിയും വരേണ്ടിയിരിക്കുന്നു. 1989ൽ തീരുമാനിച്ച പ്രകാരം ഒരു കാർഷിക ബിരുദധാരിയുടെ നേതൃത്വത്തിൽ അതാത് പ്രദേശത്തെ വിശേഷതയും സാദ്ധ്യതകളും കണക്കിലെടുത്ത് കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്ന തത്വം ഇനിയും നടപ്പാക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. ഔദ്യോഗികമായിത്തന്നെ സമീപകാലത്ത് ആലോചന നടന്ന കാരാപ്പാടം ചെറുകിട ജലസേചന പദ്ധതി അനന്തമായി നീണ്ടുപോകുകയാണ്.

2. മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ രീതിയിൽ വള പ്രയോഗം നടത്താൻ കഴിയുന്നില്ല. ഇത് മണ്ണിന്റെ ഘടനയെ മാറ്റുന്നു. ജൈവ വളത്തിന്റെ ദൗർലഭ്യവും ഉൽപാദന ക്ഷമത കുറയുന്നതിനു കാരണമാകുന്നു.

3. നെൽകൃഷി സ്ഥലങ്ങൾ വാഴ, തെങ്ങ്, കവുങ്ങ് എന്നിവ കൃഷി ചെയ്യുന്നതിനുപയോഗിക്കുന്നു. ഉൽപാദന ചെലവിൽവന്ന വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത്, കാലവർഷക്കെടുതികൾ, ഉഴവുയന്ത്രങ്ങൾ വയലിലേക്ക് ഇറക്കുന്നതിനുള്ള അസൗകര്യങ്ങൾ തുടങ്ങിയവയൊക്കെ നെൽകൃഷി കുറയുന്നതിന് കാരണമാകുന്നു.

4. റബ്ബർ പ്രധാന കൃഷിയായി മാറിയിട്ടുണ്ടെങ്കിലും വിപണി സൗകര്യം കുറവാണ്. ചെറിയ റബ്ബർ കർഷകർ ചൂഷണത്തിന് വിധേയരാകുന്നു. ഉൽപാദനത്തിനും സംരക്ഷണത്തിനും ചെലവ് ഉയർന്നിട്ടുണ്ട്. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ സമീപത്തില്ല.

5. കുന്നിൻ ചരിവുകളിൽ മണ്ണൊലിപ്പ് പ്രശ്നങ്ങൾ.

6. നാളികേരത്തിന് നല്ല വില കിട്ടുന്നില്ല. ജലസേചന സൗകര്യങ്ങളുടെ കുറവും നല്ലയിനം തൈകൾ ലഭ്യമാകാത്തതും കർഷകരെ നിരുത്സാഹപ്പെടുത്തുന്നു

7. കൃഷിഭവൻ പ്രവർത്തനം തൃപ്തികരമല്ല. കൃഷിക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങളെപ്പറ്റി കൃഷിക്കാർക്ക് യഥാസമയം അറിയാൻ കഴിയുന്നില്ല. ചുവപ്പ്നാട, നടപടി ക്രമങ്ങളിലെ സങ്കീർണ്ണതകൾ ഇവയൊക്കെ പ്രശ്നങ്ങളായവശേഷിക്കുന്നു.

8. സംസ്ഥാനത്തിന്റെ തന്നെ മുഖ്യ പ്രശ്നമായ വൈദ്യുതി പ്രതിസന്ധി മററിടങ്ങളിലെപ്പോലെ തന്നെ കാർഷിക മേഖലയെ തളർത്തുന്ന ഘടകമാണ്.

9. ആവശ്യാധിഷ്ഠിതമല്ലാത്ത കാർഷിക പദ്ധതികൾ, കാർഷിക വിളകളെ ആക്രമിക്കുന്ന വന്യമൃഗങ്ങൾ, കൃഷി, റവന്യൂ, ജലസേചനം തുടങ്ങിയ വകുപ്പുകളുടെ ഏകോപനമില്ലായ്മ ഇവയെല്ലാം ഒരു പരിധിവരെ കാർഷിക പുരോഗതിക്ക് തടയിടുന്നു.

### നിർദ്ദേശങ്ങൾ

1. കന്തിപ്പുഴയിൽ കാരാപ്പാടം ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

2. അരിയൂർ തോടിന്റെ നിലവിലുള്ള രണ്ട് ക്രോസ് ബാറുകളും നവീകരിച്ച് ജലസേചന സൗകര്യം കൂട്ടുകയും പുരാതനമായുള്ള ചിറകളും കൈത്തോടുകളും ഉപയോഗപ്രദമാക്കുകയും ചെയ്യുക.

3. No 1 ക്രോസ് ബാറിന്റെ നശിച്ചുകൊണ്ടിരിക്കുന്ന കനാലുകൾ സർവ്വെ ചെയ്ത് കനാലിനോടനുബന്ധിച്ച് റോഡ് സൗകര്യവും കൂടി ഉണ്ടാക്കുക.

4. കന്തിപ്പുഴയിൽ നിന്നും ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ താഴെ പറയുന്നിടങ്ങളിൽ നടപ്പിലാക്കുക

(1) അയ്യപ്പൻകാവ് (2) കുന്നാറ

(3) മോതിക്കൽ (4) ഞെട്ടരക്കടവ്

(5) മൂന്നാംകുഴി (6) ഇടിഞ്ഞാടി

(7) അക്കിപ്പാടം

5. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ എത്തിക്കാനുള്ള സൗകര്യം ഏർപ്പാടാക്കുക.

6. ശാന്തിവെക്കൽ തോട്ടിൽ ക്രോസ്ബാർ പണിയുക.

7. വർഷകാലത്ത് കൃഷിനാശം തടയുന്നതിന് തോടുകളുടെ സൈഡ് കെട്ടുകയും പുതിയ തോടുകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുകയും ചെയ്യുക.

8. കുന്തിപ്പുഴയിൽ ജലം പമ്പുസെററുപയോഗിച്ച് പാടങ്ങളിലെത്തിക്കാൻ ഏർപ്പാടു ചെയ്യുക.

9. കൃഷിഭവനോടനുബന്ധിച്ച് മണ്ണ് പരിശോധനാകേന്ദ്രം തുടങ്ങുക, കൃഷിഭവന് സ്വന്തം കെട്ടിടം പണിയുക.

10. ISI നിലവാരമുള്ള കാർഷികോപകരണങ്ങൾക്ക് സബ്സിഡി നൽകുക.

11. കേര കർഷക സമിതി രൂപീകരിക്കുക.

12. ജൈവ വള പ്രയോഗം പ്രോൽസാഹിപ്പിക്കുക.

13. കർഷകപെൻഷൻ നടപ്പിലാക്കുക.

14. കൂട്ടകൃഷി സമ്പ്രദായം നടപ്പിലാക്കുക.

15. പാടശേഖര സമിതികളിൽ കർഷക തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുക.

16. സ്വകാര്യ വ്യക്തികൾ കയ്യടക്കിയ പൊതുകുളങ്ങളും പുറമ്പോക്കും തിരിച്ചു പിടിക്കുക.

17. കൃഷിയാവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുക.

## ഔഷധ സസ്യങ്ങൾ:

ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു അനുയോജ്യമായ കാലാവസ്ഥയും ജൈവ സാന്നിദ്ധ്യവും നമ്മുടെ പഞ്ചായത്തിലുണ്ട്. അത്തരം സാദ്ധ്യത പ്രയോജനപ്പെടുത്തണം.

## പച്ചക്കറി ഉൽപ്പാദനം:

ജനങ്ങൾ ഉപയോഗിക്കുന്ന പച്ചക്കറിയുടെ ഗണ്യമായ ശതമാനം വിലകൊടുത്ത് വാങ്ങുന്നതായി സാമൂഹ്യ സാമ്പത്തിക സർവ്വെ-96ന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

ആഴ്ചയിൽ വിലകൊടുത്ത് വാങ്ങി ഉപയോഗിക്കുന്ന പച്ചക്കറിയുടെ (ഭാരം കിലോഗ്രാമിൽ) അളവ് പട്ടിക-IXൽ കാണുക.

### പട്ടിക IX

| വാർഡ് നമ്പർ | പച്ചക്കറി അളവ് (Kg) | വാർഡ് നമ്പർ | പച്ചക്കറി അളവ് (Kg) |
|---|---|---|---|
| 1 | 1125 | 7 | 910 |
| 2 | 896 | 8 | 1486 |
| 3 | 1771 | 9 | 1230 |
| 4 | 675 | 10 | 1730 |
| 5 | 1525 | 11 | 1686 |
| 6 | 1008 | | |

ഒരു സമഗ്ര പച്ചക്കറികൃഷി നടപ്പിലാക്കുന്നതിനു് എല്ലാ വിഭവശേഷിയും നമുക്കുണ്ട്. ഇതിന

കം പ്രസിദ്ധമായ കഞ്ഞിക്കുഴി പഞ്ചായത്ത് സമഗ്ര പച്ചക്കറികൃഷി പദ്ധതിയിലെ നമുക്ക് അനുയോജ്യമായ നിർദ്ദേശങ്ങൾ പരിഗണിച്ച് ഒരു ജനകീയ പച്ചക്കറികൃഷി പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. സർക്കാർവക തരിശുഭൂമി സന്നദ്ധ സംഘടനകൾക്ക് പച്ചക്കറികൃഷിക്ക് വിട്ടുകൊടുക്കാവുന്നതാണ്.

## വിള ഇൻഷ്വറൻസ്:

കൃഷി സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം.

## വിപണന കേന്ദ്രങ്ങൾ

റബ്ബർ, തേങ്ങ, പച്ചക്കറി, നെല്ല്, മററ് ധാന്യവിളകൾ എന്നിവ വിപണനം ചെയ്യുന്നതിന് സഹകരണ ബാങ്കുകളുടെ സഹായത്തോടെ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.

## നഴ്സറി

നല്ലയിനം തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികൾ വിവിധ മേഖലയിൽ ആരംഭിക്കുന്നതിന് സാങ്കേതിക ഉപദേശവും ധനസഹായവും നൽകി തൈ ഉത്പാദനം ആരംഭിക്കണം.

## കാർഷിക ക്ലബ്ബുകൾ

സ്കൂളുകൾ, സന്നദ്ധ സംഘടനകൾ ഇവ കേന്ദ്രീകരിച്ച് കാർഷിക ക്ലബ്ബുകൾക്ക് രൂപം നൽകുന്നത് നന്നായിരിക്കും. ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ താൽപര്യമുള്ള കുട്ടികളുടെ ഒരു സംഘം രൂപീകരിച്ച് സ്കൂൾ പറമ്പിലെ ഒരു ഭാഗത്ത് പച്ചക്കറി, സസ്യകൃഷി ഇവ നടത്താവുന്നതാണ്.

## സീഡ് ബാങ്ക്

പഴയ കാല നാടൻ വിത്തുകൾ സംരക്ഷിക്കുന്നതിനും അവ കർഷകർക്ക് വിതരണം ചെയ്യുന്നതിനും ഒരു വിത്ത് ബാങ്കിന് രൂപം നൽകേണ്ടതാണ്. ആദ്യകാല ഇടവിളകളുടെ വിത്ത്, പച്ചക്കറി വിത്ത് ഇവയും ഇവിടെ ശേഖരിക്കാവുന്നതാണ്.

# മൃഗസംരക്ഷണം-മത്സ്യബന്ധനം

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. എന്നാൽ വളരെ പരിമിതമായ തോതിൽ ഉഴവുകാളകളും വണ്ടിക്കാളകളും ഉപയോഗത്തിലിരിക്കുന്നു. ഉഴവുന്നതിന് നാമമാത്രമായി പോത്തുകളെയും ഉപയോഗിക്കുന്നു. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ചെറിയ തോതിൽ താറാവുകളേയും വളർത്തുന്നു. ഈ പഞ്ചായത്തിൽ നിലവിൽ 827 പശുക്കളും, 1259 ആടുകളും, 37 കാളകളും, 56 എരുമകളും 82 പോത്തുകളുമുണ്ട്. കാളകളെ ഉഴവുന്നിതിനും വണ്ടി വലിക്കുന്നതിനുമുപയോഗിക്കുന്നു. പോത്തുകളെയും ഇതേ ആവശ്യത്തിനുപയോഗിക്കുന്നു. കൂടാതെ ഇവിടെ 200ഓളം മുയലുകളെയും വളർത്തുന്നുണ്ട്. 80% വീടുകളിലും കോഴികളെ വളർത്തിവരുന്നു.

നെൽകൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതും തരിശുഭൂമി ഇല്ലാതെയായതും കാർഷിക രംഗത്തെ ആധുനിക യന്ത്രവൽക്കരണവും വളർത്തുമൃഗങ്ങളുടെ, പ്രധാനമായും പോത്തുകൾ, കാളകൾ എന്നിവയുടെ എണ്ണം കുറയാൻ കാരണമായി. കോഴികളുടെ എണ്ണത്തിലും ഗണ്യമായ കുറവ് ഉണ്ട്. ഗതാഗത സൗകര്യം വർദ്ധിച്ചതിനാൽ വണ്ടിക്കാളകളുടെ എണ്ണം പരിമിതമായി.

1996ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം പ്രതിദിനം 4591 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന പാലിന് ന്യായമായ വില ലഭ്യമാക്കി വിപണനം ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഇല്ലാത്തതും, വൈക്കോൽ, പുല്ല്, കാലിത്തീറ്റ എന്നിവയുടെ ലഭ്യതക്കുറവ്, യഥാസമയം വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനുള്ള അസൗകര്യം, ഇതുമൂലമുള്ള സാമ്പത്തിക നഷ്ടം എന്നിവ കാലിവളർത്തൽ, കർഷകർക്ക് അനാകർഷകമാക്കിക്കൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ രണ്ട് ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും വെള്ളപ്പാടം സംഘം മാത്രമെ പ്രവർത്തിക്കുന്നുള്ളു. അതുകൊണ്ട് അവിടെ മാത്രമെ പാൽ സംഭരണം നടത്തുന്നുള്ളു.

പഞ്ചായത്തിൽ സമീപ കാലത്ത് (31-8-96) ഒരു മൃഗാസ്പത്രി സ്ഥാപിതമായെങ്കിലും പ്രധാനപ്പെട്ട ജീവനക്കാരോ മററു സൗകര്യങ്ങളോ തീരെ ലഭ്യമല്ല 31-3-90ൽ ഒരു I. C D. P സബ് സെൻറർ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിലെ പ്രധാന പ്രദേശങ്ങളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ഇതപര്യാപ്തമാണ്. മൃഗചികിത്സാ കേന്ദ്രങ്ങളിൽനിന്നും യഥാസമയം ചികിത്സ ലഭിക്കാത്തതുകൊണ്ട് കാലിനാശനഷ്ടം സംഭവിക്കുന്നു. ഈ പഞ്ചായത്തിലെ 8, 2, 3 എന്നീ വാർഡുകളിൽ അടിയന്തിരമായി ചികിത്സ തുടങ്ങുവാൻ വേണ്ട നടപടികൾ ആരംഭിക്കേണ്ടതാണ്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (സീസൺ സമയത്ത് മാത്രം) വയറിളക്കം എന്നിവയാണ്. അകിടുവീക്കം കർഷകരെ സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നമാണ്. രോഗപ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം നടത്താത്തതും, ശുചിത്വത്തെ സംബന്ധിച്ചുള്ള കർഷകരുടെ അജ്ഞതയും രോഗം തുടക്കത്തിലേ ചികിത്സിച്ച് മാററുന്നതിന് തടസ്സമാകുന്നു.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ പങ്ക് നിറവേററാൻ കാലിവളർത്തലിലൂടെ കഴിയുമായിരുന്നു (പ്രധാനമായും നെൽകൃഷി) നെൽകൃഷിയേക്കാൾ ലാഭകരമായ മററു കൃഷികൾ (പ്രധാനമായും നേന്ത്രവാഴ) വന്നതോടെ കാലി വളർത്തലിൽ താൽപ്പര്യം കുറഞ്ഞു.

ഇറച്ചിക്കോഴി വളർത്തലിലെ വൻ പുരോഗതിയും പുറത്തുനിന്നും (പ്രധാനമായും തമിഴ്നാട്) ഉള്ള വൻ ഇറക്കുമതിയും നാടൻ കോഴിവളർത്തൽ വളരെ പരിമിതപ്പെടുത്തിയിട്ടുണ്ട്. കോഴിവളർത്തലിന് (മുട്ടക്കോഴി, ഇറച്ചിക്കോഴി) വളരെയേറെ സാദ്ധ്യതകളുണ്ട്. വിപണനത്തിന് സഹകരണ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ ഇടത്തട്ടുകാരെ ഒഴിവാക്കി ലാഭകരമാക്കാവുന്നതാണ്.

കൗതുകത്തിന് വേണ്ടി മുയലുകൾ വളർത്തുന്ന വീടുകൾ ഉണ്ട്. ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നത് കുറവാണ്. സങ്കരയിനം മുയലുകളെ വളർത്തുകയാണെങ്കിൽ കൃഷി ലാഭകരമാക്കാവുന്നതാണ്. പ്രത്യുൽപ്പാദന നിരക്ക് കൂടുതലായതുകൊണ്ടും ഇറച്ചി ആവശ്യത്തിനും അതിന്റെ തുകൽ തുകലുൽപ്പന്നങ്ങൾ നിർമ്മിക്കാനുപയോഗിക്കാമെന്നതുകൊണ്ടും മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്

### പ്രധാന പ്രശ്നങ്ങൾ:-

(i) പുല്ല് വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.

(ii) ഖരാഹാരമായ കാലിതീററയുടെ അമിതമായ വില വർദ്ധനവ്.

(iii) മൃഗചികിൽസ, കൃത്രിമ ബീജസങ്കലനം എന്നിവയുടെ അപര്യാപ്തത.

(iv) കോഴിവസന്ത കോഴിവസൂരി എന്നീ രോഗങ്ങൾ തടയാൻ ഫലപ്രദമായ സംവിധാനം നിലവിൽ ഇല്ല.

(v) ക്ഷീര വിപണന സാദ്ധ്യതകൾ കുറവ്.

(vi) കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.

(vii) പേപ്പട്ടി ശല്യം.

(viii) മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.

### സാദ്ധ്യതകൾ:-

(i) ഈ പഞ്ചായത്തിൽ നിലവിലുള്ളത് വെള്ളപ്പാടം ക്ഷീരോല്പാദന സഹകരണ സംഘം മാത്രമാണ്. ഇതിന്റെ പ്രവർത്തന പരിധിയാകട്ടെ 8, 9, 10 എന്നീ വാർഡുകൾ മാത്രവും. ഓരോ വാർഡിലും ഒരെണ്ണം അല്ലെങ്കിൽ രണ്ട് വാർഡുകൾക്കായി ഒരെണ്ണം എന്ന തോതിലെങ്കിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

(ii) ക്ഷീരോല്പാദക സഹകരണ സംഘം അംഗങ്ങൾക്ക് ലാഭകരമായ പശുവളർത്തൽ രീതിയെക്കുറിച്ചും, രോഗപ്രതിരോധമാർഗ്ഗങ്ങൾ, പ്രധാന സാംക്രമിക രോഗങ്ങൾ എന്നിവയെക്കുറിച്ചും മററു വിവിധ വിഷയങ്ങളെക്കുറിച്ചും മാസത്തിൽ ഒരു തവണയെങ്കിലും വിദഗ്ധരുടെ പഠന ക്ലാസ്സുകൾ നടത്തുക.

(iii) സഹകരണ സംഘം (പാൽ സൊസൈററി) മുഖേന പുല്ല്, പയർ, ചോളം എന്നിവയുടെ വിത്തും വളവും സൗജന്യമായി യഥാസമയം നൽകി കൃഷി രീതിയെപ്പററി പഠിപ്പിക്കുക.

(iv) മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് നിലവിൽ ഉള്ള മൃഗാസ്പത്രിയിൽ ആവശ്യമായ ജീവനക്കാരെ സ്ഥിരമായി നിയമനം നടത്തുക. 8, 2, 3 എന്നീ വാർഡുകളിൽ ഓരോ സബ്സെൻററുകൾ സ്ഥാപിക്കുക.

(v) കാലിത്തീററ, പാൽ ഉൽപാദക അംഗങ്ങൾക്ക് സംഘം മുഖേന സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക,

(vi) ഈ പഞ്ചായത്തിൻ ഒരു 'ഹാച്ചറി' സ്ഥാപിച്ച് മുട്ട, ഇറച്ചികോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. മുട്ട, ഇറച്ചിക്കോഴി എന്നിവ വിതരണത്തിന് ഇടത്തട്ടുകാരെ ഒഴിവാക്കി പഞ്ചായത്തു പ്രദേശം മുഴുവൻ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയ സഹകരണ സംഘം സ്ഥാപിക്കുക.

(vii) താലൂക്ക് ആസ്ഥാനത്തുള്ള V P C (വെററിനററി പോളിക്ലിനിക്) 24മണിക്കൂറും സേവനം ലഭ്യമാകത്തക്ക രീതിയിൽ പ്രവർത്തനം ക്രമീകരിക്കുക.

(viii) V P Cയിൽ ഉണ്ടായിരുന്ന 'മൊബൈൽ' യൂണിററ് പ്രവർത്തനം ആരംഭിക്കുക.

(ix) പശു പരിപാലനം, കോഴി വളർത്തൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി

സാമ്പത്തിക സഹായം നൽകി വിവിധ കേന്ദ്രങ്ങളിൽ പാന സൗകര്യത്തിനുവിടുക.

(x) കാലിത്തീററ സംസ്ഥാന യൂണിററ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

(xi) അത്യൽപാദനശേഷിയുള്ള മുയൽ, പന്നി എന്നിവ വളർത്തുന്നതിന് സബ്സിഡി നിരക്കിൽ അവയെ കർഷകർക്ക് വിതരണം ചെയ്യുക.

(Xii) അത്യല്പാദന ശേഷിയുള്ള പശുക്കളെയും, കാലിത്തീററ, കാലിത്തൊഴുത്ത് എന്നിവയെയും സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം നടത്തുക.

(Xiii) പേപ്പട്ടിശല്യം തടയുന്നതിന് അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം. കൂടാതെ വളർത്തു നായ്ക്കൾക്ക് പേവിഷബാധക്കെതിരെയുള്ള വാക്സിനേഷൻ നിർബ്ബന്ധമായി എടുപ്പിക്കുകയും ഉടമസ്ഥർക്ക് ലൈസൻസ് നൽകുകയും വേണം.

### മത്സ്യബന്ധനം

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ കിഴക്കുഭാഗം 6കി. മീ നീളത്തിൽ കുന്തിപ്പുഴയാണ്. 5 തോടുകൾ ഈ പുഴയിൽ ചേരുന്നുണ്ട്. തോടുകൾക്ക് മൊത്തം 10കി. മീ നീളമുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ 50ഓളം കുളങ്ങളുണ്ട്.

മത്സ്യബന്ധനം സ്ഥിരം തൊഴിലായി സ്വീകരിച്ചവർ ഇല്ലെന്നു തന്നെ പറയാം. പുഴയോര മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ടവർ ഉണ്ട്. അവരും മററു തൊഴിലുകളില്ലാത്തപ്പോൾ മാത്രമെ മത്സ്യബന്ധനത്തിന് തുനിയാറുള്ളു.

പുഴയിൽ നിന്നും പൂഴാൻ, കണ്ണൻ, കററല തുടങ്ങിയ മത്സ്യങ്ങൾ ലഭിക്കുന്നു. കുളങ്ങളിൽ വേനൽകാലത്തുമാത്രം കാര്യമായി മത്സ്യബന്ധനം നടത്തുന്നു.

### പ്രധാന പ്രശ്നങ്ങൾ

(i) നിലവിൽ പഞ്ചായത്തിലുള്ള കുളങ്ങൾ മൽസ്യകൃഷിക്ക് അനുയോജ്യമല്ലാത്ത രീതിയിലുള്ളവയായിരിക്കുന്നു.

(ii) പുഴയിൽ മീൻപിടിക്കുന്നതിനായി സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു.

(iii) പുഴയിൽ വേനല്ക്കാലത്ത് വിഷവസ്തുക്കൾ കലക്കി മീൻപിടിക്കുന്നത് ജലം മലിനമാക്കുന്നു.

(iv) മത്സ്യരോഗങ്ങളുടെ കടന്നാക്രമണം കാരണം പുഴയിലും കുളങ്ങളിലും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തടിയുന്നു.

### സാദ്ധ്യതകൾ:

1. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളെ മത്സ്യകൃഷിക്ക് അനുയോജ്യമാക്കത്തക്ക രീതിയിൽ പുനർനിർമ്മാണം നടത്തുക.

2. മത്സ്യം വളർത്താൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി സബ്സിഡി അനുവദിച്ച് മത്സ്യം വളർത്താൻ പ്രോത്സാഹിപ്പിക്കുക.

3. സ്വന്തമായി മത്സ്യം വളർത്താൻ സൗകര്യമുള്ള കുളങ്ങളുടെ ഉടമസ്ഥരെ കണ്ടെത്തി അവർക്കതിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

4. മത്സ്യം വളർത്താൻ താൽപ്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

5. പഞ്ചായത്തിൽ മൽസ്യ മാർക്കററ് തുടങ്ങുക.

6. പുഴയിൽ അനധികൃതമായും ക്രൂരമായും നടക്കുന്ന സ്ഫോടക വസ്തുക്കൾ, വിഷവസ്തുക്കൾ എന്നിവയുപയോഗിച്ചുള്ള മൽസ്യ ബന്ധനം തടയാൻവേണ്ട നിയമ നടപടികൾ സ്വീകരിക്കുക.

7. മത്സ്യം വളർത്തലിനെ സംബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ശാസ്ത്രീയമായ രീതിയിൽ പഠിപ്പിക്കുന്നതിനു ഒരു പഠന പര്യടനം നടത്തുക.

8. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുളങ്ങൾ ഉള്ളതുകൊണ്ട് ഓരോ വാർഡിലും ഒരു കുളത്തിലെങ്കിലും മത്സ്യകൃഷി നടത്താൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. മത്സ്യരോഗങ്ങൾ തടയാൻവേണ്ട നടപടികൾ സ്വീകരിക്കുക.

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മററ് സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് മുന്നിൽ നിൽക്കുന്ന പഞ്ചായത്ത് എന്ന നിലയിലും കേരളത്തിൽ പൊതുവെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തകർച്ച ഏററവും വ്യക്തമായി കാണാവുന്ന പഞ്ചായത്ത് എന്ന നിലയിലും കുമരംപുത്തൂരിന്റെ വിദ്യാഭ്യാസ രംഗം സമഗ്രമായ പരിശോധന അർഹിക്കുന്നുണ്ട്.

## ചരിത്രം

ഒരു നൂററാണ്ടിനുമുമ്പ് സ്ഥാപിതമായതെന്ന് കരുതപ്പെടുന്ന ഇപ്പോഴത്തെ ജി. എൽ. പി. എസ്. (കുമരംപുത്തൂർ) ഉം, 1912ൽ വാളിയാടി കുടുംബത്തിന്റെ മുൻകൈയ്യിൽ ചുടലക്കുന്നിൽ (പള്ളിക്കുന്ന്) സ്ഥാപിക്കപ്പെട്ട ഇപ്പോഴത്തെ ജി. എം. എൽ. പി. എസ്. (കുമരംപുത്തൂർ) ഉം ആണ് ഈ പഞ്ചായത്തിലെ ആദ്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് സർവ്വശ്രീ ചെറുകര രക്കപ്പൻ നായർ, ഹസ്സൻ മാസ്ററർ, മമ്മു മാസ്റ്റർ, ഐദ്രുമാസ്റ്റർ, കുഞ്ഞിമൊയ്തീൻ മാസ്റ്റർ, മഠത്തിൽ ശങ്കരൻനായർ, അപ്പുകുഞ്ഞൻ മാസ്ററർ തുടങ്ങിയവർ ഈ വിദ്യാലയങ്ങളിലെ ആദ്യകാല അദ്ധ്യാപകരാണ്. തുടർന്ന് 1930ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വരികയും നിലവിലുള്ള സ്കൂളുകൾ ബോർഡ് ഏറെറടുക്കുകയും പഞ്ചായത്തിന്റെ പല ഭാഗത്തും ഗേൾസ് സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. ഈ സ്കൂളുകളിൽനിന്ന് വിദ്യാഭ്യാസം നേടിയ സ്ത്രീകളടക്കമുള്ള ഒരു തലമുറ ഇന്നും ജീവിച്ചിരിക്കുന്നു.

സ്വകാര്യമേഖലയിലും ഗവണ്മെൻറ് മേഖലയിലും ആയി 8 വിദ്യാലയങ്ങൾ പിന്നീട് സ്ഥാപിക്കപ്പെട്ടു. 1968ലാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കല്ലടി ഹൈസ്കൂൾ സ്ഥാപിതമാവുന്നത്. അതിനുമുമ്പ് ഈ പ്രദേശത്തുകാർ സെക്കൻററി വിദ്യാഭ്യാസത്തിന് പ്രധാനമായും ആശ്രയിച്ചിരുന്നത് മണ്ണാർക്കാട് K. T. M. ഹൈസ്കൂളിനെയായിരുന്നു.

1967_ൽ M. E. S. കല്ലടി കോളേജ് സ്ഥാപിക്കപ്പെടുന്നതോടെ ഈ പഞ്ചായത്തിനും ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് വാതിൽ തുറന്ന് കിട്ടുകയായിരുന്നു.

നിലവിൽ 4 സർക്കാർ സ്ഥാപനങ്ങളും 6 സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളും ഉൾപ്പടെ 10 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അൺ എയ്ഡഡ് സ്ഥാപനങ്ങളൊന്നും പഞ്ചായത്ത് അതിർത്തിയിലില്ല. പ്രീ_പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളോ അംഗൻവാടി കൂടാതെയുള്ള നഴ്സറികളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും എണ്ണം പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

# പട്ടിക 1

| നമ്പർ | സ്കൂൾ | മാനേജ്മെൻറ് | വിദ്യാത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | നിലവിലുള്ളത് | ഒഴിഞ്ഞു കിടക്കുന്നത് | ആകെ |
| 1 | G U P S നെച്ചുള്ളി | ഗവൺമെൻറ് | 274 | 276 | 550 | 9 | 8 | 17 |
| 2 | G L P S കമരംപുത്തൂർ | ,, | 210 | 168 | 378 | 11 | — | 11 |
| 3 | G L P S പയ്യനെടം | ,, | 164 | 189 | 353 | 8 | 1 | 9 |
| 4 | G M L P S കമരംപുത്തൂർ | ,, | 272 | 231 | 503 | 13 | — | 13 |
| 5 | A L P S കാരാപ്പാടം | എയിഡഡ് | 158 | 168 | 326 | 11 | — | 11 |
| 6 | A L P S കല്ലപ്പാടം | ,, | 80 | 78 | 158 | 6 | — | 6 |
| 7 | A U P S ചങ്ങലീരി | ,, | 709 | 661 | 1370 | 39 | — | 39 |
| 8 | A U P S കമരംപുത്തൂർ | ,, | 409 | 433 | 842 | 26 | — | 26 |
| 9 | A U P S പയ്യനെടം | ,, | 407 | 345 | 752 | 25 | — | 25 |
| 10 | കല്ലടി H S | ,, | 1132 | 1195 | 2327 | 77 | — | 77 |
| | | ആകെ | 3815 | 3744 | 7549 | 213 | 9 | 222 |

ആകെ വിദ്യാത്ഥികളിൽ 5775 പേർ സ്വകാര്യ വിദ്യാലയങ്ങളിലും 1784പേർ സർക്കാർ വിദ്യാലയങ്ങളിലുമാണ്. പഞ്ചായത്തിൽ അൺ എയ്ഡഡ് സ്കൂൾ ഇല്ലെങ്കിലും പഞ്ചായത്തിലെ വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളിലെ അൺ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യായനം നടത്തുന്നുണ്ട്.

## വിദ്യാഭ്യാസ യോഗ്യതാ പട്ടിക – കുമരംപുത്തൂർ പഞ്ചായത്ത്

| നിരക്ഷരർ | പ്രാഥമികം | SSLC | ബിരുദം | PG | പ്രൊഫഷണൽ | സാങ്കേതികം |
|---|---|---|---|---|---|---|
| 1945 | 10284 | 3112 | 347 | 81 | 114 | 64 |

അവലംബം:– സാമൂഹ്യ സാമ്പത്തിക സർവ്വേ

### പ്രശ്നങ്ങൾ

**ഭൗതികം:–**

1. മോതിക്കൽ, കല്ലപ്പാടം, അരിയൂർ തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ രണ്ട് കിലോമീറററോളം നടന്നാണ് പ്രൈമറി സ്ക്കൂളിൽ എത്തുന്നത്.

2. പഞ്ചായത്തിൽ നിലവിൽ ഒരേയൊരു ഹൈസ്കൂൾ മാത്രമേയുള്ളൂ. ഇത് ആ സ്ക്കൂളിൽ വിദ്യാർത്ഥികളുടെ വൻ തിരക്കിനും പയ്യനെടം, ചങ്ങലേരി പ്രദേശങ്ങളിൽനിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടിനും കാരണമാവുന്നു.

3. GUPS നെച്ചുള്ളി, GLPS കുമരംപുത്തൂർ, GUPS പയ്യനെടം എന്നീ വിദ്യാലയങ്ങളിൽ കെട്ടിട സൗകര്യം പരിമിതമാണ്. GUPS നെച്ചുള്ളിയിൽ അദ്ധ്യാപകരുടെ നിരവധി തസ്തികകളിൽ സ്ഥിര നിയമനം നടന്നിട്ടില്ല.

4. ഭൂരിപക്ഷം വിദ്യാലയങ്ങളിലും സ്വന്തമായി കിണർ ഉണ്ടെങ്കിലും കുട്ടികൾക്ക് സൗകര്യമായി ഉപയോഗിക്കാൻ കഴിയും വിധം പൈപ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. നാല് വിദ്യാലയങ്ങളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. മററ് പ്രാഥമിക സൗകര്യങ്ങൾ വളരെ മോശമായ വിദ്യാലയങ്ങളുമുണ്ട്.

### നിർദ്ദേശങ്ങൾ

1. മോതിക്കൽ, കല്ലപ്പാടം, മൈലാമ്പാടം, വേണ്ടാംകുർശ്ശി, മുണ്ടക്കോട്, അരിയൂർ എന്നീ പ്രദേശങ്ങളിൽ പുതിയ LP സ്കൂളുകൾ മുൻഗണനാക്രമം നിശ്ചയിച്ച് ആരംഭിക്കണം. കാരാപ്പാടം ALPS, കുമരംപുത്തൂർ GLPS എന്നിവ UP ആയി അപ്ഗ്രേഡ് ചെയ്യണം. നെച്ചുള്ളി GUPS അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുകയും ചങ്ങലേരിയിൽ പഞ്ചായത്ത് ഹൈസ്കൂൾ ആരംഭിക്കുകയും വേണം.

2. എല്ലാ സ്കൂളുകളിലും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ പൂർത്തീകരിക്കാൻ അടിയന്തിരമായി കർമ്മപദ്ധതി തയ്യാറാക്കണം.

3. പഞ്ചായത്തിൽ ഒരു കോ-ഓപ്പറേററീവ് കോളേജിന്റെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും സാദ്ധ്യത പരിശോധിക്കണം.

4. പ്രധാന റോഡുകൾക്കരികിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിലെ (ഉദാ: AUPS കുമരംപുത്തൂർ) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നത്തിന് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വാഹന ജീവനക്കാർക്കും സ്വീകാര്യമായ പരിഹാരം കണ്ടെത്തണം.

### അക്കാഡമിക് രംഗം

വ്യക്തമായ അടിസ്ഥാന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മമായ ശ്രദ്ധയോടെയും ഉയർന്ന ബോധത്തോടെയും ഇടപെടേണ്ട രംഗമാണ് അക്കാഡമിക് കാര്യങ്ങൾ.

കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥയെ തിരുത്താൻശ്രമിച്ച മഹദ്‌വ്യക്തികളുടെയും

പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി കേരളം വിദ്യാഭ്യാസ വ്യാപനരംഗത്ത് ആർജിച്ച മുന്നേററത്തെപ്പററി നമുക്ക് തീർച്ചയായും അഭിമാനിക്കാവുന്നതാണ്. എന്നാൽ നമ്മുടെ വിദ്യാഭ്യാസ നിലവാരത്തിൽ വന്നുകൊണ്ടിരിക്കുന്ന തകർച്ച ഇപ്പോൾ അഖിലേന്ത്യാതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇത് മറികടക്കാനുള്ള അടിയന്തിര ശ്രമങ്ങൾ ഏററവും താഴെതട്ടിൽ നിന്നുതന്നെ ആരംഭിക്കണം. ഇതിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഇടപെടാവുന്ന രീതികൾ ഇപ്പോൾ പലയിടത്തും പരീക്ഷിക്കപ്പെടുന്നുണ്ട്. ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന ചർച്ചയുടെ ഭാഗമായാണ് ഈ നിർദ്ദേശം വെക്കുന്നത്.

## സമഗ്ര വിദ്യാഭ്യാസ പരിപാടി

വിദ്യാഭ്യാസത്തിൻെറ ഭൗതിക-അക്കാഡമിക രംഗങ്ങളിൽ ഇതുവരെ നടപ്പാക്കിക്കൊണ്ടിരുന്ന എല്ലാ പദ്ധതികളുടേയും പ്രശ്നം അവയിലെ ജനകീയ പങ്കാളിത്തത്തിൻെറ അഭാവം തന്നെയാണ്. ഇത് പരിഹരിക്കാൻ കഴിയുംവിധം അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും രക്ഷിതാക്കളെയും ഉദ്യോഗസ്ഥരെയും, ജനപ്രതിനിധികളെയും മററു വിദ്യാഭ്യാസ പ്രവർത്തകരേയും ഒരുമിച്ച് കൊണ്ടുവരുന്ന ഒരു വേദിക്ക് ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപം നൽകുകയാണ് ആദ്യപടി. ഇതിനെ പഞ്ചായത്ത് വിദ്യാഭ്യാസ സംഘാടക സമിതി എന്നോ സ്ക്കൂൾ കോംപ്ലക്സ് സമിതി എന്നോ വിളിക്കാം. ഇതിൽനിന്ന് ഒരു അക്കാഡമിക് സമിതിക്കും രൂപം കൊടുക്കാം. ഇതേ ഘടനയിൽ ഓരോ വിദ്യാലയവും കേന്ദ്രമാക്കിയും സമിതികൾ രൂപീകരിക്കണം. ഓരോ സ്കൂളിൻേറയും ഭൗതികവും അക്കാഡമികവുമായ എല്ലാ കാര്യങ്ങളും ഈ സമിതികളുടെ മേൽനോട്ടത്തിലായിരിക്കണം.

താഴെ പറയുന്നവ ഈ സമിതികൾക്ക് ഏറെറടുക്കാവുന്ന ചില പ്രവർത്തനങ്ങളാണ്.

1. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.
2. നിർദ്ധന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം.
3. വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരതാ നിർമ്മാർജ്ജനം.
4. അദ്ധ്യാപക പുനഃപരിശീലനം.
5. അക്കാഡമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. (ലൈബ്രറി, ലാബ് etc.)
6. P T A മെച്ചപ്പെടുത്തൽ, അദ്ധ്യാപക-രക്ഷിതാ ബന്ധം ശക്തമാക്കൽ.
7. മാതൃ സംഗമങ്ങൾ ഫലപ്രദമാക്കൽ.
8. വിവിധ വിദ്യാലയങ്ങളിലെ മത്സരങ്ങളുടെ ഏകോപനം.
9. ദിനാചരണങ്ങൾ, അവാർഡുകൾ നൽകൽ.
10. വിദഗ്ദ്ധരെ പങ്കെടുപ്പിക്കുന്ന സെമിനാറുകൾ.

എല്ലാത്തിലുമുപരി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ കാര്യത്തിലും സുതാര്യത നിലനിർത്താൻ കഴിയും.

1997-98 അദ്ധ്യയനവർഷത്തിൽ തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതരത്തിൽ 97 ജനുവരിയിൽതന്നെ മുന്നൊരുക്കങ്ങളും വിവര ശേഖരണവും ആരംഭിക്കുകയും വിദ്യാഭ്യാസസമിതി രജിസ്ററർ ചെയ്യുകയും വേണം. തുടർന്ന് വിദ്യാലയ സമിതികളും.

അക്കാഡമിക രംഗത്ത് വന്ന മററ് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ L P സ്ക്കൂളുകളോടുമനുബന്ധിച്ച് പ്രീ-പ്രൈമറികൾ ആരംഭിക്കണം. യോഗ്യരായ അംഗൻവാടി വർക്കർമാർക്ക് പ്രീ- പ്രൈമറി ട്രെയിനിംഗ് നൽകണം.

2. എല്ലാ വിദ്യാലയങ്ങളിലും വർഷാരംഭത്തിൽതന്നെ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നത് പഞ്ചായത്ത് മേൽനോട്ടം വഹിക്കണം.

3. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ ആചാരങ്ങളോ വിഭാഗീയമായ അഭിപ്രായ പ്രകടനങ്ങളോ വരുന്നത് നിരുത്സാഹപ്പെടുത്തണം.

4. ഏറെ ഗൗരവമുള്ള ഇലക്ഷൻ ഡ്യൂട്ടിയും മററും ഒഴികെ മററ് സേവനങ്ങൾക്ക് അദ്ധ്യാപകരെ അയക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കും. ഇത് തടയണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്താതെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുകയില്ല. സാംക്രമിക രോഗങ്ങളിലധികവും ജലജന്യമാണ്. പഞ്ചായത്തിൽ 1995-96 വർഷത്തിൽ 61 പേർക്ക് ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ സുരക്ഷിതമായ കുടിവെള്ളം മുഴുവൻപേർക്കും ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. വേനൽക്കാലത്ത് വളരെ ദൂരം സഞ്ചരിച്ച് വെള്ളം ശേഖരിക്കേണ്ട സാഹചര്യവും ഉണ്ട്. കേരളാ വാട്ടർ അതോരിട്ടിയുടെ ജലവിതരണ പദ്ധതി പഞ്ചായത്തിലുണ്ടെങ്കിലും അതിന്റെ പ്രയോജനം തീർത്തും പരിമിതമാണ്. വട്ടമ്പലത്ത് സ്ഥാപിച്ചിട്ടുള്ള സംഭരണശേഷി തുലോം കുറവായ ഒരു ടാങ്കിൽ നിന്നാണ് പൊതു ടാപ്പുകളിലൂടെ ജലമെത്തുന്നത്. പൊതു ടാപ്പുകൾ ആറെണ്ണം മാത്രമെ ഉള്ളൂ. പഞ്ചായത്തിൽ മൊത്തം 47 പൊതു കിണറുകളും 21 പൊതു കുഴൽകിണറുകളും ഉണ്ട്. വെള്ളത്തിന്റെ നിലവാരമുൾപ്പെടെയുള്ള കാര്യങ്ങളിൽ കുഴൽ കിണറുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

## പട്ടിക 1

| പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | കുഴൽ കിണറുകൾ | ആകെ കിണറുകൾ |
|---|---|---|---|---|
| വെള്ളമുള്ളവ | വെള്ള മില്ലാത്തവ | | | |
| 32 | 7 | 2447 | 21 | 2507 |

# പട്ടിക 2



| വാർഡ് | പ്രശ്ന മേഖലകൾ | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1 | വള്ളുവമ്പുഴ ഹരിജൻ കോളനി, പാട്ടത്തിൽ കോളനി, ഞെട്ടരക്കടവ് കോളനി, മോതിക്കൽകുന്ന്, ചുടലക്കുന്ന് മിച്ചഭൂമി കോളനി | കേരളാ വാട്ടർ അതോരിററിയുടെ വാട്ടർ കണക്ഷൻ ഒന്നാം വാർഡിന്റെ അതിർത്തിവരെ എത്തിയിട്ടുണ്ട്. അതു് വാർഡിൽ മുഴവൻ വ്യാപിപ്പിക്കേണം. കുഴൽകിണറുകൾ ആവശ്യാനുസരണം കുഴിക്കണം. |
| 2 | വേണ്ടാകർശ്ശി A R D 19-ാം നമ്പർ റേഷൻ ഷാപ്പിന് സമീപം, പറമ്പുള്ളി നാലു് സെൻററ്കോളനി, കുനിവരമ്പ് ബാലവാടി ഭാഗം, പാലക്കണ്ണിമുകൾഭാഗം, മണ്ണാത്തററോഡ് | കേരളാ വാട്ടർ അതോരിററിയുടെ ഒന്നാം മൈൽ വരെ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ ഞെട്ടരകടവ് വരെ നീട്ടുക. മണ്ണാത്തറ റോഡിലും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം. |
| 3 | നരിയാർമുണ്ട, പുല്ലുറോഡ്കുന്ന്. | കുളപ്പാടം, കണക്കൻകോട്ട് കോളനി, പുല്ലറോഡ് കോളനി, പൂന്തുരുത്തികുന്ന്, ആലിക്കൽ കോളനി, നരിയാർമുണ്ട സെൻറർ, ചുടലപ്പറമ്പ്, മണ്ണാർകോളനി, ഇവിടങ്ങളിൽ പൊതുകിണറുകൾ കുഴിക്കണം. |
| 4 | ആഴ്വാഞ്ചേരി, വട്ടമ്പലം, അരിയൂർ, പുന്നപ്പാടം, കല്ല്യാണക്കാപ്പ് | വട്ടമ്പലത്തെ വാട്ടർടാങ്ക് വലുതാക്കി പുതുക്കിപ്പണിയുക, അരിയൂർ പുന്നപ്പാടം ഭാഗങ്ങളിൽ പൈപ്പ്ലൈൻ വ്യാപിപ്പിക്കുക. കുളപ്പാടം ഭാഗത്തേക്ക് പോകുന്ന പൈപ്പ് ലൈൻ പുതുക്കിപ്പണിത് ആഴ്വാഞ്ചേരി ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുക, കല്ല്യാണക്കാപ്പ് മിച്ചഭൂമി പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുക. മേൽ പ്രദേശങ്ങളിലെല്ലാം പൊതുകിണർ കുഴിക്കുക. അരിയൂരിലെ പഞ്ചായത്ത് കിണർ പുതുക്കിപണിയുക. |

| | | |
|---|---|---|
| 5 | പൊതുവച്ചോല കോളനി, ചെറുകര കോളനി, നാലുസെൻറ് കോളനി, വിഷ്ണു ക്ഷേത്ര പരിസരം, സംഗമം കോളനി, ചക്കര ക്കളമ്പ്, ജി. എൽ. പി. സ്ക്കൂൾ പരിസരം. | സംഗമം കോളനിയിൽ പൊതു കിണറിന് സ്ഥലം നൽകുന്നതാണ് വട്ടമ്പലത്തെ ടാങ്കിൻെറ കപ്പാസിററി കൂട്ടുക. ടാപ്പുകളുടെ ദുരുപയോഗം നിർത്തുക. പോർക്കരിക്കൽ ക്ഷേത്ര ഭാഗത്ത് പുഴയുടെ ഇരു കരകളെയും ബന്ധിപ്പിച്ച് ഒരു കോസ് വേ പണിത് ചീർപ്പ് ഇട്ട് ജലസംഭരണം നടത്തുക. നാലുസെൻറ് കുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുക. പൊതു കിണറുകൾ സംരക്ഷിക്കുകയും, യഥാസമയം ശുചീകരിക്കുകയും ചെയ്യുക |
| 6 | തെക്കേക്കര, മണ്ണുറോഡ്, സൗത്ത് പള്ളിക്കുന്ന്, മൈലഞ്ഞോട്. | കുഴൽ കിണറുകൾ സ്ഥാപിക്കുക. പാണ്ടിക്കാട് കോളനി വരെ എത്തിനിൽക്കുന്ന പൈപ്പ് ലൈൻ നീട്ടുക. |
| 7 | മുണ്ടക്കാട് ചെട്ടിക്കാട് ആശാരി കോളനി, ചെറിയപ്പാടം മിനിസ്റ്റേഡിയം പുന്നപ്പാടം നായാടിക്കോളനി. | കുഴൽ കിണറുകൾ സ്ഥാപിക്കുക. മുണ്ടക്കാട് കോളനിക്ക് താഴ് ഭാഗത്ത് മദ്രസ്സയുടെ സമീപം വലിയ കിണർ കുഴിച്ച് കോളനി പരിസരത്ത് ടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ്ചെയ്ത് വിതരണം ചെയ്താൽ മുണ്ടക്കാട് ഭാഗത്തെയും പത്താംവാർഡിലെ ലക്ഷംവീട് കോളനിയിലെയും ജലക്ഷാമം പരിഹരിക്കാം. പൊതു കിണറുകൾ കുഴിക്കുക. |
| 8 | മുണ്ടക്കാട് ആവണക്കുന്ന് കുന്നത്തുള്ളി ക്കോളനി. | പഞ്ചായത്ത് കിണറിന് സമീപം വാട്ടർ ടാങ്ക് കെട്ടുക. കോളനിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുക. ചണേങ്കുളത്തെ പൊതു കിണർ നന്നാക്കുക, കുഴൽ കിണറുകൾ നേരെയാക്കുക. കുന്നത്തുള്ളി കോളനിയിൽ നിലവിലുള്ള പൊതു കിണർ ഉപയോഗയോഗ്യമാക്കുക. |
| 9 | വെള്ളപ്പാടം മൈലാമ്പാടം കഷായപ്പടി, പാററാട്ടിപ്പടി, പത്തുടി, | കന്തിപ്പുഴയിലെ വെള്ളം പൈപ്പ് ലൈൻവഴി എത്തിക്കുക. മൈലാംപാടം, പത്തടിക്കുന്ന് ഭാഗത്തെ ഉപയോഗശൂന്യമായ പൊതു കിണറുകൾ ഉപയോഗയോഗ്യ മാക്കുക. |

| | | |
|---|---|---|
| 10 | പയ്യനെടം<br>പുതുക്കുടി അമ്പലംകുന്ന്<br>പയ്യനെടം-കാവിനു സമീപം | കമ്പങ്ങോട്ടിൽ വാട്ടർ ടാങ്ക് നിർമ്മിക്കുക. എല്ലാ ഭാഗത്തേക്കും പൈപ്പ് ലൈൻ സ്ഥാപിക്കുക. ലക്ഷംവീട് കോളനിയിലെ പഞ്ചായത്ത് കിണറും വാട്ടർ ടാങ്കും പുനർ നിർമ്മിച്ച് ഉപയോഗ യോഗ്യമാക്കുക സ്വകാര്യ കുളങ്ങൾ ഏറ്റെടുത്ത് വെള്ളം പമ്പ് ചെയ്യുക. വാർഡിന്റെ പടിഞ്ഞാറെ അററത്ത് പൊതു കിണർ നിർമ്മിക്കുക. പുതുകടി_അമ്പലംകുന്ന് ഭാഗത്ത് പൊതു കിണർ, പയ്യനെടം കാവിനു സമീപം ഒരു പൊതു കിണർ |
| 11 | അക്കിപ്പാടം, എടേരം, കളർമുണ്ട, കച്ചേരിക്കുന്ന് | എടേരം, നീളൻ പാറക്കടവ് ഭാഗത്ത് വാട്ടർ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |

1. പൊതുകിണറുകൾ സ്ഥാപിക്കുന്നതിന് അതാത് സ്ഥലങ്ങളിൽ, ആവശ്യമായ സ്ഥലം ലഭ്യമാണ്.
2. കുമരംപുത്തൂർ പഞ്ചായത്തിന് വേണ്ടിയുള്ള ഒരു വാട്ടർ സപ്ലൈ സ്കീം നിലവിലുണ്ട്. അത് നടപ്പിലാക്കുക.

## പഞ്ചായത്ത്തല പദ്ധതി:

പോർക്കളിക്കൽ ക്ഷേത്ര ഭാഗത്ത് പുഴയുടെ ഇരു കരകളേയും ബന്ധിപ്പിച്ച് പുഴക്ക് ക്രോസ്ബേ പണിത് ചിറപ്പിട്ട് ഉയർന്ന പ്രദേശമായ നാല് സെൻറ് കുന്നിൽ വാട്ടർടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യുക. കന്തിപ്പുഴയിൽ വേനൽക്കാലത്തും വെള്ളമുണ്ടാകാറുള്ളതുകൊണ്ട് വർഷം മുഴുവൻ ഇത് ഉപയോഗയോഗ്യമാക്കാം.

## മററു നിർദ്ദേശങ്ങൾ:

1. ഭൂമിയിൽ പതിക്കുന്ന മഴവെള്ളത്തിൻെറ ചെറിയൊരു ഭാഗം മാത്രമേ പഞ്ചായത്തിൽ ഉപയോഗിക്കാനാകുന്നുള്ളു. ഈ സത്യം മനസ്സിലാക്കിക്കൊണ്ട് നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

2. ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

3. അരിയൂർ പ്രദേശത്തെ കുഴൽകിണറിലെ വെള്ളത്തിൽ ഇരുമ്പിൻെറ അംശം വളരെ കൂടുതലായതുകൊണ്ട് വെള്ളം ഉപയോഗ യോഗ്യമല്ലെന്ന് ലബോറട്ടറി പരിശോധനയിൽനിന്ന് വ്യക്തമായിട്ടുണ്ട്. വെള്ളത്തിൻെറ നിലവാരത്തിലുള്ള കുറവുകൊണ്ട് ഇടക്കിടക്ക് കേടുവരാനുള്ള സാദ്ധ്യതയുള്ളതുകൊണ്ടും കുഴൽകിണർ എത്രകണ്ട് ഫലപ്രദമാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

4. കുഴൽകിണറുകൾ ഉൾപ്പെടെയുള്ള പൊതുകിണറുകൾ പരിപാലിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും, സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

5. കുടിവെള്ളത്തിൻെറ നിലവാരം പരിശോധിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം.

6. കേരളാ വാട്ടർ അതോറിററി പഞ്ചായത്ത്രാജ് നിയമത്തിൻെറ കീഴിൽ വരാത്തതുകൊണ്ട് തന്നെ.

നിലവിലുള്ള നിയമങ്ങൾ കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് അപര്യാപ്തമാണ്. നിയമഭേദഗതി അനിവാര്യമാണ്.

## പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ കേവലം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല. മറിച്ച് ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ സുസ്ഥിതിയാണ്. അതുകൊണ്ടുതന്നെ രോഗചികിത്സയിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ടുള്ള ആരോഗ്യ സംരക്ഷണമല്ല ഉദ്ദേശിക്കുന്നത്. മറിച്ച്, രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെല്ലാം ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു.

പണ്ടുമുതൽക്കുതന്നെ മണ്ണാർക്കാടുള്ള ചികിത്സാസൗകര്യങ്ങളും പഞ്ചായത്തിലെ ഏതാനും പാരമ്പര്യ വൈദ്യൻമാരും ഒരു ഹോമിയോ ചികിത്സകനും, ഒരു അലോപ്പതി ഡോക്ടറും മാത്രമേ ഈ പഞ്ചായത്തിന് ആശ്രയിക്കാനുള്ളു. രോഗനിർണ്ണയത്തിനും രോഗചികിത്സയും സിദ്ധൻമാരേയും മന്ത്രവാദികളേയും ആശ്രയിക്കുന്ന ജനവിഭാഗങ്ങൾ ഇന്നും പഞ്ചായത്തിൽ ഉണ്ട്. 1972ൽ ആണ് പള്ളിക്കുന്നിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം നിലവിൽവന്നത്.

1996 വർഷത്തിൽ 61 ജലജന്യ രോഗികൾ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ലയുടെ ഇതരഭാഗങ്ങളിലും കോളറ പടർന്നുപിടിച്ചപ്പോഴും പഞ്ചായത്തിൽ രോഗം കാര്യമായി പ്രശ്നം സൃഷ്ടിച്ചിട്ടില്ല. ആരോഗ്യ വകുപ്പിൻെറ ആഭിമുഖ്യത്തിൽ ചിട്ടയായുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടന്നിരുന്നു. പഞ്ചായത്തിലെ ജനന നിരക്ക് 20ഉം മരണ നിരക്ക് 4ഉം ആണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. സ്ഥിരമായി ഒരു ഡോക്ടറില്ല എന്നതുതന്നെയാണ് മുഖ്യകാരണം. അതുകൊണ്ടുതന്നെ രോഗികളെ കിടത്തിചികിത്സിക്കാനുള്ള സൗകര്യം ഉപയോഗപ്പെടുത്താനാകുന്നില്ല. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ടുതന്നെ ജനങ്ങൾ താലൂക്കാസ്ഥാനത്തുള്ള ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു. സ്വകാര്യ പ്രാക്ടീസിലുള്ള ഡോക്ടർമാരുടെ

താൽപ്പര്യം സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു. ഡോക്ടറുടെ അഭാവംമൂലം പ്രതിരോധ കുത്തിവെയ്പ്പ് ക്യാമ്പുകളൊന്നുംതന്നെ യഥാസമയം നടക്കുന്നില്ല. ഇത് നിസ്സാരമായി കാണാനാകുന്ന സംഗതിയല്ല. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ വാഹനം കാലാകാലങ്ങളിൽ പരിപാലിക്കാത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നു. ഇത് ആകെ ആരോഗ്യ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

ആരോഗ്യ സംരക്ഷണത്തിൽ മരുന്നിനേക്കാൾ ഉപരിപ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ്. അതിനായി ഒരു ആരോഗ്യ ബോധവൽക്കരണ യൂനിററ് സ്ഥാപിക്കേണ്ടതുണ്ട്. ബോധവൽക്കരണത്തിനാവശ്യമായ ലഘു ലേഖകൾ, പോസ്റ്ററുകൾ, പ്രൊജക്ടർ ഫിലിമുകൾ, സാമ്പത്തിക സഹായം എന്നിവ നൽകി ഫീൽഡ് ജീവനക്കാരുടെ വപ്രർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പൊതു ആരോഗ്യ സ്ഥാപനങ്ങളോട് ജനങ്ങൾക്കുള്ള വൈമുഖ്യം മാററുവാനുള്ള സാഹചര്യം സംജാതമാക്കണം.

ജനസംഖ്യാനുപാതികമായാണ് ഫീൽഡ് ജീവനക്കാർ നിയമിക്കപ്പെടേണ്ടത്. എന്നാൽ ജനസംഖ്യ തുടലാം വർദ്ധിച്ചിട്ടും അതിനാനുപാതികമായി ഒഴിവുകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഈ അപാകത പരിഹരിച്ചെങ്കിൽ മാത്രമേ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാനാകൂ.

**കക്കൂസ്:**

പൊതുജനാരോഗ്യം സംരക്ഷിക്കപ്പെടാൻ അത്യാവശ്യം വേണ്ട ഒരു ഘടകമാണ് പരിസരശുചീകരണം. അത് പാലിക്കപ്പെടാൻ പ്രാഥമികമായി വേണ്ട ഒന്നാണ് സുരക്ഷിതമായ കക്കൂസ്. കക്കൂസ് നിർമ്മിച്ചതുകൊണ്ടായില്ല. അത് സുരക്ഷിതമായി പരിപാലിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ നല്ലൊരു ശതമാനം വീടുകളിലും കക്കൂസില്ല. (വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക-3ൽ കൊടുത്തിരിക്കുന്നു.) ഇതുമൂലം ജലജന്യ രോഗങ്ങൾ പൊട്ടിപ്പുറപ്പെടാൻ എല്ലാ സാധ്യതയും ഉണ്ട്. സാമ്പത്തിക പരാധീനത, സ്ഥലപരിമിതി, പ്രശ്നത്തിന്റെ ഗൗരവത്തെകുറിച്ച് അറിവില്ലായ്മ എന്നിവയാണ് കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന സംഗതികൾ. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നവർക്കുവേണ്ടി സന്നദ്ധ സംഘടനകളുടേയും ഇതര സ്ഥാപനങ്ങളുടേയും സഹായത്താൽ കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്. സ്ഥലപരിമിതിയുള്ള കോളനികളിൽ പൊതുവായ സെപ്ററിക് ടാങ്ക് നിർമ്മിക്കണം. അതിലുപരി കക്കൂസുകൾ ശരിയായി പരിപാലിക്കപ്പെടുന്നുണ്ടോ എന്നുറപ്പുവരുത്തണം. മഴുവൻ വീടിനും കക്കൂസ് എന്നത് ഒരു നയമായി സ്വീകരിക്കണം.

## പട്ടിക 3

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| കക്കൂസ് ഉള്ളവർ | 208 | 214 | 270 | 118 | 259 | 121 | 169 | 107 | 126 | 215 | 212 |
| കക്കൂസ് ഇല്ലാത്തവർ | 278 | 196 | 228 | 91 | 165 | 169 | 195 | 231 | 306 | 207 | 181 |

## പരിസര ശുചിത്വം

രൂക്ഷമായ പരിസര മലിനീകരണം അനുഭവപ്പെടുന്ന ഒരു പഞ്ചായത്തല്ല കുമരംപുത്തൂർ. കൊതുകുശല്യവും സാംക്രമിക രോഗങ്ങളും താരതമ്യേന കുറവാണ് എങ്കിലും നിഷ്ക്രിയമായിരിക്കുക എന്ന നയമല്ല സ്വീകരിക്കേണ്ടത് ജില്ലകളിലും പുറത്തും ഉണ്ടായ സാംക്രമികരോഗങ്ങൾ ഉണ്ടാക്കിയ ദുരന്തം ഗൗരവത്തോടെ നോക്കിക്കാണണം. മലമ്പനിപോലുള്ള രോഗങ്ങൾ തിരിച്ചുവരുന്നത് നിസ്സാരമായ സംഗതിയല്ല പരിസരശുചിത്വം പാലിക്കുന്നതിനും നിലനിർത്തുന്നതിനുമാവശ്യമായ മുഴുവൻ മുൻകരുതലുകളും എടുക്കണം. പഞ്ചായത്തിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അറവ് കേന്ദ്രങ്ങൾ പരിശോധനക്ക് വിധേയമാക്കണം. 7-ാം വാർഡിലെ അറവുകേന്ദ്രം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. ഒന്നാം വാർഡിൽ ജനസാന്ദ്രത കൂടിയ സ്ഥലത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന എല്ലുകുഴി ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് പരിഹരിക്കപ്പെടേണ്ടതുണ്ട്. 10-ാം വാർഡിൽ പയ്യനേടം കാവിന് സമീപം മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

അഞ്ചാം വാർഡിൽപ്പെട്ട കുമരംപുത്തൂർ പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനവുമായ ചുങ്കത്ത് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. പഞ്ചായത്തിലെ ഹോട്ടലുകൾ, ശീതളപാനീയശാലകൾ എന്നിവയിലെ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കണം. അത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. ജനങ്ങൾ കൂടുന്ന സ്ഥലങ്ങളിലൊക്കെ ചവററുവീപ്പകൾ സ്ഥാപിക്കുകയും ചപ്പുചവറുകൾ അതിൽ നിക്ഷേപിക്കും വിധത്തിൽ ബോർഡുകൾ സ്ഥാപിക്കുകയും വേണം

കിണറുകളിലെ ക്ലോറിനേഷൻ, കൊതുക നിയന്ത്രണം, ഈച്ച നിയന്ത്രണം, എലി നിയന്ത്രണം ഇവയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ത്വരിതഗതിയിൽ നടത്തുന്നതിന് ഓരോ വാർഡിലും ഭരണസമിതികൾ രൂപീകരിക്കുകയും അവക്കാവശ്യമായ ഉപകരണങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുകയും വേണം. ആരോഗ്യബോധവൽക്കരണ യൂനിററിൽ പ്രവർത്തനം ഏററവും കൂടുതൽ ഉപയോഗപ്പെടുത്തേണ്ട രംഗമാണ് പരിസര ശുചീകരണം.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന മററ് നിർദ്ദേശങ്ങൾ

### 1. പൊതു ശ്മശാനം

അഞ്ചാം വാർഡിലെ നാല് സെൻറ് കോളനിക്ക് സമീപമുള്ള ശ്മശാനത്തിലേക്ക് വഴിയില്ല. നാല് സെൻറ് കോളനിയിലൂടെ വഴിയുണ്ടാക്കാവുന്നതാണ്. പൊതുശ്മശാനമുണ്ടാക്കണമെന്ന ആവശ്യം മിക്ക വാർഡുകളിൽനിന്നും ഉയർന്നിട്ടുണ്ട്. അത് പ്രാവർത്തികമാക്കണം.

### 2. രക്തദാനസംഘം

പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും രക്ത ഗ്രൂപ്പ് നിർണ്ണയിക്കുകയും ഒരു രക്തദാന സംഘം രൂപീകരിക്കുകയും വേണം. ചില വ്യവസ്ഥകൾക്കനുസരിച്ച് പഞ്ചായത്തിലെ മുഴുവൻപേർക്കും സംഘത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

### 3. നേത്രദാനം

നേത്രദാനത്തിന്റെ മാഹാത്മ്യം ബോധ്യപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാ രക്ത ബാങ്കുകളുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

### 4 കാലാഹരണപ്പെട്ട നിയമങ്ങൾ

പ്രയോജന ക്ഷമത നഷ്ടപ്പെട്ടതും കാലാഹരണപ്പെട്ടതുമായ ''മദ്രാ പബ്ലിക് ഹെൽത്ത് ആക്ട്'', ''ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്'' എന്ന നിയമാവലികൾ കാലോചിതമായി പുതുക്കേണ്ടതുണ്ട്. ആരോഗ്യ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കണം.

### 5. പാരമ്പര്യ വൈദ്യമേഖല

തലമുറകളിലൂടെ പകർന്ന് കിട്ടുന്ന അറിവുകളുടെ സംഗ്രഹമായ പാരമ്പര്യ വൈദ്യ മേഖലയെ പ്രോ

ത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചികിത്സാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കണം. ഔഷധസസ്യ കൃഷിക്ക് പ്രോത്സാഹനം നൽകണം.

## 6. ദുശ്ശീലങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം

ആരോഗ്യത്തെ ഹനിക്കുന്ന പുകവലി, മദ്യപാനം, പുകയിലമുറുക്ക് തുടങ്ങിയ ദുശ്ശീലങ്ങൾക്കെതിരെ ആരോഗ്യ ബോധവത്ക്കരണ യൂനിററിന്റെ ആഭിമുഖ്യത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കണം.

## 7. അടിയന്തിര വൈദ്യ സഹായ പദ്ധതി

ദുർബല വിഭാഗങ്ങൾക്ക് വൈദ്യശുശ്രൂഷക്കായി അടിയന്തിരമായി സാമ്പത്തിക സഹായം നൽകാൻ ഒരു പദ്ധതി ആവിഷ്ക്കരിക്കണം. സന്നദ്ധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ ഇവരുടെ സഹായം പദ്ധതിക്കുവേണ്ടി സ്വീകരിക്കാവുന്നതാണ്.

## 8. അത്യാഹിത ഇൻഷുറൻസ്

അത്യാഹിത മരണം ഉണ്ടാകുന്നവരുടെ കുടുംബത്തിന് സഹായകമാകും വിധത്തിൽ പഞ്ചായത്തിലെ മുഴവൻ ജനങ്ങളെയും ഇൻഷുർ ചെയ്യുക.

## 9. ഹോമിയോ-ആയുർവ്വേദ ആശുപത്രികൾ

കുമരംപുത്തൂർ, ചുങ്കം, ചങ്ങലീരി എന്നിവിടങ്ങളിൽ സർക്കാർ ഹോമിയോ-ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കണം.

## 10. സബ്സെൻററുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക

വട്ടമ്പലം, പയ്യനേടം, കാരാപ്പാടം എന്നീ ഐ. പി. പി. സെൻററുകളുടെ കേടുപാടുകൾ പരിഹരിച്ച് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ചങ്ങലീരിയിൽ സബ്സെൻറർ കെട്ടിടം നിർമ്മിക്കുക. ജനങ്ങൾ ഇതിനാവശ്യമായസ്ഥലം സൗജന്യമായി നൽകാമെന്ന് ഗ്രാമ സഭയിൽ അറിയിച്ചിട്ടുണ്ട്.

## 11. കുമരംപുത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പ്രശ്നങ്ങൾ

സ്ഥിരമായ ഒരു ഡോക്ടറെ നിയമിക്കേണ്ടതുണ്ട്. രോഗികളെ കിടത്തി ചികിൽസിക്കാനുള്ള അധികാരവും സൗകര്യവും ഉണ്ടായിരിക്കണം. ജനസംഖ്യാനുപാദികമായി മരുന്നും ജീവനക്കാരും ഉണ്ടായിരിക്കണം. കേടുവന്ന വാഹനം മാററി പുതിയ വാഹനം ലഭ്യമാക്കണം. വാഹനം യഥാസമയം റിപ്പയർ ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. പ്രതിരോധ കുത്തിവെയ്പുകൾ യാതൊരു കാരണവശാലും മുടക്കുവാൻ പാടുള്ളതല്ല. ഫോൺ സൗകര്യം ഏർപ്പെടുത്തുക. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ മുഴവൻ ഫോറങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. സർവ്വോപരി ജീവനക്കാരുടെ ക്രിയാത്മകമായ സേവനം ഉറപ്പു വരുത്തേണ്ടതുണ്ട്.

## 12. സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കണം

നിലവിലുള്ള സാഹചര്യങ്ങളെ പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും പോരായ്മകളെ കണ്ടറിഞ്ഞ് പരിഹരിക്കുകയും ചെയ്ത് എല്ലാവർക്കും ആരോഗ്യമെന്ന ലക്ഷ്യം സാക്ഷാൽകരിക്കപ്പെടുന്നതിനുവേണ്ടി മുഴുവൻ ജനങ്ങളുടേയും സഹകരണവും പിൻതുണയും നേടുകയും അത് ഒരു സ്വപ്നമായി അവശേഷിക്കാതെ യാഥാർത്ഥ്യമാക്കി മാററുവാൻ ഒന്നുചേർന്നുള്ള പ്രവർത്തനശൈലി രൂപപ്പെടുത്തേണ്ടതുണ്ട്.

# വ്യവസായം

ശൂന്യമായ ഒരു വ്യവസായിക ഭൂപടമാണ് കുമരംപുത്തൂർ പഞ്ചായത്തിനുള്ളത്. സ്വകാര്യ ചെറുകിട വ്യവസായ യൂണിററുകൾപോലും എടുത്തു പറയാനില്ല എന്നുള്ളതാണ് വസ്തുത.

വ്യവസായികമായി വൻ സാദ്ധ്യതകളുള്ള ഒരു പഞ്ചായത്തല്ല കുമരംപുത്തൂർ. ഇവിടെ പ്രധാന വിഭവങ്ങൾ കൃഷിയിൽനിന്നും ഉള്ളവയാണ്. അതിനാൽ അതിന്റെ അനുബന്ധ വ്യവസായങ്ങൾക്കാണ് അധികം സാദ്ധ്യത.

പരമ്പരാഗത കൈ തൊഴിലുകളിൽ പ്രധാനമായവ മൺകല നിർമ്മാണം, ബീഡിതെറുപ്പ് പരമ്പ്നെയ്ത്ത് എന്നിവയാണ്. ഈ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഏറെയാണ്.

## പ്രശ്നങ്ങൾ

മലബാർ പ്രദേശത്തെ രൂക്ഷമായ വൈദ്യുതി ക്ഷാമം വ്യവസായത്തിനാവശ്യമായ പാശ്ചാത്തല സൗകര്യമൊരുക്കുന്നതിലെ പ്രധാന പ്രശ്നമായി അവശേഷിക്കുന്നു.

3174 ഹെക്ടർ വിസ്തീർണ്ണവും 4220 വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയുണ്ടായിട്ടും പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിററ്പോലും വളർന്ന് വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

വ്യവസായിക വളച്ച് ഉണ്ടാകാത്തതിന് താഴെ പറയുന്ന ചില കാര്യങ്ങൾ പ്രധാനമാണ്.

1. മുഖ്യ കാർഷികോൽപന്നമായ നാളികേരം, റബ്ബർ തുടങ്ങിയവ വ്യവസായിക രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. സാങ്കേതിക പരിജ്ഞാനക്കുറവ്, ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്, പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും കൈതൊഴിലുകാർക്കും പരിശീലനം കിട്ടാനുള്ള സാദ്ധ്യതക്കുറവ്.
3. ഒരു സംരംഭകന് അത്യാവശ്യംവേണ്ട മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.
4. വ്യവസായിക വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

## സാദ്ധ്യതകൾ-നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ മൂന്നോ നാലോ മേഖലകളിൽ ക്ഷീരോൽപാദന സമിതികൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. പാലുൽപന്നങ്ങളുടെ നിർമ്മാണത്തിനും ഇതിലൂടെ സാദ്ധ്യതയുണ്ട്. പരമാവധി മൂന്ന് വാർഡുകൾ ഒരു സമിതിയുടെ പരിധിയിൽ വരാം. ഇത് പഞ്ചായത്ത് നേരിട്ടെടുക്കാതെ നേതൃത്വപരമായ സഹായവും ബോധ്യപ്പെടുത്തലുമാണ് ആവശ്യം.
2. പഞ്ചായത്തിലെ പ്രധാന കാർഷിക വിഭവം തേങ്ങയാണ്. തേങ്ങയുടെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒരു സങ്കര വ്യവസായ യൂണിററ് ആരംഭിക്കാവുന്നതാണ്. കൊപ്ര ആട്ടി എണ്ണയെടുക്കാനും ഒപ്പം ചകിരിയിൽ നിന്ന് ഫൈബർ ഉല്പന്നം, ചിരട്ടയിൽനിന്ന് കരിയുണ്ടാക്കാനും കഴിയും.
3. വേസ്ററ്പേപ്പർ Re-Press ചെയ്തിട്ടുള്ള യൂണിററ്.
4. ടെയിലറിംഗ് യൂണിററ്.
5. മൺപാത്ര നിർമ്മാണം, പായനെയ്ത്ത്, തുടങ്ങിയ പരമ്പരാഗത കൈതൊഴിലുകാരുടെ സഹകരണ സംഘം.
6. റബ്ബർ, റബ്ബർതടി എന്നിവയുപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിററ്.
7. ബേക്കറി ഐറററങ്ങൾ, തീപ്പെട്ടി, സോപ്പ്, കറിപൊടികൾ ഇവയുടെ ഉല്പാദന യൂണിററ്.

8. സിമൻറ് ഉപയോഗിച്ചുള്ള ഇഷ്ടിക, വാതിൽ തുടങ്ങിയവയുടെ നിർമ്മാണം.

9. സർജിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം.

10. എല്ല്പൊടി നിർമ്മാണശാല.

11. കരുമുളക്, അടക്ക എന്നിവയിൽനിന്നുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം.

12. ജില്ലയിൽ കമ്പ്യൂട്ടർ അധിഷ്ഠിത (സോഫ്റ്റ് വെയർ) വ്യവസായം ആരംഭിക്കണം.

## മററ് നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ ഇൻഡസ്ട്രിയിൽ എസ്റ്റേററ് ആരംഭിക്കുക.

2. DWCRA പുനഃസംഘടിപ്പിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

3. വ്യവസായ സംരംഭകരുടെ ലിസ്ററ് പഞ്ചായത്തിൽ ശേഖരിക്കുകയും അവർക്ക് ജില്ലാ വ്യവസായ കേന്ദ്രം പാലക്കാട്, Small Industries Service Thrisoor, Nationai Small Industries Corporation Thrisoor തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നൽകണം.

4. ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കി വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നാളികേര വികസന ബോർഡ് റീജിയണൽ റിസർച്ച് ലബോറട്ടറി തിരുവനന്തപുരം, തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം തേടണം.

5. പഞ്ചായത്തിൽ 'വ്യവസായ കേരളം' എന്ന പ്രസിദ്ധീകരണം വരുത്തണം.

# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

മററ് പല പാലക്കാടൻ ഗ്രാമങ്ങളെപ്പോലെ ഗതാഗത മാർഗ്ഗം റോഡുകൾ മാത്രമായിരിക്കുന്ന പഞ്ചായത്താണ് കുമരംപുത്തൂർ. നിലനിൽക്കുന്ന വികസന സംസ്കാരത്തെപ്പററിയുള്ള ഏററവും വലിയ വിമർശനം, അത് റോഡുനിർമ്മാണത്തിലൊതുങ്ങുന്നു എന്നതാണ്. എന്നാൽ ഈയൊരു വൈകല്യം ഗതാഗത മാർഗ്ഗങ്ങളെ അശാസ്ത്രീയമായാണെങ്കിലും അളവുപരമായി സ്വാധീനിച്ചിട്ടുണ്ട് എന്നത് പരിഗണിക്കേണ്ടതാണ്.

പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പുതന്നെ നിലവിൽ ഉണ്ടായിരുന്ന റോഡാണ് കുമരംപുത്തൂർ വില്ലേജിലൂടെ കടന്നു പോകുന്ന ഇപ്പോഴത്തെ SH 24 ആയ കോഴിക്കോട്-മദ്രാസ് ട്രങ്ക് റോഡ്. SH 24ന്റെ 3Km ഭാഗം പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. അത്രതന്നെ പ്രധാനമാണ് SH 24ൽ ചുങ്കത്തുനിന്ന് വേറിട്ടുപോകുന്ന മേലാററൂർ റോഡ്. SH 24ൽ കോടതിപ്പടി നിന്നാരംഭിച്ച് മണ്ണാർക്കാട് പഞ്ചായത്തിലൂടെ കടന്ന് കുമരംപുത്തൂരിൽനിന്ന് ഭൂമിശാസ്ത്രപരമായി വേർപെട്ട് കിടക്കുന്ന ചങ്ങലീരിയിലെത്തുന്ന റോഡും പഴക്കമേറിയതാണ്.

ഇവ കൂടാതെ പഞ്ചായത്തിലെ മുഖ്യ ജനവാസ കേന്ദ്രങ്ങളായ കളപ്പാടം, പയ്യനെടം, പള്ളിക്കുന്ന്, മൈലാംപാടം, മോതിക്കൽ എന്നീ പ്രദേശങ്ങൾ തമ്മിലും മുൻ സൂചിപ്പിച്ച മുഖ്യ റോഡുകളുമായും ബന്ധപ്പെടുത്തുന്നതാണ് പഞ്ചായത്തിലെ പ്രധാന റോഡ് ശൃംഖല. അപര്യാപ്തമാണെങ്കിലും ഈ പ്രദേശങ്ങളെയെല്ലാം ബന്ധിച്ചുകൊണ്ട് ബസ് സർവ്വീസ് ഉണ്ട്. സ്ഥിരം സർവ്വീസ് ആയില്ലെങ്കിലും ഈ പ്രദേശങ്ങളിലേക്ക് ജീപ്പ്, ഓട്ടോറിക്ഷ എന്നിവയും എത്തിച്ചേരും. രണ്ട് ഓട്ടോ സ്ററാൻറുകളുമുണ്ട്.

പഞ്ചായത്തിലെ ഗതാഗത പ്രശ്നങ്ങളുടെ മാനങ്ങൾ ഇതിനും അപ്പുറത്താണ്.

## പ്രശ്നങ്ങൾ, ആവശ്യങ്ങൾ

1. പ്രധാന പ്രശ്നങ്ങളിലൊന്ന് വർദ്ധിച്ചു വരുന്ന വാഹനത്തിരക്കിനെ ഉൾക്കൊള്ളാനും ഗതാഗതം സുരക്ഷിതമാവാനും കഴിയുന്ന തരത്തിൽ റോഡുകളുടെ ഗുണനിലവാരത്തിലും വീതിയിലും ഉയർച്ച വരുന്നില്ല എന്നതാണ്.

2. ജനസംഖ്യയിൽ കാലാനുസൃതമായുണ്ടാകുന്ന വികസനത്തോടനുബന്ധിച്ച് കൂടുതൽ പ്രദേശങ്ങൾ ജനവാസ കേന്ദ്രങ്ങൾ ആയി മാറുന്നുണ്ട്. ഈ പ്രദേശങ്ങളെ തൊട്ടടുത്ത ബസ് ഗതാഗതമുള്ള റോഡുമായെങ്കിലും ബന്ധിക്കുന്ന റോഡുകളുടെ അഭാവമാണ് മുഖ്യപ്രശ്നം. നിലവിലുള്ള മൺറോഡുകൾ മെററൽ ചെയ്യാനും ടാർചെയ്യാനും അനേകം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നുയർന്നു വന്നിട്ടുണ്ട്.

3. വർദ്ധിച്ചു വരുന്ന ജീവിതാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ പുതിയ അനേകം റോഡുകൾ സമയാസമയത്ത് നിർമ്മിക്കേണ്ടതുണ്ട്. ചില ഇടവഴികൾ വീതികൂട്ടി റോഡാക്കി മാററാനും സ്ഥലമെടുത്ത് പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള അനേകം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മുൻ കാലങ്ങളിൽ വിവിധ പദ്ധതികളിലായി ഏറെറടുത്ത് പണി പൂർത്തിയാവാതെ കിടക്കുന്ന റോഡുകൾ പൂർത്തിയാക്കൽ പലേടത്തും അടിയന്തര പ്രാധാന്യമുള്ളതാണ്.

4. നിലവിലുള്ള പല മൺ-മെററൽ റോഡുകളുടെയും അവസ്ഥ വളരെ മോശമാണ്. മഴക്കാലത്ത് ജീപ്പോ, ഓട്ടോറിക്ഷയോ പോകാനോ, നടക്കാൻ പോലുമോ കഴിയാത്ത തരത്തിൽ ചളിയും കുണ്ടും കുഴിയുമായി കിടക്കുന്ന റോഡുകൾ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നവയാണ്.

5. പഞ്ചായത്തിനകത്തെ ചില പ്രദേശങ്ങൾക്കിടക്കും, ചില അയൽ പഞ്ചായത്തുകളുമായും ഉള്ള

പോക്കുവരവ് സുഗമമാകാൻ ചില പാലങ്ങളുടേയും നടപ്പാലങ്ങളുടേയും നിർമിതി അത്യന്താപേക്ഷിതമാണ്.

6. പ്രധാന റൂട്ടുകളിൽ ആവശ്യത്തിന് ബസ് സർവ്വീസുകൾ ഉണ്ടെങ്കിലും ഉൾനാടുകളിലേക്കുള്ള റൂട്ടുകളുടെ അവസ്ഥ അതല്ല. ഇടക്കിടെ മാത്രം വരുന്ന ബസ്സുകളെ പൂർണ്ണമായി ആശ്രയിക്കാൻ കഴിയാതെ കൂടിയ ചാർജ്ജ് കൊടുത്ത് മററു മാർഗ്ഗങ്ങൾ തേടേണ്ടി വരുന്നു. ഈ രംഗത്ത് K S R T C ക്ക് ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നാണ് ഗ്രാമസഭകളുടെ അഭിപ്രായം.

7. മിക്കവാറും റോഡുകളുടേയും സമീപത്തുള്ള ഓടകൾ കൃത്യമായി പരിപാലിക്കപ്പെടുന്നില്ല.

8. റോഡുകളുടെ നിർമ്മിതിയിലൂടെ ഉളവാകുന്ന പരിസ്ഥിതി പ്രശ്നങ്ങളാണ് മററൊന്ന്.

പുതിയ റോഡുകളുടെ നിർമ്മാണം നീർക്കെട്ടിനു കാരണമായിട്ടുണ്ടെന്ന് പല ഗ്രാമസഭകളിലും പരാതി ഉയർന്നിട്ടുണ്ട്. മുൻകാലങ്ങളിൽ നീർച്ചാലുകൾ കൂടിയായിരുന്ന പല നടവഴികളും പിന്നീട് മൺ റോഡുകളും മററുമായി മാറി. ഇത് സ്വാഭാവികമായ ജലപ്രവാഹവ്യവസ്ഥയെ തടസ്സപ്പെടുത്തുകയും മൺ റോഡുകളിലും മററും വെള്ളം കെട്ടിനിൽക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. നിരന്തരമായ പുതുക്കലും പരിപാലനവും കൂടാതെ റോഡുകളുടെ നിലവാരം നിലനിർത്താൻ കഴിയുകയില്ല. P W D യും പഞ്ചായത്തും ഏറെറടുത്തിരിക്കുന്ന റോഡുകളുടെ കാലാകാലങ്ങളിലെ പണികളിലെ നിലവാരം കാത്തുസൂക്ഷിക്കാനും ഓടകൾ നിർമ്മിക്കുന്നതിലും പരിപാലിക്കുന്നതിനും റോഡിന്റെ വശങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിലും പ്രാദേശിക ജനകീയ സമിതികളുടെ ഇടപെടൽ അനിവാര്യമാണ്.

2. നിലവിലുള്ള റോഡുകൾ ടാർ ചെയ്യാനും മെററൽ ചെയ്യാനും നന്നാക്കാനും അനേകം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നിട്ടുണ്ട്. (ഇവയുടെ വിശദമായ ലിസ്ററ് പട്ടികയായി കൊടുക്കുന്നു.) ഇവയിൽ മിക്കവാറും എണ്ണത്തിന്റെ നിർമ്മാണത്തിലും ജനകീയ സഹകരണം പല രൂപത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ജനകീയ സമിതികളുടെ നേതൃത്വത്തിൽ റോഡുകൾ നിർമ്മിച്ചതിന്റെ പഴയതും പുതിയതുമായ ഉദാഹരണങ്ങൾ നമുക്കുണ്ട്. (V-ാം വാർഡിലെ പച്ചീരിക്കുന്ന് റോഡ് (1988-89) പുനരർപ്പണ ദിനത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട റോഡുകൾ.) അനേകം നിർദ്ദേശങ്ങളിൽനിന്ന് ഓരോ വാർഡിലേയും മുൻഗണനാക്രമം സുതാര്യമായിത്തന്നെ നിർണ്ണയിക്കാനും നിർമ്മാണത്തിൽ ഈ മാതൃകകൾ പിന്തുടരാനും ഗതാഗതത്തിനു നീക്കിവക്കുന്ന ഫണ്ടിന്റെ ഏററവും ഫലപ്രദമായ ഉപയോഗം സാദ്ധ്യമാക്കാനും കഴിയും.

3. നിലവിലുള്ള വഴികൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കുന്നതിലും പുതിയ വഴികളിൽ നിർമ്മിക്കുന്നതിലും ഈ മാതൃക പിന്തുടരാൻ കഴിയും. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ ഏറെറടുത്ത് പൂർത്തിയാകാതെ നിൽക്കുന്ന ഒന്നിലേറെ റോഡുകൾ പഞ്ചായത്തിലുണ്ട്. ഇവ പൂർത്തിയാക്കുന്നതിലും കോളനിയിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കുന്നതിലും പ്രത്യേക പരിഗണ നൽകണം.

(ആവശ്യമായ പുതിയ റോഡുകളുടെ വിവരങ്ങൾ അടുത്ത പട്ടികകളിൽ കൊടുത്തിരിക്കുന്നു)

4. താഴെ പറയുന്ന റൂട്ടുകളിൽ K S R T C ബസ്സുകൾ ആരംഭിക്കണം.

1. കളപ്പാടം-പാലക്കാട്
2. മൈലാമ്പാടം-പാലക്കാട്
3. മൈലാമ്പാടം-കോഴിക്കോട്
4. ഞെട്ടരക്കടവ്-പാലക്കാട്

5. താഴെ പറയുന്ന പാലങ്ങളും നടപ്പാലങ്ങളും മുൻഗണനാക്രമം നിശ്ചയിച്ച് നിർമ്മിക്കണം.

**നടപ്പാലം**

(i) ശാന്തിവായ്ക്കൽതോട് (പൂന്തിരുത്തി- കളിർമുണ്ട പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നു)

(ii) പുത്തില്ലം

(iii) ചെട്ടിക്കാട്

**പാലങ്ങൾ**

(i) അവണക്കുന്ന് – പള്ളിപ്പടി റോഡിൽ കൈത്തോടിനു പാലം.

(ii) കുന്തിപ്പുഴ (കാരാപ്പാടം, തത്തേങ്ങലം റോഡുകളെ ബന്ധിപ്പിക്കുന്നു)

6. അരിയൂർ, വട്ടമ്പലം, കല്യാണക്കാപ്പ് എന്നീ സ്ഥലങ്ങളിൽ ബസ് വെയിറ്റിങ്ങ് ഷെഡ്ഡു കളും കമരംപുത്തൂർ ചുങ്കത്ത് കംഫർട്ട് സ്റ്റേഷനും അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കണം.

7. ടാർ റോഡുകളിൽ മൂന്നോ നാലോ അടി വീതിയിൽ നടപ്പാത കൃത്യമായി സംരക്ഷിക്കുകയും വശങ്ങളിൽ മരങ്ങൾ നട്ട് സംരക്ഷിക്കുകയും വേണം. നീർക്കെട്ടടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ അത്യാവശ്യ സ്ഥലങ്ങളിൽ നില വിലുള്ള റോഡുകളിൽ കലുങ്കുകളും ഓടകളും നിർമ്മി ക്കുകയും പുതുതായി നിർമ്മിക്കുന്ന റോഡുകൾ പരമാ വധി ശാസ്ത്രീയമാവാൻ ശ്രദ്ധിക്കുകയും വേണം.

8. പാക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ തലസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന SH 24 ദേശീയ പാതയാക്കുക എന്നത് മലബാറിലെ മുഴു വൻ ജനങ്ങളുടെയും ആവശ്യമാണ്.

9. പാലക്കാട്നിന്ന് മണ്ണാർക്കാട് വഴി അങ്ങാടിപ്പുറത്ത് എത്തുന്ന റയിൽപ്പാതയുടെ സാദ്ധ്യത വിദൂര ഭാവിയിൽ പരിഗണിക്കപ്പെടേണ്ട താണ്.

| വാർഡ് | ഗതാഗതയോഗ്യമാക്കേണ്ടത് | പുതിയത് വേണ്ടത് |
| --- | --- | --- |
| I | ആലക്കുന്ന്-ചങ്ങലീരി, ചാത്തൻമലറോഡ്<br>മോതിക്കൽ-പാട്ടത്തിൽകോളനി, ചുടലക്കുന്ന്<br>നെല്ലിപ്പടികോളനി, സ്കൂൾപ്പടി-ഒട്ടവിങ്കൽ<br>മണിപ്പള്ളിയാൽറോഡ്, ആലക്കുന്ന് (താഴേക്ക്)<br>ഞെട്ടരക്കടവ്-പാണക്കാട്, ഞെട്ടരക്കടവ്-കന്തിപ്പുഴ<br>ഞെട്ടരക്കടവ്-നെല്ലിപ്പുഴ, വള്ളവമ്പുഴ-മോതിക്കൽ<br>അമ്പലാട്ട്-വള്ളവമ്പുഴ | 1. ബാലൻനായരുടെ വീടിനുസമീപം ചെമ്പററ പാടത്തേക്ക്<br>2. മോതിക്കൽ റോഡിൽനിന്ന് പാട്ടത്തിൽ കോളനിയിലൂടെ<br>3. ഒട്ടവിങ്കൽ റോഡിൽനിന്ന് മോതിക്കൽ റോഡിലേക്ക് |
| II | ക്കുനിവരമ്പ് റോഡ്, മല്ലിയിൽ-മൂന്നാംകടി<br>മല്ലിയിൽ-പാലക്കണ്ണി, ബാലവാടിറോഡ്<br>ക്രമ്പ്റോഡ്, പറമ്പുള്ളി-അമ്പലനട<br>ചങ്ങലീരി-പുഴക്കടവ്, മണ്ണാർത്തറ-കടവ്<br>പറമ്പുള്ളി-അപ്പത്തറക്കുന്ന് | അമ്പലപ്പടി-പാലക്കണ്ണി, മല്ലിയിൽപ്പള്ളി-ഞെട്ടരക്കടവ്<br>മൂന്നാകഴി-ക്കുനിവരമ്പ്, ക്കുനിവരമ്പ് റോഡ്-പുഴ |
| III | പൂന്തിരിത്തിക്കുന്ന് ഒടയഞ്ചേരിവാഴി പുല്ലറോഡ്<br>റോഡ്പടിറോഡ്, ആലിക്കൽപടിവഴി കോൽതോട്ടിലേക്ക്<br>കളപ്പാടം-പാറയിൽകുളമ്പ്<br>പൂന്തിരിക്കുന്ന്-കാവുണ്ട | മാനംകന്ന്-മൂന്നാംകഴി M L A റോഡ്<br>അമ്പലക്കുന്ന്-വളർത്ത്കാട്<br>തലപ്പാറകന്ന്-കന്തിപ്പുഴ<br>അമ്പലക്കുന്ന്-പുല്ലറോഡ്പ്രദേശം<br>പൂന്തിരിത്തികന്ന്-അരിയൂർതോട്<br>കാവുണ്ടറോഡ്-മൂതിക്കൽ, ആലിക്കൽകന്ന്-പൊററപ്പാടം |
| IV | ടിപ്പുസുൽത്താൻ റോഡ്<br>നരിയാർമുണ്ട റോഡ്<br>കല്ല്യാണക്കാപ്പ് വാളിയ്ക്കടി റോഡ്<br>ചെട്ടിക്കാട്ട് റോഡ് | ടിപ്പുസുൽത്താൻ റോഡും അരിയൂരുമായി ബന്ധിപ്പിക്കുന്ന റോഡ്<br>മുണ്ടക്കോട്ട് കോളനി റോഡ് |

| വാർഡ് | ഗതാഗത യോഗ്യമാക്കേണ്ടത് | പുതിയത് വേണ്ടത് |
|---|---|---|
| V | സൊസൈററി പോത്തോഴിക്കാവ്<br>വട്ടമ്പലം-പോത്തോഴിക്കാവ്<br>വട്ടമ്പലം-ചക്കരകുളമ്പ്-പോത്തോഴിക്കാവ്<br>സംഗമം കോളനിറോഡ്, കല്ലടി HS-വാളിയാടി<br>പഞ്ചായത്താഫീസിനെതിരെയുള്ള റോഡ്<br>വടക്കേമഠം കോളനി-പാടം<br>വില്ലേജാഫീസ്-ഒട്ടവങ്ങാട്.<br>മുള്ളിലയ്യപ്പൻ ചക്കരക്കുളമ്പ്<br>പള്ളിക്കുന്ന് റോഡ്-സംഗമം കോളനി | ചെറുകര കോളനിറോഡ്<br>പഞ്ചായത്ത് ശ്മശാനത്തിലേക്ക് |
| VI | പൂന്തിരുത്തി-ശാന്തിവയിക്കൽ<br>പുന്നപ്പാടം-വാളിയാടി കോളനി<br>ചുങ്കം-സൗത്ത് പള്ളിക്കുന്ന്, മണ്ണറോഡ് കോളനി<br>അക്കിപ്പാടം-മൈലംകോട്ട് കോളേജ്, A U P S | സൗത്ത് പള്ളിക്കുന്ന്-മൈലംകോട്-കോളേജ്<br>പൂന്തിരുത്തി-കുളർമുണ്ട റോഡ് |
| VII | ശാന്തിവയിക്കൽ, മുണ്ടക്കോട് കോളനി<br>അവണക്കുന്ന്-പുത്തില്ലം<br>മെടാംതോട്-പള്ളിക്കുന്ന്<br>മിനിസ്റ്റേഡിയം-തെക്കേക്കര<br>കുന്നത്തുള്ളി, ചെട്ടിക്കാട് | മുണ്ടക്കാട് കോളനി, കോളശ്ശേരിപ്പടി<br>ചെറാപ്പാടം-കീഴക്കേക്കര<br>ആമ്പാടത്ത് കുളമ്പ്-ആശാരി കോളനി<br>അംഗൻവാടി, പുന്നപ്പാടം<br>മെടാതോട് ചോല |
| VIII | പള്ളിപ്പടി-മുണ്ടക്കാട് റോഡ്<br>കുന്നത്തുള്ളി-പാടംറോഡ്<br>ചുള്ളിയോട്-മദ്രസറോഡ്<br>മുണ്ടക്കോട്-മുണ്ടക്കുളംറോഡ് | അവണകുന്ന്-പള്ളിപ്പടിറോഡ്<br>മരുതുംകാട്-പെരുമുണ്ടംറോഡ്<br>ചണ്ണയംകുളംറോഡ്<br>ചുള്ളിയോട്-മൈലാമ്പാടംറോഡ് |

| വാർഡ് | ഗതാഗത യോഗ്യമാക്കേണ്ടത് | പുതിയത് വേണ്ടത് |
|---|---|---|
| IX | കാരാപ്പാടം - മൈലാംപാടം റോഡ്<br>മൈലാംപാടം - പൊതുവാപ്പാടം റോഡ്<br>പുല്ലൂന്നി - വെള്ളപ്പാടം റോഡ്<br>ചെറൂട്ടി - കൽമദപ്പാറ<br>മൈലാംപാടം - പവറട്ടിപ്പടി<br>മൈലാംപാടം - പത്തുകടികുന്ന്<br>പാറപ്പുറം ചുള്ളിയോട് | വെള്ളപ്പാടം - ചാത്തൻകടി<br>കഷായപ്പടി - പൊതുവാപ്പാടം ആദിവാസികോളനിറോഡ്<br>വെള്ളപ്പാടം - യാക്കോബായപ്പള്ളി<br>പൊതുവാപ്പാടം - മേക്കളപ്പാറ |
| X | എടേരം - പുതുക്കടിറോഡ്,<br>ആശുപത്രിപ്പടി - ലക്ഷംവീട്റോഡ് | പയ്യനടം - ഏനാദിമംഗലം റോഡ്<br>പുല്ലൂന്നി - പുഴറോഡ്<br>കാവ് - ആശുപത്രിപടിറോഡ്<br>കോതറ - നെച്ചുള്ളി<br>പയ്യനടം സ്ക്കൂൾ - പള്ളിക്കുന്ന് |
| XI | പുതുക്കടി - എടേരം<br>എടേരം - കാക്കത്തിരുത്തിപ്പാററോഡ്<br>പൂളച്ചിറ - കാക്കത്തിരുത്തിപ്പാറ മുകൾഭാഗം റോഡ്<br>പൂളച്ചിറ - അക്കിപ്പാടം<br>പൂളച്ചിറ - പുഴറോഡ്<br>പഴയ റേഷൻകട - പള്ളിറോഡ് | മഹിളാസമാജം - പുതുക്കടി |

## ഊർജ്ജം

സമഗ്രവും പുതിയ കാഴ്ചപ്പാടോടുകൂടിയതുമായ ആസൂത്രണം ഏററവും ആവശ്യമായ മേഖലയാണ് ഊർജ്ജരംഗം. ഊർജ്ജരംഗത്ത് ഇതുവരെ നടന്ന വികസനവും ചർച്ചകളും എല്ലാം പ്രധാനമായും വൈദ്യുതിയെ സംബന്ധിച്ച് മാത്രമായിരുന്നു എന്ന പൊതു അവസ്ഥ കുമരംപുത്തൂരിനും ബാധകമാണ്. മനുഷ്യൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജരൂപങ്ങളിൽ ഒന്നുമാത്രമാണ് വൈദ്യുതി എന്നും മനുഷ്യന്റെ മററ് ജീവിത വ്യവഹാരരംഗങ്ങളിൽ എല്ലാം ഉപയോഗിക്കപ്പെടുന്ന പരമ്പരാഗത ഊർജ്ജസ്രോതസുകൾ എല്ലാംതന്നെ ഏതാണ്ട് മുഴുവനായും ചൂഷണം ചെയ്യപ്പെട്ടിരിക്കുകയാണെന്നും ഉള്ള ബോധം മാത്രമേ സമഗ്രമായ ഊർജ്ജാസൂത്രണത്തിലേക്കും നയരൂപീകരണത്തിലേക്കും നയിക്കുകയുള്ളൂ. ആ തരത്തിൽ ചർച്ചകൾ ഉയർത്തുന്നതിനുള്ള വിശദമായ അടിസ്ഥാനവിവരങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്നും ദ്വിതീയ വിവര സംഗ്രഹത്തിൽനിന്നും ലഭ്യമല്ല. എന്നാലും പൊതുവായ ചില പ്രശ്നങ്ങളെ ക്രോഡീകരിക്കാനും നിർദ്ദേശങ്ങൾ രൂപപ്പെടുത്താനും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാധിക്കും.

## വൈദ്യുതി

കാർഷിക–വ്യാപാര–വ്യവസായിക രംഗങ്ങളിലായി 857 (സെക്കന്ററി ഡാററ) ഉപഭോക്താക്കൾ ആണ് കുമരംപുത്തൂർ പഞ്ചായത്തിലുള്ളത്. വൈദ്യുതീകരിക്കാത്ത അനവധി വീടുകൾ പഞ്ചായത്തിലുള്ളതായി സാമൂഹ്യ സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നു. പട്ടിക 1 കാണുക.

### പട്ടിക 1

| വാർഡ് | വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം | ട്രാൻസ്ഫോർമറുകളുടെ എണ്ണം |
|---|---|---|
| I | 340 | — |
| II | 246 | 2 |
| III | 371 | 1 |
| IV | 233 | — |
| V | 225 | 2 |
| VI | 196 | — |
| VII | 242 | 1 |
| VIII | 238 | 1 |
| IX | 370 | 1 |
| X | 381 | — |
| XI | 163 | 1 |
| | 3005 | — |

പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് മണ്ണാർക്കാട് 110 K V സബ്സ്റ്റേഷനിൽ നിന്നാണ്. പഞ്ചായത്തിലെ വിതരണശൃംഖലകളിൽ 9 ട്രാൻസ്ഫോർമറുകളാണ് നിലവിലുള്ളത്. വിതരണശൃംഖലയുടെ നീളത്തെ സംബന്ധിച്ചും ആധികാരികവിവരങ്ങൾ ലഭ്യമല്ല. 161 ബൾബുകളും 7 ട്യൂബുകളും 21 സോഡിയം വേപ്പർ ലാംപുകളും ആയി 169 സ്ട്രീററ് ലൈററുകൾ ആണ് നിലവിലുള്ളത്. ശരാശരി ഒരു വാർഡിന് 16 എണ്ണം വേണം.

എല്ലാ പ്രദേശങ്ങളിലേയും ഉപഭോക്താക്കൾക്കും വോൾട്ടേജ് കുറവിനെപ്പററി നിലവിലുള്ള പരാതികൾ ഗ്രാമസഭകളിലും ചർച്ചകളിലും ഉയർന്നതായി കാണാം.

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ അധിക ഭാരം പേറുന്നതും ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് ഉൽപ്പാദന വർദ്ധനവുണ്ടാകാതിരിക്കുന്നതുമാണ് വോൾട്ടേജ് ക്ഷാമത്തിന് കാരണം.

ഇതിന് പരിഹാരം മുഖ്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് പുതിയ ട്രാൻസ്ഫോർമറുകൾ ആണ്. എന്നാൽ ദക്ഷത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുക എന്നതാണ് പ്രായോഗികവും ഇതിനകം പരീക്ഷിച്ച് വിജയമെന്ന് തെളിഞ്ഞിട്ടുള്ളതുമായ പരിഹാരം.

ബൾബുകളുടെ ഉപയോഗം പരമാവധി കുറക്കാനും കുറഞ്ഞ വോൾട്ടേജിലും പ്രകാശിക്കുന്ന ഇലക്ട്രോണിക് ചോക്കുകളുപയോഗിക്കുന്ന ഫ്ളൂറസെൻറ് ലാമ്പുകളുടെയും വളരെ കുറഞ്ഞ ഊർജ്ജം ഉപയോഗിക്കുന്ന കോംപാക്ട് ഫ്ളൂറസെൻറ് ലാമ്പുകളുടേയും ഉപയോഗം വർദ്ധിപ്പിക്കാനും ഉള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. കോംപാക്ട ഫ്ളൂറസെൻറ് ലാമ്പുകളുടെ (CFL) ഉയർന്ന വില ഒരു പ്രധാന ഘടകമാണ്. എന്നാൽ ഇതിനായി സബ്സിഡി നൽകുന്ന പദ്ധതിയെപ്പററി ആലോചിക്കേണ്ടതാണ്. ഇതു കൂടാതെ മററ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളും പ്രയോജനപ്പെടുത്താനുള്ള പദ്ധതിതരംക്കപ്പുറം രൂപം കൊടുക്കേണ്ടതാണ്. ഇത്തരം പദ്ധതികളെ പ്രോൽസാഹിപ്പിക്കുന്ന ഗവ: ഏജൻസിയായ അനർട്ടിൻെറ പദ്ധതികളെ പഞ്ചായത്തിൻെറ സാദ്ധ്യതകളോട് സംയോജിപ്പിക്കേണ്ടതാണ്.

വൈദ്യുതി രംഗത്ത് നടത്തുന്ന വികസനത്തിൽ ഓരോ വീടിനും പ്രാപ്യമായ അകലത്തിൽ വൈദ്യുതലൈൻ എത്തിക്കുന്നതിനും ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിനും മുൻഗണന നൽകേണ്ടതാണ്.

വിതരണ രംഗങ്ങളിൽ പഴക്കം ചെന്ന ലൈനുകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ സമയാസമയം പരിഹരിക്കുന്നതിനും ലൈനുകളിൽ മുട്ടിനിൽക്കുന്ന മരചില്ലകളും മററും വെട്ടിമാററുന്നതിനുംവേണ്ട കാര്യക്ഷമത ഉദ്യോഗസ്ഥതലത്തിലും ബഹുജനങ്ങൾക്കിടയിലും വളർത്തേണ്ടതാണ്.

സ്ട്രീററ്ലൈററുകൾക്കുവേണ്ടി വിവിധ ഗ്രാമസഭകളിൽനിന്നുയർന്നുവന്നിട്ടുള്ള നീണ്ടപട്ടികകൾ മതിയായ ഗൗരവത്തോടെ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിൽ വരുത്തേണ്ടതാണ്.

## മററ് ഊർജ്ജരംഗങ്ങൾ

പഞ്ചായത്തിൽ മിക്കവാറും വീടുകളിലും പാചകത്തിനായി വിറകാണുപയോഗിക്കുന്നത് എന്ന് ചർച്ചകൾ സൂചിപ്പിക്കുന്നു. പാചകാവശ്യത്തിനായിട്ടുള്ള മണ്ണെണ്ണ പെർമിററിൻെറ അപര്യാപ്തതയും സ്വകാര്യ വിപണിയിലെ മണ്ണെണ്ണയുടെ വില കൂടുതലും കാരണം മണ്ണെണ്ണ ഉപയോഗം താരതമ്യേന കുറവാണ് L P G അടുത്ത കാലത്ത് കൂടുതൽ വ്യാപിക്കുന്നുണ്ട്. വൈദ്യുതിയും പാചകാവശ്യത്തിന് വ്യാപകമായല്ലെങ്കിലും ഉപയോഗിക്കുന്നുണ്ട്.

മുഖ്യ ഉപയോഗം വിറകാണെന്നിരിക്കെ, ഇപ്പോൾ ഉപയോഗിക്കുന്ന ദക്ഷത കുറഞ്ഞ അടുപ്പുകളുടെ ഉപയോഗം കുറക്കുന്നതിനും അനർട്ടും മററും പ്രചരിപ്പിക്കുന്ന പരിഷത്തടുപ്പ് പോലെ ദക്ഷത കൂടിയ മാതൃകകൾ പ്രചരിപ്പിക്കാനും അടിയന്തിര ശ്രമം വേണം. അംഗൻവാടികളിലും സ്കൂളുകളിലും ''കമ്മ്യൂണിററി അടുപ്പുകൾ'' ജനകീയ സഹകരണത്തോടെ സ്ഥാപിക്കുന്നതും പരിഗണിക്കേണ്ടതാണ്. വോൾട്ടേജ് തീരെ കുറഞ്ഞ പ്രദേശങ്ങളിലും വൈ

ദ്യുതി എത്താത്ത വിദൂര പ്രദേശങ്ങളിലും സൗര പാലനകം ഉപയോഗിക്കാനുള്ള ഒരു പദ്ധതിയും രൂപപ്പെടുത്താവുന്നതാണ്.

**മാർക്കററ്**

വിവിധ ഉപഭോഗരംഗങ്ങളിൽ സ്വാശ്രയത്വം നേടുന്നതിൻെറ ആദ്യപടികളിലൊന്ന് തദ്ദേശീയമായ കാർഷിക-കാർഷികേതര ഉൽപന്നങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി തദ്ദേശീയമായ വിപണി രൂപപ്പെടുത്തുക എന്നതാണ്.

ജനകീയ സൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി പുനരർപ്പണ ദിനത്തിൽ 5-ാംവാർഡിൽ വട്ടമ്പലത്ത് തുടങ്ങി വിജയകരമായി പ്രവർത്തിക്കുന്ന ആഴ്ചചന്തയുടെ മാതൃക പഞ്ചായത്തിലെ മററ് മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസമെന്നത് വർദ്ധിപ്പിക്കുന്ന കാര്യവും ആലോചിക്കണം.

53

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും, സാമൂഹ്യമായും ഇനിയും ഏറെ പുരോഗമിക്കേണ്ട പഞ്ചായത്താണ് കുമരംപുത്തൂർ.

വിദേശത്ത് ജോലി ചെയ്യുന്ന 419പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ പ്രധാന ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഈ പണത്തിന്റെ ഉപയോഗം ഒതുങ്ങിനിൽക്കുന്നു.

## പട്ടിക 1

### വിദേശ ജോലിക്കാർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 41 | 40 | 33 | 36 | 19 | 40 | 90 | 37 | 15 | 26 | 42 |

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

പഞ്ചായത്തിലെ 4220 വീടുകളിൽ 3402 വീടുകൾ ഭേദപ്പെട്ടവയും 238എണ്ണം ടെറസ്സ് കെട്ടിടങ്ങളും 446 ഓലമേഞ്ഞ വീടും 129 കുടിലുകളുമാണുള്ളത്. വാർഡ് തിരിച്ചുള്ളത് പട്ടിക_2ൽ കാണുക (അവലംബം_സാമൂഹ്യ സാമ്പത്തിക സർവ്വേ)

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കമരംപുത്തൂർ ഹൗസിംഗ് സൊസൈററി, A D B മണ്ണാർക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നിവയെ പഞ്ചായത്തിലെ ജനങ്ങൾ വീട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. താലൂക്കിലെ അഞ്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്ന കമരംപുത്തൂർ ഹൗസിംഗ് സൊസൈററിയുടെ ആസ്ഥാനം നമ്മുടെ പഞ്ചായത്തിലാണ്.

എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും, യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഭവന വായ്പകൾ സാധാരണക്കാരന് ലഭ്യമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്നവീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2. പലിശ നിരക്ക് 10ശതമാനമായി നിജപ്പെടുത്തുക.

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട്കൂടി വീട് നിർമ്മിച്ച് നൽകുക.

ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ **കുടിലുകൾ** മാററിയെടുക്കുന്നതിനും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നല്കാൻ സർക്കാർ വിവിധ ഏജൻസികളിലൂടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഈ മേഖലയിൽ കാര്യമായ മാററം ഉണ്ടാക്കിയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. സംഘടിതവും പഞ്ചായത്തിൻെറ വിഭവ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി

## പട്ടിക 2

| വാർഡ് | ഓട് | ടെറസ്സ് | ഓല | കുടിൽ | Total |
|---|---|---|---|---|---|
| 1 | 356 | 29 | 53 | 25 | 463 |
| 2 | 348 | 21 | 24 | 6 | 399 |
| 3 | 381 | 13 | 63 | 17 | 474 |
| 4 | 160 | 17 | 15 | 13 | 205 |
| 5 | 312 | 66 | 17 | 3 | 398 |
| 6 | 242 | 18 | 26 | 4 | 290 |
| 7 | 297 | 18 | 39 | 10 | 364 |
| 8 | 285 | 7 | 34 | 12 | 338 |
| 9 | 315 | 16 | 92 | 9 | 432 |
| 10 | 381 | 16 | 56 | 9 | 462 |
| 11 | 325 | 17 | 27 | 26 | 395 |
| ആകെ | 3402 | 238 | 446 | 134 | 4220 |

കൊണ്ടുള്ള വിപുലമായ ഒരു പദ്ധതികൊണ്ട് മാത്രമേ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും തികച്ചും സത്യസന്ധവും ശാസ്ത്രീയവുമായ നടപടിക്രമം രൂപപ്പെട

ത്തേണ്ടിയിരിക്കുന്നു. വാർഡ് തലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടനകളെയും സംയുക്തമായി വിളിച്ച് മൊത്തം ചിലവ് നിജപ്പെടുത്തുകയും വിവിധ, സർക്കാർ സഹായത്തിന് പുറമേ പഞ്ചായത്തിലെ മനുഷ്യാധ്വാനവും മററു ധനസഹായവും സമാഹരിക്കാൻ കഴിഞ്ഞാൽ ഇതിന് പരിഹാരം കാണാൻ കഴിയും.

പഞ്ചായത്തിലെ പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്.

1. വീട് നൽകുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ശാസ്ത്രീയ മാനദണ്ഡത്തിന് രൂപം നൽകണം.

2. വീട് നിർമ്മിക്കുന്നതിന് സർക്കാർ നിലവിൽ ലഭ്യമാക്കുന്ന ധനസഹായതുക വർദ്ധിപ്പിക്കുക.

3. സർക്കാർ ധനസഹായത്തോടെ നിർമ്മിച്ച വീടുകളുടെ അററകുററപണി യഥാസമയം തീർക്കാൻ ധനസഹായം മതിയുന്നത്ര അനുവദിക്കുക.

4. ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് പ്രചാരവും പ്രോൽസാഹനവും നൽകുക. ഇതിനായി നിർമ്മിതി കേന്ദ്രയുടെ സാങ്കേതിക ഉപദേശം തേടുക.

5. പുരകെട്ടി മേയുന്നതിന് അപേക്ഷ നൽകിയവർക്ക് അവ എത്രയും വേഗം അനുവദിക്കുകയും നിലവിലുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് പ്രാഥമികമായി ചെയ്യേണ്ടത് അവർക്ക് ഭൂമി ലഭ്യമാക്കുന്നതിന്വേണ്ട നടപടികൾ ആരംഭിക്കുക എന്നതാണ്. പഞ്ചായത്തിലെ ചില വാർഡുകളിൽ ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(പട്ടിക 3 കാണുക)

## പട്ടിക 3

| വാർഡ് | സ്ഥലം |
|---|---|
| 1 | വള്ളവമ്പുഴ, കീഴെക്കളം |
| 2 | വെണ്ടാംകുറുശ്ശി, പറമ്പുള്ളി, പാലക്കണ്ണി മുകൾഭാഗം |
| 5 | മങ്കുഴിപ്പാറ, സംഗമം കോളനി, പൊത്തോഴിക്കാവ് 4സെൻറ് കോളനി |
| 6 | മണ്ണുറോഡ്ഭാഗം |
| 8 | മരുതുംകോട് മിച്ചഭൂമി |
| 10 | പുതുക്കടി |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിച്ചഭൂമിയുണ്ട്. അവ ഉപയോഗപ്പെടുത്തണം. ഇതോടനുബന്ധിച്ച് വന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ഇതിനകം 4 സെൻറ് ഭൂമി വിതരണം ചെയ്ത് കിട്ടിയവർ അതിൽ വീട് നിർമ്മിക്കാതെ വെറുതെ ഇട്ടിരിക്കുന്ന അവസ്ഥ ചില വാർഡുകളിൽ ഉണ്ട്. അവ അർഹതപ്പെട്ടവർക്ക് പുനർവിതരണം ചെയ്ത് വീട് നിർമ്മിച്ച് നൽകുന്നതിന്വേണ്ട നടപടി എടുക്കണം.

2. മിച്ചഭൂമി വിതരണം നടപ്പിലാക്കുക.

3. പട്ടയമില്ലാത്തവർക്ക് പട്ടയം നൽകുക.

4. പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുക.

5. ഭൂമി അനുവദിച്ച് കിട്ടിയവർക്ക് വീട് നിർമ്മിക്കുന്നതിന് സഹായം നൽകുക.

6. 8. 9 വാർഡുകളിലെ ഗിരിജനങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് നിരവധി ക്ഷേമപദ്ധതികൾ ഇന്ന് നിലവിലുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ, തൊഴിൽ–തൊഴിലുടമ സഹകരണത്തോടെ നടപ്പാക്കുന്നവ, പട്ടികജാതി പട്ടികവർഗ്ഗം, വനിതാ ഉന്നമനം ഇവ ലക്ഷ്യമാക്കിയുള്ള കോർപ്പറേഷനുകളും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക. പാവപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന സാമൂഹ്യ ആസ്തികൾ നിർമ്മിക്കുക, അങ്ങനെ നാട്ടിൻപുറത്തെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുക. ഇവ ലക്ഷ്യമാക്കിയുള്ള തൊഴിൽ പദ്ധതികൾ പഞ്ചായത്തിന്റെ നിതാന്ത ജാഗ്രതയോടെയുള്ള പ്രവർത്തനം കൊണ്ട് മാത്രമെ സാധിക്കുകയുള്ളൂ.

## ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനം മണ്ണാർക്കാട് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിന് കീഴിലുള്ള കുമരംപുത്തൂർ, പയ്യനെടം എന്നീ രണ്ട് വില്ലേജുകൾ വഴിയാണ്. ഇവയുടെ പ്രവർത്തനം സംബന്ധിച്ച് ശരിയായി വിലയിരുത്തുന്നതിന് ഗുണഭോക്താക്കളുടെ അനുഭവം ശേഖരിക്കേണ്ടിയിരിക്കുന്നു,

IRDP, JRY തുടങ്ങിയ പദ്ധതികളിലായി വീടുകൾ വിവിധ വാർഡുകളിൽ അനുവദിച്ചിട്ടുണ്ട്. വിവിധ വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത് ഇതിന്റെ പ്രവർത്തനം പൂർണ്ണമായും തൃപ്തികരമല്ല എന്നാണ്. പ്രസ്തുത സ്കീമുകളുടെ ഗുണഭോക്താക്കൾ സർക്കാർ അനുവദിക്കുന്ന തുകയെ മാത്രം ആശ്രയിക്കുകയും സ്വന്തം അദ്ധ്വാനവും വിഭവശേഷിയും പ്രയോജനപ്പെടുത്താത്തത് ഇത്തരം പദ്ധതികളുടെ ഗുണം ഗുണഭോക്താവിന് പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു. പലപ്പോഴും വീടുകൾ പൂർത്തിയാക്കാൻ കഴിയാത്തത് ഇതുകൊണ്ടാണെന്ന് കരുതണം.

## പട്ടിക 4

വിവിധ പദ്ധതി പ്രകാരം

അനുവദിച്ച വീടുകളുടെ എണ്ണം

| അനുവദിച്ച വർഷം | വീടുകളുടെ എണ്ണം | പൂർത്തിയാക്കാത്തത് |
|---|---|---|
| 92—93 | 10 | — 2 — |
| 93—94 | 15 | — 0 — |
| 94—95 | 20 | — 4 — |
| 95—96 | 31 | 14 |

അവലംബം—V E O രേഖകൾ

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെന്ന് കണ്ടെത്തിയ ആകെ കുടുംബങ്ങളിൽ ഒരു ന്യൂന പക്ഷത്തിന് മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 1992-93 വർഷംമുതൽ കണ്ടെത്തിയ 2320 കുടുംബങ്ങളിൽ 321 SC/ST കുടുംബങ്ങളാണ്. ഇവരിൽ 208 കുടുംബങ്ങൾക്ക് മാത്രമേ എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുള്ളു. ഇതിൽ 65 SC/ST കുടുംബങ്ങളാണ്.

### നിർദ്ദേശങ്ങൾ:

1. ഇത്തരം പദ്ധതികളെ കുറിച്ച് സർക്കാറിന്റെ നിർവ്വചനം കാലോചിതമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

2. വായ്പ അനുവദിക്കുന്നതിനു ബാങ്കുകൾ കാണിക്കുന്ന ഉദാസീനത മാററിയെടുക്കണം.

3. സഹകരണ മേഖലയെ ഈ രംഗത്ത് ഗുണപരമായി ഉപയോഗിക്കണം. ഗുണഭോക്താക്കളെ സഹായിക്കണമെന്നു ജില്ലാ സംസ്ഥാന ബാങ്കുകളോട് സംസ്ഥാന–സർക്കാർ ആവശ്യപ്പെടണം.

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അധിലധികമോ സ്ത്രീകൾ ഒന്നിച്ച് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

DWCRA പ്രകാരം പഞ്ചായത്തിൽ അനുവദിച്ച യൂണിററുകൾ.

## പട്ടിക 5

| സ്ഥലം | പദ്ധതി | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| പയ്യനെടം | നെല്ല്കുത്ത് മില്ലും തഴപ്പായ നിർമ്മാണവും | 83—84 | 20 |
| കുളർമുണ്ട | ബീഡി നിർമ്മാണം | 85—86 | 19 |
| പള്ളിക്കുന്ന് | ബീഡി നിർമ്മാണം | 86—87 | 16 |
| കുമരംപുത്തൂർ | വസ്ത്ര നിർമ്മാണം | 88—89 | 15 |
| കാരാപ്പാടം | വസ്ത്ര നിർമ്മാണം | 88—89 | 10 |

പട്ടിക–5ൽ ചേർത്തിട്ടുള്ളവയിൽ **കാരാപ്പാടത്ത് പ്രവർത്തിക്കുന്ന വസ്ത്രനിർമ്മാണ യൂണിററ്** മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുള്ളു. മററുള്ള യൂണിററുകളുടെ പ്രവർത്തനത്തെപ്പററി അന്വേഷിക്കേണ്ടതുണ്ട്. വായ്പായിനത്തിലും സബ്സിഡിയിനത്തിലും അനുവദിച്ച പതിനായിരക്കണക്കിന് രൂപ ഏത് രീതിയിൽ ചിലവഴിച്ചു എന്നു അന്വേഷിക്കേണ്ടിയിരിക്കുന്നു.

### ട്രൈസം

18 വയസ്സുമുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം.

ഈ പദ്ധതിയിൻകീഴിൽ തൊഴിൽ പരിശീലനം ലഭിച്ചവർ ആ രംഗത്ത് തുടരുന്നില്ല എന്ന അഭിപ്രായമുണ്ട്. ഈ പദ്ധതി കാര്യക്ഷമമാക്കുന്നതിന് പദ്ധതി കാലോചിതമായി പരിഷ്കരിക്കണം. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് അതാത് മേഖലയിൽ തുടരാൻ സഹായവും ശ്രദ്ധയും ആവശ്യമാണ്.

### ടൂൾകിററ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിററ്.

## പട്ടിക 6

| ട്യൂംകിററ് നൽകിയത് | |
|---|---|
| വർഷം | എണ്ണം |
| 94—95 | 5 |
| 95—96 | 10 |

അവലംബം—V E O രേഖകൾ

ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്.

### C R S P

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം ചെയ്യുന്ന പദ്ധതിയാണ് C R S P വിവിധ വർഷങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ അനുവദിച്ച കക്കൂസുകളുടെ എണ്ണം വളരെ കുറവാണെന്ന് പട്ടിക_7 കാണിക്കുന്നു.

## പട്ടിക 7

| വർഷം | എണ്ണം |
|---|---|
| 93—94 | 27 |
| 94—95 | 12 |
| 95—96 | 17 |

അവലംബം—V E O രേഖകൾ

കൂടുതൽ കുടുംബങ്ങൾക്ക് കക്കൂസ് ലഭ്യമാക്കാനും ധനസഹായ തുക വർദ്ധിപ്പിക്കാനും നടപടിവേണം.

പാവപ്പെട്ടവരോടുള്ള അനുഭാവപൂർണ്ണമായ സമീപനത്തിലൂടെയും ശ്രദ്ധാപൂർവ്വമായ ആസൂത്രണത്തിലൂടെയും തൊഴിൽ പദ്ധതികളുടെ നിലവാരം പതിന്മടങ്ങ് മെച്ചപ്പെടുത്താനാകും.

വിവിധ ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പദ്ധതികളെ കുറിച്ച് അവലോകനം നടത്തുക.
2. ഓരോ പ്രദേശത്തിലേയും പാവപ്പെട്ട സമൂഹങ്ങളെ കണ്ടെത്തുക.
3. യാന്ത്രികമായി നടപ്പിലാക്കുന്ന തൊഴിൽപദ്ധതികൾ പ്രാദേശിക വിഭവസാദ്ധ്യതകളും ഗുണഭോക്താവിന്റെ അഭിരുചിയും കണക്കിലെടുത്ത് നടപ്പിലാക്കുക.
4. ബാങ്ക്വായ്പ തിരിച്ചടക്കുന്നത് ഒഴിവാക്കുന്നതിന് ജനകീയ സമിതികളുടെ ഇടപെടൽ ആവശ്യമാക്കുക.
5. വിവിധ സാമൂഹ്യ ക്ഷേമപദ്ധതികൾ ജനങ്ങളെ അറിയിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.
6. അപേക്ഷഫോമുകൾ പഞ്ചായത്തിൽ ലഭ്യമാക്കുക.

### പെൻഷനുകൾ

വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക-തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, അഗതി പെൻഷൻ എന്നിവ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. ഇതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. പെൻഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും പണം വിതരണം ചെയ്യുന്നതും പഞ്ചായത്ത്കളിടെയാകണം.

2. കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ എത്രയും പെട്ടെന്ന് തീരുമാനം എടുക്കാനും കടിശ്ശിക വിതരണംചെയ്യാനും പഞ്ചായത്തുബോർഡ് ഇടപെടണം.

3. പെൻഷനുള്ള അപേക്ഷകളിൽ 30 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കണം.

4. വികലാംഗർക്കുള്ള പെൻഷൻ M. O. ആയി വിതരണം ചെയ്യണം.

## അംഗൻവാടികൾ

സാമൂഹ്യ സേവന രംഗത്ത് ഇന്ന് നമ്മുടെ പഞ്ചായത്തിൽ ആത്മാർത്ഥമായ പ്രവർത്തനമാണ് അംഗൻവാടികൾ കാഴ്ചവെക്കുന്നത്. ICDS ലക്ഷ്യമാക്കുന്ന രീതിയിൽ (ആയിരംപേർക്ക് ഒരംഗൻവാടി) അംഗൻവാടി ഉണ്ടെങ്കിലും നിരവധി അസൗകര്യങ്ങളും പരിമിതികളും നേരിട്ടുകൊണ്ടാണ് അവയുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണത ഗഹനമായ പരിശോധനക്ക് വിധേയമാക്കണം. അംഗൻവാടികളിലെ വെൽഫെയർ കമ്മിററികൾ സജീവമാക്കിയാലെ ഇത് പരിഹരിക്കാൻ കഴിയൂ. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിൽ അസന്തുഷ്ടിയും ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും അററകുററപ്പണികൾ യഥാസമയം നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും പ്രശ്നങ്ങളായി അവശേഷിക്കുന്നു.

ഭാവിതലമുറയെ വാർത്തെടുക്കുന്നതിൽ നല്ലൊരു പങ്ക് വഹിക്കുന്ന അംഗൻവാടി പ്രവർത്തകരുടെ സ്ഥിതി ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തികകളാണുള്ളത്. രാവിലെ 9_30മുതൽ 3_30വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ നന്മയ്ക്ക്വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരിക്ക് ലഭിക്കുന്ന വേതനവും തുച്ഛമാണ് ഈ അവസ്ഥക്ക് അടിയന്തിരമായി പരിഹരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം.

### നിർദ്ദേശങ്ങൾ

1. അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
2. ആലക്കോട്, പള്ളിക്കുന്ന് സൗത്ത് അംഗൻവാടികൾക്ക് കെട്ടിടവും സ്ഥലവും ലഭ്യമാക്കണം.
3. അംഗൻവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം.
4. അംഗൻവാടി പ്രവർത്തകരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.
5. അംഗൻവാടി കുട്ടികൾ പോഷകാഹാരം നൽകുന്നതിന് അനുവദിക്കുന്ന ധന സഹായം വർദ്ധിപ്പിക്കുക.
6. തെക്കൈക്കര, മണ്ണൂരോട്ഭാഗം, പുന്നപ്പാടം എന്നീ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുക.
7. ചേറൂട്ടി അംഗൻവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

## ക്ഷേമനിധികൾ

കെട്ടിട നിർമ്മാണ ക്ഷേമനിധി, ആഭരണ തൊഴിലാളി ക്ഷേമനിധി, കൈതൊഴിലാളി_വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി, എന്നീ ക്ഷേമനിധികൾ അതാത് മേഖലയിലെ തൊഴിലാളികളെ ചേർക്കുന്നതിന് സംഘടിത പ്രവർത്തനം നടത്തണം.

## പൊതുവിതരണം

പഞ്ചായത്തിൽ ഏഴ് പൊതുവിതരണ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. കാർഡുടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് യഥാസമയം ഭക്ഷ്യവസ്തുക്കളും എണ്ണയും ലഭ്യമാക്കണം.

### നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ ആരംഭിക്കണം.
2. പൊതുവിതരണ രംഗത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കണം.
3. റേഷൻകാർഡിനുള്ള അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിക്കണം.
4. വാർഡ്തല വികസന സമിതികൾ രൂപീകരിക്കണം.
5. ഉപഭോക്ത സംരക്ഷ സമിതി രൂപീകരിക്കണം.

# സംസ്കാരം

കുമരംപുത്തൂരിന്റെ സാംസ്കാരികരംഗം വിശകലനം ചെയ്യുമ്പോൾ മുന്നോടിയായി മഹിതമായ ഒരു ചരിത്രം എഴുതിച്ചേർക്കാനില്ല. സാംസ്കാരികരംഗത്ത് എടുത്തുപറയത്തക്ക പ്രവർത്തനങ്ങളൊന്നും പ്രാചീനകാലത്തോ പിന്നീടോ നടന്നിട്ടില്ല. സ്വാതന്ത്ര്യസമരവും ഈ ഗ്രാമത്തെ വല്ലതായൊന്നും ഉണർത്തിയിട്ടില്ല. എന്നാൽ എല്ലാ മതക്കാരും ഇടകലർന്ന് താമസിക്കുന്ന ഗ്രാമത്തിൽ മതസൗഹാർദ്ദത്തിന്റെ മഹനീയമായ പാരമ്പര്യം എന്നുമുണ്ടായിരുന്നു.

പഞ്ചായത്തിലെ ചങ്ങലീരിയിൽ വളരെ മുമ്പുതന്നെ ഒരു ഗ്രന്ഥശാല നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. പള്ളിക്കുന്നിൽ CHEST എന്ന പേരിൽ ഒരു ഗ്രന്ഥശാലയും കുമരംപുത്തൂരിൽ കൊങ്ങശേരി സ്മാരക പൊതുജന വായനശാലയും പ്രവർത്തിച്ചിരുന്നു. ഇവയെല്ലാം വിലപ്പെട്ട പുസ്തക ശേഖരങ്ങൾ ഉണ്ടായിട്ടും ഇപ്പോൾ നിർജീവമാണ്. എന്നാൽ പഞ്ചായത്തിലെ വായനപ്രേമികൾ മണ്ണാർക്കാട്ടെ കെ ജെ ടി എം സഹൃദയ വായനശാല പ്രയോജനപ്പെടുത്തുന്നുണ്ട്.

ഫിലം സൊസൈററി രംഗത്തും അമച്വർ നാടകരംഗത്തും ഇടക്കാലത്തുണ്ടായ ഊർജസ്വലമായ ചലനങ്ങളും ഇപ്പോൾ നിർജീവമാണ്.

പ്രമുഖ രാഷ്ട്രീയ കക്ഷികളുടെയെല്ലാം ഘടകങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ബഹുജന സംഘടനകളും.

സാക്ഷരതാ പ്രവർത്തനം ഏറെ ഊർജ്ജസ്വലമായി നടന്ന പഞ്ചായത്തുകളിലൊന്നാണ് കമരംപുത്തൂർ. എന്നാൽ അതിന്റെ തുടർപരിപാടികളോ ജനവിദ്യാകേന്ദ്രത്തിന്റെയും മററും പ്രവർത്തനങ്ങളോ ഫലപ്രദമായി നടക്കാഞ്ഞത് പഞ്ചായത്തിന്റെ സാക്ഷരതാ നിലവാരത്തെ ദോഷകരമായി ബാധിച്ചു.

## കായികരംഗം

കായികരംഗത്ത് അനേകം പ്രതിഭകൾ ഉണ്ടെങ്കിലും കാര്യമായ പ്രോത്സാഹനം ലഭിക്കാത്ത അവസ്ഥയാണ്. സർക്കാർ തലത്തിൽ നിലവിൽ നടപ്പാക്കുന്ന സ്കീമുകൾ ഫലപ്രദമാവുന്നില്ല എന്ന് പൊതുവേ വിമർശനമുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് മാദ്ധ്യമ രംഗത്തെ അത്യാധുനിക സൗകര്യങ്ങൾ (കമ്പ്യൂട്ടർ, D T P ഇൻറർനെററ് ... etc) ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കേന്ദ്രം സ്ഥാപിക്കണം. ഇത് ഒരു ഗ്രന്ഥശാലയോടനുബന്ധിച്ചാവാം. ഇവിടെ കമ്പ്യൂട്ടർ കോച്ചിങ്ങും ഗവേഷണ വിദ്യാർത്ഥികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

2. ഓരോ വാർഡിലും വായനശാലയും കളിസ്ഥലവും നിർമ്മിക്കാൻ പ്രവർത്തിക്കണം. നിലവിലുള്ളവ കാര്യക്ഷമവും ഫലപ്രദവുമാക്കണം.

3. പഞ്ചായത്തിലെ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകണം.

4. ഭൂമിശാസ്ത്രപരമായി വേറിട്ട് കിടക്കുന്ന ചങ്ങലീരിയിൽ സാംസ്കാരികനിലയം സ്ഥാപിക്കണം.

5. വിവിധ കായിക-കലാപ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകാൻ സംവിധാനമുണ്ടാക്കണം.

6. ഹരിജൻ കോളനികളിൽ ടി വി സ്ഥാപിക്കണം.

7. പുള്ളുവൻപാട്ട്, സർപ്പംതുള്ളൽ, പൂതം,

തിറ, കളമെഴുത്ത്, ദഫ്മുട്ട്, ഒപ്പന, ചെറുമക്കളി, പാങ്കളി തുടങ്ങിയ ഗ്രാമീണ കലാരൂപങ്ങൾ സംരക്ഷിക്കാനും പരിശീലിപ്പിക്കാനും ഒരു കേന്ദ്രം സ്ഥാപിക്കണം.

## 8. കേരളോൽസവം

നിലവിലുള്ള കേരളോത്സവ രീതി ഉടച്ച് വാർക്കേണ്ടതുണ്ട്. അമിതമായ ഔദ്യോഗികത, ജനകീയ ഉത്സവമായി മാറേണ്ട പ്രസ്തുത പരിപാടിയുടെ നിറം കെടുത്തുന്നു. കേരളോത്സവം നാടിന്റെ ഉത്സവമായി മാറ്റുന്നതിന് ജനകീയ കമ്മററികൾ പൂർണ്ണമായി കാര്യക്ഷമമാക്കണം. 18ൽ താഴെയുള്ള വിഭാഗത്തിന് മത്സരം വേണം.

9. കാളപൂട്ട് മത്സരം പോലുള്ള കാർഷിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കണം.

10. പഞ്ചായത്തിന്റെ വിവര സമാഹരണ രംഗത്ത് കൂടി പ്രയോജനപ്പെടുത്താവുന്ന തരത്തിൽ ഒരു 16 mm സിനിമാ പ്രൊജക്ടർ വാങ്ങുകയും സ്കൂളുകളിലും മററും പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും സ്വകാര്യ പ്രദർശനങ്ങൾക്ക് വിട്ടുകൊടുക്കുകയും ചെയ്യണം.

11. സാംസ്കാരിക രംഗത്ത് പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകാനും നേതൃത്വം കൊടുക്കാനും ഒരു സമഗ്രമായ വേദി രൂപീകരിക്കണം.

# വനിത

അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ലോക സാഹചര്യത്തിലും വിദ്യാഭ്യാസത്തിന്റെ വ്യാപനംപോലും ശരാശരി സ്ത്രീയുടെ ജീവിതത്തിന്റെ കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ല എന്നതാണ് ഈ പഞ്ചായത്തിലെ പൊതുചിത്രം. ആകെ 24193 ജനങ്ങളിൽ 51 2% സ്ത്രീകളാണ് (12386) ഇതിൽ 1701 എണ്ണം (13.73%) പട്ടിക ജാതിക്കാരാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിൽ നിലനിന്നിരുന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കാത്ത അവസ്ഥ ഇവിടെയും ഒരു പരിധി വരെയുണ്ടായിരുന്നു. എന്നാൽ ഈകാലത്തുതന്നെ പഞ്ചായത്തിൽ വാളിയാടി പ്രദേശത്ത് പ്രവർത്തിച്ചിരുന്ന എൽ. പി. സ്ക്കൂളിൽ മുസ്ലീം സ്ത്രീകൾ അടക്കം, നാലാംക്ലാസുവരെ പഠിച്ചിരുന്നതായി അന്വേഷണങ്ങൾ തെളിയിക്കുന്നു. എന്നാൽ അതിനുശേഷവും വനിതകളുടെ വിദ്യാഭ്യാസം പരമാവധി S. S. L. C വരെയോ പ്രീഡിഗ്രി വരെയോ ആയി ഒതുങ്ങിപ്പോകുന്ന പ്രവണത വ്യാപകമാണ്. അടുത്തകാലത്തായി ഏററവും കൂടിയത് T. T. C. വരെയോ, B. Ed വരെയോ എത്തുന്നുണ്ട്. അതിനപ്പുറം മററ് തൊഴിൽ മേഖലകളിലേക്കോ സാമൂഹികമേഖലകളിലേക്കോ സ്വാഭാവികമായി വനിതകൾ എത്തിപ്പെടുന്നതേയില്ല.

ഏതെങ്കിലും പൊതുരാഷ്ട്രീയ-സാമൂഹ്യ പ്രസ്ഥാനങ്ങളിൽ സ്ത്രീകൾ നേതൃത്വം വഹിക്കുന്നതായി കാണുന്നില്ല. ഏതാനും മഹിളാ അസോസിയേഷനുകളും മഹിളാ സമാജങ്ങളും ജനാധിപത്യ മഹിളാ അസോസിയേഷൻ തുടങ്ങി ചുരുക്കം വനിതാ സംഘടനകളും മാത്രമാണ് വനിതകളുടെ നേതൃത്വത്തിൻകീഴിൽ പ്രവർത്തിക്കുന്നത്.

പഞ്ചായത്തിലെ വനിതാക്ഷേമ വികസന പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിച്ച ഏതാനും ആദ്യകാല വനിതാ പ്രവർത്തകർ ഓർമ്മിക്കപ്പെടേണ്ടവരാണ്.

വാളിയാടി പ്രദേശത്തെ ഗേൾസ് സ്ക്കൂളിൽ അദ്ധ്യാപികയായിരുന്ന ചാവക്കാട് സ്വദേശിനി ശ്രീമതി ആമിനകുട്ടി, അക്കാലത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസ പ്രോൽസാഹനത്തിനായി മലബാർ ഡിസ്ട്രിക്ട് ബോർഡിൻ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ പഞ്ചായത്ത് സ്വദേശിനിയായ കരിമ്പനക്കൽ ആയ്ഷ, ആദ്യകാല സാമൂഹ്യ പ്രവർത്തകയായ ശ്രീമതി പി. ടി മേരി, ആദ്യത്തെ വനിതാ പഞ്ചായത്ത് അംഗം ശ്രീമതി ജാനകിഅമ്മ തുടങ്ങിയവർ ഇവരിൽ ചിലരാണ്.

## സാമൂഹ്യ പ്രശ്നങ്ങൾ

ഇരുപതാം നൂററാണ്ടിന്റെ ആദ്യകാലത്ത് കെട്ടുകല്ല്യാണം, സർവ്വവ്യാപകമായിരുന്നു. എന്നാൽ പിന്നീട് അത് നിലച്ചെങ്കിലും ഇന്ന് ഏററവും വലിയ ഒരു സാമൂഹിക പ്രശ്നമായി ബാല്യവിവാഹം നിലനിൽക്കുന്നുണ്ട്.

## തൊഴിൽ

തൊഴിൽ രംഗത്ത് സ്ത്രീകളനുഭവിക്കുന്ന അധമത്വം പരിഗണിക്കപ്പെടേണ്ടതാണ്. കാർഷിക മേഖലയിലായാലും മററ് നിർമ്മാണ മേഖലകളിലായാലും ഒരേ തൊഴിൽ ചെയ്യുന്നവർക്ക് ഒരേ കൂലി നിരക്കല്ല ലഭിക്കുന്നത്.

### *പട്ടിക 1*

### കൂലിനിരക്ക്

| | സ്ത്രീ | പുരുഷൻ |
|---|---|---|
| കാർഷിക മേഖല | 40—50 | 75—80 |
| നിർമ്മാണ മേഖല | 60 | 80 |

ഇതു കൂടാതെ മററ് കൈതൊഴിലുകൾ അറിയുന്നവരും ഒഴിവും സമയവും ഉള്ളവരുമായ വീട്ടമ്മമാർക്ക് ആ സമയം ഉപയോഗിക്കാൻ കഴിയാത്തത് സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നുണ്ട്.

മദ്യപാനമാണ് മറെറാരു സാമൂഹിക പ്രശ്നം. മദ്യപാനം കുടുംബത്തിന്റെ തകർച്ചക്ക്തന്നെ കാരണമാകുന്നതായി പല ഗ്രാമ സഭകളിലും പരാതി ഉയർന്നിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. വനിതകൾക്ക് തൊഴിലവസരങ്ങൾ കൂട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതിനായി,

i പഞ്ചായത്തിൽ നിലവിലുള്ള വനിതാ സഹകരണ സംഘം ശക്തിപ്പെടുത്തി വിവിധ വനിതാതൊഴിൽ യൂനിററുകൾ ആരംഭിക്കുക

a) തുന്നൽ അറിയാവുന്ന സ്ത്രീകളെ ഉൾപ്പെടുത്തി. ചങ്ങലീരി, കല്ലാടം, കമരംപുത്തൂർ, കുളർമുണ്ട, മൈലാമ്പാടം, പള്ളിക്കുന്ന്, പയ്യനെടം എന്നിവിടങ്ങളിൽ റെഡിമെയ്ഡ് വ്യവസായ യൂനിററുകൾ.

b) അച്ചാർ, മെഴുകുതിരി, സോപ്പ്, കൗതുക വസ്തുക്കൾ മുതലായവ നിർമ്മിച്ച് വിപണനം നടത്തുന്ന ഒരു യൂനിററ്.

c) കൂൺകൃഷി, പുഷ്പകൃഷി, കോഴിവളർത്തൽ, കാലിവളർത്തൽ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുന്നതിനും, വിപണനത്തിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

d) പായനെയ്ത്ത്, പ്ളാസ്ററിക്വർക്ക്, ടാപ്പിംഗ്, തുടങ്ങിയവക്കായി ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കണം.

e) പതിനൊന്നാം വാർഡിൽ ഒരു കോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കണം മററ് പ്രദേശങ്ങളിലും ഈ പ്രവർത്തനം തുടങ്ങാനാവശ്യമായ സഹായം നൽകണം.

f ബീഡി നിർമ്മാണം അറിയുന്ന തൊഴിലാളികളെ ഏകോപിപ്പിച്ച് സഹകരണ യൂനിററ് ആരംഭിക്കണം.

ii ഖാദി വ്യവസായ യൂനിററ് ആരംഭിക്കണം.

iii ഉന്നത വിദ്യാഭ്യാസം വനിതകൾക്ക് പ്രാപ്യമാകത്തക്കവിധം സാമ്പത്തിക സംഗത്ത് ഇടപെടുകയും ബോധവൽക്കരണം നടത്തുകയും വേണം.

2. പഞ്ചായത്ത്രാജ് സംവിധാനവുമായും ജനകീയാസൂത്രണ പ്രസ്ഥാനവുമായും ബന്ധപ്പെട്ട് സ്ത്രീകൾക്കിടയിൽ പൊതുപ്രവർത്തനത്തിലിടപെടാൻ ഉണ്ടായിട്ടുള്ള ഉണർവ്വ് നിലനിർത്താനാവശ്യമായ സാമൂഹ്യ ബോധവൽക്കരണം നടത്തണം.

3. പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റേയും ഉപ കേന്ദ്രങ്ങളുടേയും പ്രവർത്തനം ശക്തിപ്പെടുത്തണം. സ്ത്രീകൾക്കായി നിലവിലുള്ള സ്ക്കീമുകൾ പൂർണ്ണഫലം ലഭിക്കത്തക്കവിധം നടപ്പാക്കണം.

4. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. വനിതാ ബോധവത്കരണത്തിലെ മുഖ്യ കേന്ദ്രമാകാൻ അവർക്ക് കഴിയണം.

5. സ്ത്രീകളെ മുഖ്യമായി ഉദ്ദേശിക്കുന്ന, സഞ്ചരിക്കുന്ന വായനശാലാ പരിപാടി നടപ്പാക്കണം.

6. കർഷക തൊഴിലാളി-വിധവാ പെൻഷനുകൾ അർഹരായ മുഴുവൻ പേർക്കും ലഭിക്കത്തക്ക വിധത്തിൽ കാര്യക്ഷമമാക്കണം.

7. പുകവലിയും മദ്യപാനവും പൂർണ്ണമായും നിരോധിക്കണം.

8. വനിതകൾക്ക് സർക്കാർ-സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിൽ 50% തൊഴിൽ സംവരണം ഏർപ്പെടുത്തണം.

9. ഒരു ബ്ലോക്കിൽ ഒന്ന് എന്ന ക്രമത്തിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണം.

10. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെ നേരിട്ടും, നിയമപരമായും ചെറുക്കുന്നതിനു് ബോധവൽകരണത്തിനുതകുന്ന വിധത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം.

11. സ്ത്രീകൾക്കായി വർഷത്തിൽ ഒരു രോഗനിർണ്ണയ ക്യാമ്പ് നടത്തണം. ഇതിൽ വിദഗ്ദ്ധ ചികിൽസ ആവശ്യമെന്ന് കാണുന്നവർക്ക് പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തണം.

12. ക്ഷീരോത്പാദനം ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവരെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പാൽ സൊസൈററി രൂപീകരിക്കണം.

13. പഞ്ചായത്തിലെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി വിദ്യാഭ്യാസം നിർബന്ധമാക്കണം.

14. കൂടുതൽ തൊഴിൽ സാധ്യതകളുള്ള കമ്പ്യൂട്ടർ ഫാർമസി കോഴ്സുകൾ സ്ത്രീകൾക്ക് മാത്രമായി ആരംഭിക്കണം.

15. സാമ്പത്തിക പരാധീനതകൾ മൂലം ഉന്നത വിദ്യാഭ്യാസം നേടാൻ കഴിയാതെ വരുന്ന പെൺകുട്ടികൾക്ക് അത് നേടാനാവശ്യമായ സാമ്പത്തിക സഹായം ചെയ്യണം.

16. റബ്ബർപാലുപയോഗിച്ചുള്ള ഉൽപ്പന്നങ്ങളായ റബ്ബർബാൻറ്, കയ്യുറകൾ മുതലായവ നിർമ്മിക്കുന്നതിനായി ഒരു ചെറുകിട വ്യവസായ യൂനിററ് ആരംഭിക്കണം.

17. ഓരോ വാർഡിലും ഓരോ ക്രഷ് അനുവദിക്കേണ്ടതാണ്.

# സഹകരണം

1958 ഏപ്രിൽ മാസത്തിൽ ചുങ്കത്ത് ഒരു പീടിക മുറിയിൽ രൂപം കൊണ്ട "വിവിധോദ്ദേശ ഐക്യനാണയസംഘ"മാണ്. കുമരംപുത്തൂർ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം സംഘടിത പ്രവർത്തനത്തിനും ക്ഷേമസംരംഭങ്ങൾക്കും ഒട്ടും അനുകൂലമല്ലാത്ത ആ കാലഘട്ടത്തിൽ നിരവധി വെല്ലുവിളികളും ഏറെ പ്രതിസന്ധികളും അതിജീവിച്ച് കൊണ്ടാണ് ഏതാനും ജനക്ഷേമതൽപരരായ മഹത്‌വ്യക്തികൾ ഇത്തരം ഒരു സംരംഭത്തിന് തുടക്കം കുറിച്ചത്. അഞ്ചംഗ ആദ്യ ഡയറക്ടർ ബോർഡിൽ ശ്രീ. പി. കെ. നാരായണ പണിക്കർ പ്രസിഡന്റും, ശ്രീ. എ. പി. കോമൻ മേനോൻ സെക്രട്ടറിയും, ശ്രീ. വി. എം. കുട്ടിശങ്കരൻ നായർ ക്യാഷ്യറുമായി തെരഞ്ഞെടുക്കപ്പെട്ടു. മററ് രണ്ട് ഡയറക്ടർമാർ ശ്രീ. കോക്കാട്ടിൽ ശങ്കരൻ നായരും ശ്രീ. പി. ആർ. നാരായണനുമായിരുന്നു. 1960-ൽ രജിസ്റ്റർ ചെയ്ത് കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കായി മാറിയ പ്രസ്തുത സ്ഥാപനം അത്യദ്ധ്വാനത്തിലൂടെ വളർത്തികൊണ്ട് വരുന്നതിന് സർവ്വശ്രീ. പാലയംകോടൻ മുഹമ്മദ്, എസ്. കെ. മൊയ്തു, വി. എം. കുട്ടിശങ്കരൻനായർ, കോക്കാട്ടിൽ ശങ്കരൻനായർ തുടങ്ങിയ ആദ്യകാല സഹകാരികളുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം സ്മരണീയമാണ്. ഈ പ്രവർത്തനത്തിനാകെ പ്രേരകനും മാർഗദീപവുമായി പ്രവർത്തിച്ച അന്നത്തെ ഗ്രാമസേവകൻ പുളിക്കൽ സ്വദേശി ശ്രീ. ടി. മുഹമ്മദാലി അവർകളെ ഇവിടെ പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതാണ്.

ഇന്ന് കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് പാലക്കാട്ട് ജില്ലയിലെ തന്നെ പ്രമുഖ സഹകരണ സ്ഥാപനമാണെന്നുള്ള വസ്തുത അഭിമാനകരമാണ്.

## കുമരംപുത്തൂർ സർവ്വീസ് സഹകരണ ബേങ്ക്

കുമരംപുത്തൂർ പഞ്ചായത്ത് അതിർത്തികളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കാണ് കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്. ഈ ബാങ്കിന്റെ പ്രവർത്തനം ഒരു പരിധിവരെ നല്ല നിലയിൽ നടക്കുന്നു. പയ്യനടത്ത് ഈ ബാങ്കിന്റെ ഒരു ബ്രാഞ്ച് ഉണ്ട്. പഞ്ചായത്തിലെ കൃഷിക്കാർക്കാവശ്യമായ ധനസഹായം നൽകുന്നതിൽ ബാങ്ക് പൂർണ്ണമായി വിജയിച്ചിട്ടില്ല.

കാർഷിക ലോണുകൾ വിതരണം ചെയ്യുന്നതിലുള്ള പ്രയാസങ്ങളും വിവിധ സർക്കാർ ഏജൻസീസ് മുഖേന കൃഷിക്കാരന് ലഭിക്കുന്ന ധനസഹായങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ബാങ്കിന്റെ ഭരണസമിതികളും കൃഷിക്കാരുടെ പ്രതിനിധികളും കൃഷിഭവൻ ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന സമിതി ഉണ്ടായിരിക്കണം. ഇത് കാര്യക്ഷമമായി പ്രവർത്തിച്ചാൽ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. ബാങ്കിന്റെ കീഴിൽ കൃഷിക്കാരൻ ഉത്പാദിപ്പിക്കുന്ന പ്രധാന ഉത്പന്നങ്ങൾ വാങ്ങുവാൻ (വാഴ, റബ്ബർ, നാളികേരം) പർച്ചേസ് ഡിപ്പോകൾ തുടങ്ങണം. പയ്യനേടത്തും ചുങ്കത്തും ചങ്ങലീരിയിലും തുടങ്ങേണ്ടതാണ്.

കൃഷിക്കാർക്ക് അത്യാവശ്യമായ വളങ്ങൾ എത്തിച്ച് കൊടുക്കാൻ ഈ ഡിപ്പോകൾ മുഖാന്തിരം നടപടി സ്വീകരിക്കണം.

ഈ പഞ്ചായത്തിലെ എല്ലാ വീട്ടുകാരേയും ഈ ബാങ്കിൽ അംഗങ്ങളാക്കുന്നതിനും ഒപ്പം ഓരോ വീട്ടിൽനിന്നും ഒരു അക്കൗണ്ടെങ്കിലും തുടങ്ങുന്നതിനും അങ്ങനെ സമ്പാദ്യശീലം വളർത്തുന്നതിനും കഴിയണം.

## കുമരംപുത്തൂർ ഹൗസിംഗ് സൊസൈററി

1979-ൽ സ്ഥാപിതമായ ഈ സ്ഥാപനം, കുമരംപുത്തൂർ പഞ്ചായത്തിന് പുറമേ, സമീപ പഞ്ചായത്തുകളായ മണ്ണാർക്കാട്, അലനല്ലൂർ, തച്ചനാട്ടുകര, കോട്ടോപ്പാടം എന്നിവിടങ്ങളിലെ ജനങ്ങളും പാർപ്പിട നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തുന്നു.

എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ വ്യവസ്ഥകളും, യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്.

## ഹരിജൻ സഹകരണ സംഘം

വളരെയേറെ സൗകര്യങ്ങളും സാധ്യതകളും ഉണ്ടായിട്ടും പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന ഹരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടത് അത്യാവശ്യമാണ്.

## മററ് സംഘങ്ങൾ

നിലവിൽ പ്രവർത്തനക്ഷമമായ മററ് സംഘങ്ങൾ വെള്ളപ്പാടം ക്ഷീര സഹകരണ സംഘം. ഹൈസ്കൂളിലെയും ഏനാനും യു. പി സ്കൂളുകളിലേയും കൺസ്യൂമർ സൊസൈററികൾ തുടങ്ങിയവയാണ്. ഇപ്പോൾ പ്രവർത്തന ക്ഷമമല്ലാതെ കിടക്കുന്ന ചുങ്കത്തെ ക്ഷീര സഹകരണ സംഘം, വനിതാ സഹകരണ സംഘം, വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ മററ് സഹകരണ സ്ഥാപനങ്ങളാണ്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## നിർദ്ദേശങ്ങൾ

1. റബ്ബർ, വാഴ, നാളികേരം എന്നീ ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിൽപന നടത്തുന്നതിനും ഒരു മാർക്കററിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങണം.

2. സഹകരണാടിസ്ഥാനത്തിൽ വിവിധ തൊഴിൽ സാദ്ധ്യതകളുള്ള ട്രെയ്നിംഗ് സെൻററുകൾ തുടങ്ങുക. പ്രസ്തുത സെൻററിൽ (1) ടാപ്പിംഗ്, (2) ഡ്രൈവിംഗ്, (3) കംപ്യൂട്ടർ, (4) ഐ. ടി. സി. ട്രെയ്നിംഗ്, (5) കെട്ടിടനിർമ്മാണം എന്നിവ ഉണ്ടായിരിക്കണം.

3. വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക. വനിതകളുടെ തൊഴിലുമായി ബന്ധപ്പെട്ട് കോഴിവളർത്തൽ കേന്ദ്രം, ബീഡിവ്യവസായ യൂനിററ്, പുഷ്പകൃഷി, മത്സ്യകൃഷി, ടൈലറിംഗ് യൂനിററ്, ടാപ്പിംഗ് പരിശീലന കേന്ദ്രം, സോപ്പുനിർമ്മാണം, തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവ തുടങ്ങുക.

4. കുമരംപുത്തൂർ സഹകരണ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക. ചങ്ങലീരിയിൽ ബ്രാഞ്ച് തുടങ്ങുക. കാർഷിക ഉത്പന്നങ്ങൾ കൃഷിക്കാരിൽനിന്നും വാങ്ങുകയും കീടനാശിനി, രാസവളം തുടങ്ങിയവ വിതരണം ചെയ്യുന്നതിനും സംവിധാനം ഉണ്ടാക്കുക. കാർഷിക ആവശ്യത്തിന് നൽകുന്ന ആൾജാമ്യ വായ്പ 10,000രൂപയിൽനിന്ന് 20,000രൂപയാക്കുക. കാർഷികേതര വായ്പകൾ ആൾജാമ്യത്തിൽ നൽകുന്നത് 2000 രൂപയിൽനിന്ന് 5000രൂപയാക്കുക.

5. ഹരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

6. സഹകരണ സംഘങ്ങളിൽ അർഹതയുള്ള എല്ലാവർക്കും മെമ്പർഷിപ്പ് നൽകുക.

7. പഞ്ചായത്തിൽമാത്രം ഒരു ഭവന നിർമ്മാണ സംഘം ഉണ്ടാക്കുക.

8. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ഒരു സഹകരണ സംഘം ഉണ്ടാക്കുക.

9. ഓട്ടോ...ടാക്സി സഹകരണ സംഘം ഉണ്ടാക്കുക.

10. ഖാദി ബോർഡിന്റെ കീഴിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് വിവിധ വ്യവസായ യൂനിററുകൾ തുടങ്ങുക.

11. വ്യവസായ യൂനിററിന്റെ കീഴിൽ ഒരു ചെറുകിട സഹകരണ വ്യവസായ യൂനിററ് ആരംഭിക്കുക.

12. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തതിർത്തിയിൽ ഒരു ആയുർവേദ മരുന്ന് ഉൽപാദന കേന്ദ്രവും വിപണനവും ഒരു ഹോസ്പിററലും ആരംഭിക്കുക.

## സഹകരണ മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പുതിയ പദ്ധതികൾ

### 1. ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിതമായ ധാരാളം തൊഴിലാളികൾ ഈ മേഖലയിൽ, കരിവംപത്തൂർ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ രംഗത്ത് ധാരാളം പുതിയ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. അവ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താൻ കഴിയും. നിർമ്മാണ പ്രവൃത്തികൾ പുതിയ കുറെ ആളുകളെ പഠിപ്പിക്കുകയും സംഘത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയും സംഘത്തിലെ അംഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യാവുന്നതാണ്. നിർമ്മാണ രംഗത്ത് ഇന്ന് നടക്കുന്ന അഴിമതികൾ ഒരു പരിധിവരെ അവസാനിപ്പിക്കാൻ ഈ സംഘത്തിന്റെ പ്രവർത്തനം കൊണ്ട് കഴിയുന്നതാണ്.

### 2. കൺസ്യൂമർ സഹകരണ സംഘം

ചുരുക്കം ചില സ്റ്റോർ സംഘങ്ങൾ ഒഴിച്ചാൽ ഈ പഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തനം ഇല്ല. പയ്യന്നേടം വില്ലേജ് കേന്ദ്രീകരിച്ച് പള്ളിക്കുന്നിലും കരിമ്പത്തൂർ വില്ലേജ് കേന്ദ്രീകരിച്ച് ചുങ്കത്തും ഓരോ കൺസ്യൂമർ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം. ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ഈ പഞ്ചായത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കൺസ്യൂമർ സംഘങ്ങൾ പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കണം.

(a) വീട്ടുപകരണങ്ങൾ തവണ വ്യവസ്ഥയിൽ വിതരണം ചെയ്യുക.

(b) സ്കൂൾ കുട്ടികൾക്കാവശ്യമായ യൂനിഫോമുകൾ, പുസ്തകങ്ങൾ എന്നിവ കച്ചവടം നടത്തുക.

(c) ചുങ്കത്തും പള്ളിക്കുന്നിലും ഓരോ സൂപ്പർ മാർക്കറ്റ് സ്ഥാപിക്കുക.

### 3. പച്ചക്കറി ഉത്പാദക-വിപണന സഹകരണ സംഘം

കേരളത്തിന്റെ വലിയൊരു ഭാഗം വരുമാനം പച്ചക്കറികളുടെ ഉപഭോഗം വഴി അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. പഞ്ചായത്തിൽ ഒരു പച്ചക്കറി ഉല്പാദക-വിപണന സഹകരണ സംഘം രൂപീകരിച്ച് പച്ചക്കറികളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുകയും, ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ പച്ചക്കറി കൃഷി ചെയ്യുകയും ചെയ്യാവുന്നതാണ്.

സംഘത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ:-

(a) പച്ചക്കറി കൃഷി നടത്താൻ പര്യാപ്തമായ സ്ഥലങ്ങൾ കണ്ടെത്തുകയും നേരിട്ട് പച്ചക്കറി കൃഷി നടത്തുകയും ചെയ്യുക.

(b) സംഘത്തിലെ മെമ്പർമാർക്ക് നല്ലയിനം പച്ചക്കറി വിത്തുകൾ, വളങ്ങൾ എന്നിവ വിതരണം ചെയ്യുകയും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

(c) കൃഷിയുടെ തരം നോക്കി വായ്പ കൊടുക്കുക.

(d) ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ കൃഷിക്കാരിൽനിന്നും വാങ്ങി വിതരണം ചെയ്യുക.

(e) പച്ചക്കറിയുടെ ഉൽപാദനം കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

### 4. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ വെള്ളപ്പാടം ക്ഷീരോൽപാദക സംഘം. 8, 9, 10 വാർഡുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. മററ് പ്രദേശങ്ങളിൽ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം ഇല്ല. 1, 2 വാർഡുകൾ കേന്ദ്രീകരിച്ച് ചങ്ങലീരിയിലും 3, 4, 5 വാർഡുകൾ കേന്ദ്രീകരിച്ച് ചുങ്കത്തും 6, 7, 8 വാർഡുകൾ

കേന്ദ്രീകരിച്ച് പള്ളിക്കുന്നിലും ഓരോ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പുതിയതായി രൂപീകരിക്കേണ്ടതാണ്. പാൽ ഉൽപാദനം കൂട്ടുന്നതിനും പാൽ വിതരണം നടത്തുന്നതിനും സംഘങ്ങൾ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

സംഘം മുഖേന നടപ്പിലാക്കാവുന്ന പരിപാടികൾ.

(a) അതാത് ദിവസത്തെ ഉപഭോഗംകഴിച്ച് ബാക്കിവരുന്ന പാൽ കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടായിരിക്കണം. അതിനാവശ്യമായ മൂലധനം സർക്കാർ അനുവദിക്കേണ്ടതാണ്.

(b) കാലിത്തീററ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടായിരിക്കണം.

(c) നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടി എടുക്കണം.

(d) വിവിധ ഏജൻസികൾ മുഖേന ക്ഷീര വികസനത്തിന് ലഭിക്കുന്ന ധനസഹായം സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

(e) കന്നുകാലികളുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

## 5. മലഞ്ചരക്ക് ഉൽപാദക-വിപണന സഹകരണ സംഘം

പഞ്ചായത്തിലെ നല്ലൊരു വിഭാഗം കൃഷിക്കാർ മലഞ്ചരക്ക് കൃഷി നടത്തുന്നതിൽ വ്യാപൃതരാണ്. മലഞ്ചരക്ക് കൃഷിക്ക് വളരെ സാദ്ധ്യതയുള്ള പ്രദേശവുമാണിവിടം. അതുകൊണ്ട് ഒരു മലഞ്ചരക്ക് ഉൽപാദക-വിപണന സഹകരണ സംഘം രൂപീകരിച്ച് മലഞ്ചരക്ക് കൃഷികളുടെ ഉൽപാദനം കൂട്ടുവാനും, അതുവഴി പഞ്ചായത്തിലെ കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്. താഴെ നിർദ്ദേശിച്ചിരിക്കുന്ന പരിപാടികൾ സംഘം മുഖേന നടപ്പിലാക്കാവുന്നതാണ്.

(a) നല്ലയിനം വിത്തുകൾ കൃഷിക്ക് എത്തിച്ച് കൊടുക്കുകയും അവ കൃഷിചെയ്യുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുകയും ചെയ്യുക.

(b) പഞ്ചായത്തിലുള്ള കൃഷിക്ക് ഉപയുക്തമായ പൊതുസ്ഥലങ്ങളിൽ മലഞ്ചരക്ക് നേരിട്ട് കൃഷിചെയ്യുക.

(c) കൃഷിക്കാരുടെ ഉത്പന്നങ്ങൾ വാങ്ങിക്കുക.

(d) മലഞ്ചരക്ക് ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ യൂണിററുകൾ ആരംഭിക്കുക.

(e) ലോൺ സൗകര്യങ്ങൾ ലഭ്യമാക്കുക.

## 6. ആയുർവേദ മരുന്ന് ഉത്പാദക-വിപണന സംഘം

പഞ്ചായത്തിൽ ആയുർവേദ ചികിത്സാ രംഗത്ത് ജോലി എടുക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. പഞ്ചായത്തിലെ മേലേപ്പാട് കുടുംബത്തിലെ വൈദ്യൻമാർ ആയുർവേദ ചികിത്സാ രംഗത്ത് പ്രശസ്തി നേടിയവരാണ്. ഇവരെ സംഘടിപ്പിച്ച് ആയുർവേദ മരുന്ന് ഉത്പാദക-വിപണന സംഘം രൂപീകരിക്കണം.

സംഘത്തിന്റെ പ്രവർത്തനങ്ങൾ:-

(a) പഞ്ചായത്തിന്റെ 30 ഏക്കർ സ്ഥലത്ത് ഒരു ആയുർവേദ മരുന്നുൽപാദക കേന്ദ്രം സംഘത്തിന്റെ കീഴിൽ തുടങ്ങണം.

b) സംഘത്തിന്റെ കീഴിൽ ഒരു ആയുർവേദ ആശുപത്രി തുടങ്ങണം.

(c) ആയുർവേദ മരുന്നുകളുടെ ഉൽപാദനത്തിന് ഒരു യൂനിററ് ആരംഭിക്കണം. പച്ചമരുന്നുകൾ ശേഖരിച്ച് വിതരണം ചെയ്യണം.

## വനിതാ സഹകരണ സംഘം

ഇപ്പോൾ കുമരംപുത്തൂർ പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം ഉണ്ട്. ഇത് പ്രവർത്തിക്കുന്നില്ലഎന്ന് പറയാം. ഏററവും കൂടുതൽ തൊഴിൽ രംഗത്ത് പ്രവർത്തിക്കാൻ ഈ സംഘം മുഖേന കഴിയും.

## നിർദ്ദേശങ്ങൾ

1. ഒരു വീട്ടിൽനിന്ന് ഒരു വനിതയെ എങ്കിലും മെമ്പറായി ചേർക്കണം.

2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പുതിയ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്ന ജോലികൾ ഏറ്റെടുക്കാൻ കഴിയും.

## 1. കോഴിവളർത്തൽ യൂനിറ്റ്

(വാർഡ് 11) കാക്കത്തിത്തി:-

മണ്ണാർക്കാട് ടൗണിനോട് ചേർന്ന പ്രദേശമാണിത്. ഇവിടെ ജോലിക്ക് ധാരാളം സ്ത്രീകളെ ലഭിക്കും. കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി ഇറച്ചിക്കോഴികളെ വിൽക്കാൻ സാധിക്കും.

ചുങ്കം വാർഡ് 4, 5.

വനിതാ സംഘത്തിന്റെ സൂപ്പർമാർക്കറ്റ്, നെല്ല്കുത്തുമില്ല്, പൊടിക്കുന്ന മില്ല്, ടൈലറിംഗ് യൂനിറ്റ് എന്നിവ നടത്താൻ കഴിയും.

കളപ്പാടം വാർഡ് 3

ഔഷധച്ചെടികൾ നട്ടുപിടിപ്പിച്ച് വിൽപ്പന നടത്തുന്ന ഒരു യൂനിറ്റ് നടത്താൻ കഴിയും.

ചങ്ങലീരി

ചട്ടികൾ വാങ്ങി ചെടി നട്ട്, ചെടിച്ചട്ടി നിർമ്മിക്കുന്ന ഒരു പരിപാടി തുടങ്ങണം.

കാരാപ്പാടം, പയ്യനെടം

തെങ്ങിന്റെ ഓലകൊണ്ട് തടുക്ക് ഉണ്ടാക്കുന്ന ഒരു യൂനിറ്റ് തുടങ്ങാൻ കഴിയും.

# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

1991-ലെ സെൻസസ്പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 3275 പട്ടികജാതിക്കാരും 63 പട്ടികവർഗ്ഗക്കാരുമാണ്. 1996-ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം പഞ്ചായത്തിൽ 509 പട്ടികജാതി കുടുംബങ്ങളാണുള്ളത്.

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ മുൻകാലങ്ങളിൽ സാമൂഹ്യ സാമ്പത്തിക മേഖലയിൽ അനുഭവിച്ചിരുന്ന പിന്നോക്കാവസ്ഥ ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിരിക്കുന്നു എന്നു പറയാം. സർക്കാർ ഇതുവരെ നടപ്പാക്കിവന്ന പദ്ധതികളുടെ ഗുണഫലം ഭാഗികമായെങ്കിലും അനുഭവപ്പെടുന്നുണ്ട്. എന്നാൽ പല പദ്ധതികളെ സംബന്ധിച്ചും ക്ഷേമ പരിപാടികളെ സംബന്ധിച്ചുമുള്ള അറിവില്ലായ്മകൊണ്ട് പല പദ്ധതികളും പൂർണ്ണരൂപത്തിൽ പ്രയോജനപ്പെടുന്നില്ല.

## വിദ്യാഭ്യാസം

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കിടയിൽ നിരക്ഷരത ഇവിടെ പൊതുവെ കുറവാണെങ്കിലും വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്ന സാമൂഹ്യമായ ഉന്നമനം ഭാഗികമായിപ്പോലും ഇനിയും ലഭിച്ചിട്ടില്ല. കലാലയവിദ്യാഭ്യാസത്തിലേക്ക് അപൂർവ്വമായി മാത്രമേ ഇപ്പോഴും ഇവർ എത്തിപ്പെടുന്നുള്ളൂ. S S L C വരെ ഏതാണ്ട് എല്ലാവരും എത്തുന്നുവെങ്കിലും S S L Cയ്ക്ക് പരാജയപ്പെടുന്ന പലരും തുടർന്നു പഠിക്കാൻ താൽപര്യപ്പെടുന്നില്ല.

## തൊഴിൽ

പരമ്പരാഗതമായി കാർഷിക മേഖലയിൽ ജോലി ചെയ്തുവരുന്നവരാണ് പട്ടികജാതിക്കാരിൽ ഭൂരിപക്ഷവും. ചുരുക്കം ചിലർ പായനെയ്ത്തും മറ്റും തൊഴിൽ ചെയ്യുന്നവരാണ്. എന്നാൽ ഇന്ന് കാർഷികമേഖലയുടെ തകർച്ചയോടെ മിക്കവാറും എല്ലാ വിഭാഗക്കാരും നിർമ്മാണരംഗത്തേക്ക് മാറിയിരിക്കയാണ്. നിലവിൽ കാർഷിക രംഗത്തേക്കാൾ തൃപ്തികരമായ കൂലിനിരക്ക് ലഭിക്കുന്നു എന്നത് വസ്തുതയാണ്.

## പാർപ്പിടം അടിസ്ഥാന സൗകര്യങ്ങൾ

പരമ്പരാഗതമായി താമസിച്ച് വന്നിരുന്ന ചെറ്റക്കുടിലുകളിൽനിന്നും ഭൂരിഭാഗം കുടുംബങ്ങളും മോചിതമായിട്ടുണ്ട്. സർക്കാർ നടപ്പിലാക്കുന്ന വിവിധ സ്കീമുകളും സാമൂഹ്യമായ ഉന്നമനവും ഇതിനു കാരണമാണ്. എന്നാലും മുഴുവൻ കുടുംബങ്ങൾക്കും വീടുനല്ലാനാവശ്യമായ പദ്ധതികൾ തുടരണം. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കണം.

പല കോളനികളിലും കക്കൂസ് ഇന്നും പ്രശ്നമാണ്. ഇത് പരിഹരിക്കാനും പദ്ധതികൾ രൂപപ്പെടുത്തണം.

## വാർഡ് തിരിച്ചുള്ള കോളനികൾ

## പട്ടിക 1

| വാർഡ് | | വാർഡ് | |
|---|---|---|---|
| 1 | പാട്ടത്തിൽ കോളനി, പറമ്പുള്ളി, അമ്പലപ്പറമ്പ്, പൊതന്നികോട്ട് | 2 | കല്ലുംകോട് |
| 3 | വഴിക്കുന്ന്, തൃക്കംപ്പാറ, കന്തിപ്പാടം | 4 | ചെറുകര, മുണ്ടക്കോട് |
| 5 | വടക്കേമഠം | 6 | വാളിയാടി, മണ്ണറോട്ടിൽ |
| 7 | മുണ്ടക്കാട്ടിൽ, മരുതുംകോട്ടിൽ കന്നത്തുള്ളി | 8 | കമ്പംകോട് |
| 9 | കാരാപ്പാടം-ആദിവാസി കോളനി | | |

അവലംബം:- പഞ്ചായത്താഫീസ് രേഖകൾ

### പ്രശ്നങ്ങൾ

1. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇവർ അപൂർവ്വമായി മാത്രമെ എത്തിപ്പെടുന്നുള്ളു.
2. കാർഷിക മേഖലയിൽനിന്ന് തൊഴിൽ രംഗം നിർമ്മാണ മേഖലയിലേക്ക് തിരിയുന്നു. എന്നാൽ ഇവിടെ കിട്ടുന്ന അധികവരുമാനം ജീവിതാഭിവൃദ്ധിക്കായി ഉപയോഗിക്കപ്പെടുന്നില്ല.
3. വിവിധ പദ്ധതികളിൽകൂടി ലഭിക്കുന്ന സാമ്പത്തിക സഹായം പൂർണ്ണമായ ഫലപ്രാപ്തിയിലെത്തുന്നില്ല.
4. കോളനികളിൽ വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത.
5. കോളനികൾക്കുള്ള പൊതുശ്മശാനങ്ങളുടെ അഭാവം.
6. ചുരുക്കം ചില പ്രദേശങ്ങളിൽ കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ല.
7. ചിലയിടത്തെങ്കിലും വീടുവെക്കാൻ ഭൂമിയില്ല.
8. ഇവർക്കിടയിലെ കായികതാരങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
9. സാമൂഹ്യാധ:പതനത്തിൽ മദ്യം മുഖ്യപങ്ക് വഹിക്കുന്നു.
10 കോളനികളിലെ അംഗനവാടികളിൽ പ്രാഥ

മിക സൗകര്യങ്ങൾ, ഫർണീച്ചർ, കളിക്കോപ്പ് എന്നിവയില്ല.

## നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ടതും അംഗീകരിക്കപ്പെടാത്തതുമായ എല്ലാ കോളനികളിലെയും വീടില്ലാത്തവർക്ക് വീടും കക്കൂസില്ലാത്തവർക്ക് കക്കൂസും നൽകണം.

2. എല്ലാ കോളനികളോടുമനുബന്ധിച്ച് പൊതു ശ്മശാനത്തിന് സ്ഥലം കണ്ടെത്തണം. ശ്മശാനം നിലവിലുള്ള കോളനികളിൽ അത് ചുററുമതിൽ കെട്ടി സംരക്ഷിക്കണം. (കന്നത്തുള്ളി ശ്മശാനം പോലുള്ളവ)

3. കോളനിയായി അംഗീകരിക്കപ്പെടാത്തതും പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായ അനേകം കുടുംബങ്ങൾ താമസിക്കുന്നതുമായ പ്രദേശങ്ങൾ കോളനിയായി പ്രഖ്യാപിക്കപ്പെടണം.

4. പല കോളനികളിലേക്കുമുള്ള വഴി സൗകര്യം മെച്ചപ്പെടുത്തണം. പലയിടത്തും പ്രദേശ നിവാസികളുടെ സഹകരണം ഇക്കാര്യത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

5. ഇനിയും വൈദ്യുതീകരിക്കപ്പെടാത്ത കോളനികൾ ഉടനടി വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. സ്ട്രീററ് ലൈററുകൾ ഏർപ്പെടുത്തണം.

6. കുടിവെള്ളം എല്ലാ കോളനികളിലുമെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

7. പ്രാഥമിക വിദ്യാഭ്യാസത്തിന് അനുവദിക്കപ്പെട്ടിരിക്കുന്ന സാമ്പത്തിക ഇതര സഹായങ്ങൾ വർദ്ധിപ്പിക്കുകയും അത് പൂർണ്ണ രൂപത്തിൽ ലഭ്യമാകത്തക്കവിധം ബോധവൽക്കരണം നടത്തുകയും വേണം.

8, കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്ത സ്ഥലങ്ങളിൽ അത് നൽകാനാവശ്യമായ നടപടികൾ എടുക്കണം.

9. ഇതുവരെയും പട്ടികജാതിക്കാരായി അംഗീകരിക്കപ്പെടാത്ത കൊശവ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണം.

10. കോളനികളിൽ ഉൾപ്പെടാതെ ഒററപ്പെട്ടുകിടക്കുന്ന വീടുകൾ സമീപത്തുള്ള കോളനികളിൽ ഉൾപ്പെടുത്തി സഹായങ്ങൾ എത്തിക്കണം.

11. പഞ്ചായത്തിൽ നിലവിലുള്ള മിച്ചഭൂമി ഏറെറടുത്ത് വിതരണം ചെയ്യണം.

12. നിരക്ഷരരായ പട്ടികജാതി വർഗ്ഗക്കാർക്കായി കോളനികളെ കേന്ദ്രീകരിച്ച് തുടർവിദ്യാഭ്യാസ പദ്ധതി പഞ്ചായത്ത് മേൽനോട്ടത്തിൽ നടത്തണം.

13. ഹരിജനങ്ങൾക്കിടയിലെ ചെറുപ്പക്കാരായ കായികതാരങ്ങളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും കാര്യക്ഷമമായ പദ്ധതി നടപ്പാക്കണം.

14. മദ്യത്തിൻെറ സ്വാധീനത്തിനെതിരെ നിയമപരമായ നടപടികളും ബോധവൽക്കരണവും ആവശ്യമാണ്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണം.

15. പാരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകണം.

16. ട്രൈസം പദ്ധതി കാര്യക്ഷമമാക്കണം.

17. അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ, ഫർണീച്ചർ, കളിക്കോപ്പുകൾ എന്നിവ എത്തിക്കണം. ഇവയിൽ പലതും ജനകീയ സഹകരണത്തോടെ ചെയ്യാവുന്നതാണ്.

77

# വിഭവ സമാഹരണം

ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പ്രധാന വരുമാന മാർഗങ്ങൾ കെട്ടിട നികുതി, തൊഴിൽനികുതി, ലൈസൻസ്ഫീസുകൾ എന്നിവ കൂടാതെ കാലാകാലങ്ങളിൽ ലഭിക്കുന്ന വിവിധ സർക്കാർ ഗ്രാന്റുകളുമാണ് ഒരു പഞ്ചായത്ത് എന്ന നിലയിൽ അത്യാവശ്യമായും നിർബ്ബന്ധമായും ഏറ്റെടുക്കേണ്ട സാമൂഹ്യ ക്ഷേമ പരിപാടികൾക്ക് ഈ വരുമാനം എത്രത്തോളം അപര്യാപ്തമാണെന്ന് ഒരു ഏകദേശ പരിശോധനയിൽതന്നെ മനസിലാകുന്നതാണ്. നികുതികളടക്കം നിലവിലുള്ള വരുമാനങ്ങളെ കാല ദേശാനുസൃതമായി പരിഷ്ക്കരിക്കാത്തതും ഇപ്പോൾതന്നെയുള്ള വിഭവങ്ങളെ പ്രത്യുല്പാദന പരമായി വിനിയോഗിക്കാത്തതാണ് ഇതിനു കാരണം. അതുകൊണ്ടുതന്നെ നിലവിലുള്ള വരുമാനങ്ങളെ ശാസ്ത്രീയമായും വികസനോന്മുഖമായും പരിഷ്കരിക്കുകയും അതോടൊപ്പം സ്ഥായിയായ പുതിയ വരുമാനമാർഗങ്ങൾ അന്വേഷിക്കേണ്ടതും അത്യാവശ്യമായിരിക്കുന്നു. ഈ രണ്ടു ദിശയിലെ പ്രവർത്തനങ്ങൾ ആലോചിക്കുമ്പോൾ ആദ്യമായി നിലവിലിരിക്കുന്നവയെ പരിശോധിക്കുന്നതാണെളുപ്പം.

## (i) കെട്ടിട നികുതി

കെട്ടിട നികുതിയിനത്തിൽ നമ്മുടെ പഞ്ചായത്തിൽ തൊട്ടു കഴിഞ്ഞ സാമ്പത്തിക വർഷം 1,18,330.60 രൂപയാണ് വരവ്.

കെട്ടിട നികുതി ഈടാക്കുന്നത് ഇപ്പോഴും ശാസ്ത്രീയമായല്ല. കെട്ടിടം ഉടമയുടെ സ്വാധീനവും മററുശേഷികളും ഇപ്പോഴും മാനദണ്ഡമാക്കപ്പെടുന്നു.

നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല, ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ എണ്ണവും മാനദണ്ഡമാക്കണം.

സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം.

വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ചുമത്തുമ്പോൾ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

വീട് അസ്സസ്സ് ചെയ്തത് ഏതടിസ്ഥാനത്തിലാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാകണം. ഒരു അസ്സസ്സ്മെന്റ് കമ്മിററി ഉണ്ടാക്കുന്നതും നന്നായിരിക്കും.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

കെട്ടിട നികുതി അസ്സസ്സ് ചെയ്യുന്ന അടിസ്ഥാനം പഞ്ചായത്തിൽ ആകെ പരസ്യപ്പെടുത്തുന്നത് നല്ലതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് മുൻപുതന്നെ ഉദ്ദേശിക്കുന്ന അളവിനും പ്രത്യേകതകൾക്കും എത്രത്തോളം നികുതി നൽകേണ്ടിവരുമെന്ന് ബോധ്യപ്പെടുത്തുന്നത് ഗുണകരമാണ്.

നികുതി പിരിച്ചെടുക്കുന്ന സംവിധാനവും ഒന്നുകൂടി ശക്തമാക്കേണ്ടിയിരിക്കുന്നു. ജനകീയ ഇടപെടലും സഹകരണവും ഉറപ്പുവരുത്തുന്നത് നന്നായിരിക്കും.

കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം എപ്പോഴും പഞ്ചായത്തിൽ ഉണ്ടാകണം.

## (ii) ഭൂനികുതി

ഇത് ചില തത്വങ്ങളെ അടിസ്ഥാനമാക്കി നിർണ്ണയിക്കുവാനും അത് പിരിച്ചെടുക്കുവാനും പഞ്ചായത്തുകളെ ഏൽപ്പിക്കാം. ഇപ്പോൾ നിലവിലുള്ള നിരക്ക് വളരെ കുറവാണ്. ഇത് ഉയർത്തുന്നതിനോടൊപ്പം ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതുമാണ്.

### (iii) തൊഴിൽ നികുതി

തൊഴിൽ നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിന്റെ വരുമാനം 90,920 രൂപയാണ്.

പഞ്ചായത്ത് അതിർത്തിയിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും മററും ജോലി ചെയ്യുന്നവരിൽനിന്ന് മാത്രമേ ഇന്ന് തൊഴിൽ നികുതി ലഭിക്കുന്നുള്ളു. തൊഴിൽ ചെയ്യുന്ന മുഴവൻ പേരും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നൽകേണ്ടതാണ്.

പഞ്ചായത്തിലെ മുഴവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും അംഗത്വമുള്ള എല്ലാവരിൽനിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികളടക്കം എല്ലാ മേഖലയിലേക്കും വ്യാപിപ്പിക്കാവുന്നതാണ്. വൻകിട കർഷകരിൽനിന്നും വ്യവസായികളിൽനിന്നും പ്രത്യേക നികുതി ഈടാക്കുന്നതും ആലോചിക്കണം.

### (iv) വിനോദ നികുതി

ഇപ്പോൾ പഞ്ചായത്തിൽ വിനോദ നികുതി ലഭിക്കുന്നില്ല. കുമരംപുത്തൂർ ചുങ്കം/വട്ടമ്പലം ഭാഗത്ത് ഒരു സിനിമാ തിയ്യേററർ സ്ഥാപിക്കാൻ സ്വകാര്യ വ്യക്തികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയോ പഞ്ചായത്ത് നേരിട്ട് ഏറെറടുത്ത് നടത്താൻ ആലോചിക്കുകയോ വേണം.

പള്ളിക്കുന്നിലും ചങ്ങലേരിയിലും ഗ്യാലറിയുള്ള ഓരോ സ്റ്റേഡിയം സ്ഥാപിച്ച് അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ചുമത്താവുന്നതാണ്.

പള്ളിക്കുന്നിൽത്തന്നെ ഓപ്പൺ എയർ ഓഡിറേറാറിയവും കമ്മ്യൂണിററിഹാളും വിജയകരമാവും.

### (v) ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിൽ ലൈസൻസ്ഫീസായി കഴിഞ്ഞ സാമ്പത്തികവർഷം 2127 രൂപയാണ് ലഭിച്ചിട്ടുള്ളത്. പക്ഷേ മുഴവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം കച്ചവടത്തിന്റെ വലിപ്പച്ചെറുപ്പവും വരുമാനവും അടിസ്ഥാനമാക്കി അതും പരിഷ്കരിക്കേണ്ടതാണ്.

പൊതുവിൽ നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. അതുമൂലം വികസനപ്രവർത്തനങ്ങൾ ആവശ്യപ്പെടാനും സംഘടിപ്പിക്കാനും, ശ്രദ്ധിക്കാനും ജനങ്ങൾ നേരിട്ടെത്തും. ആയതിനാൽ

1. വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം.

2. നികുതി കൊടുക്കുകവഴി തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയാണെന്ന് ബോധ്യപ്പെടുത്തണം. അതുകൊണ്ട് തന്നെ ചെലവിന്റെ കണക്കിൽ സുതാര്യത ഉണ്ടാകണം.

3. നികുതിപിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡു പ്രതിനിധികളും വാർഡു വികസനസമിതിയും തയ്യാറാവണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന് പഞ്ചായത്തിലെ ബഹുജന നേതാക്കൾക്കും പൊതുപ്രവർത്തകർക്കും ധാരണയുണ്ടാകണം.

4. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്താഫീസിൽ എപ്പോഴും ഉണ്ടാകണം.

അതുപോലെ സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില മാറണം. ഒരു തരത്തിലുള്ള വിവേചനവും കൂടാതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽവെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാൻറ്, വെഹിക്കിൾ ടാക്സ് മുതലായവ ഉദാഹരണമായെടുക്കാം. പലപ്പോഴും

ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിലെത്തുന്നത്. ജനസംഖ്യ ദാരിദ്ര രേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി/വർഗ്ഗ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ.

## മററു ധനാഗമ മാർഗ്ഗങ്ങൾ

(i) പഞ്ചായത്തിൽ പുറം പോക്കായി ധാരാളം ഭൂമിയുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്താനുള്ള നടപടി അടിയന്തിരമായി ചെയ്യണം. ഈ പുറംപോക്കിലും പുഴയോരങ്ങളിലും വ്യാപകമായി കൈയ്യേറി കൈവശം വെച്ചുവരുന്നു. ഇതിലധികവും തെങ്ങു കൃഷിയിടങ്ങളും റബ്ബർ തോട്ടങ്ങളുമായി മാറിക്കഴിഞ്ഞു. ഇവ കൃത്യമായി കണ്ടെത്തി സ്ഥിരമായ പാട്ടം നിശ്ചയിക്കുകയോ മാർക്കററ് വിലയുടെ 50%ൽ കുറയാത്ത വിലവാങ്ങി കൃഷിക്കാർക്കു തന്നെ സ്ഥിരമായി കൈമാറുകയോ ചെയ്യാവുന്നതാണ്.

ഇങ്ങനെ കിട്ടുന്ന തുക ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും അത് പ്രത്യുൽപാദനപരമായ മേഖലകളിൽ മാത്രം വിനിയോഗിക്കേണ്ടതുമാണ്.

### (ii) മണൽ

പഞ്ചായത്തിൻെറ പുഴകളുടെയും തോടുകളുടെയും അതിർത്തിയിൽ പലയിടങ്ങളിൽനിന്നും മണലു വാരി പോകുന്നു. അത് കൃത്യമായി ലേലം ചെയ്തു കൊടുക്കപ്പെടുന്നില്ല. അത് ലേലം ചെയ്തു കൊടുത്താൽ ചെറിയ തോതിലെങ്കിലും പഞ്ചായത്തിലേക്ക് വരുമാനം ഉറപ്പാക്കാം

ലേലം ചെയ്താലും ഇല്ലെങ്കിലും ഇന്ന് പലയിടങ്ങളിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുന്നുണ്ട്. മണലെടുക്കുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും പല വഴിക്കായി കടത്തിക്കൊണ്ടു പോകുന്നതിനാലും പഞ്ചായത്തിന് ഇതിൻെറ അളവ് നിയന്ത്രിക്കൽ ഇന്ന് എളുപ്പം അല്ല. അതുകൊണ്ട് മണൽത്തൊഴിലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി മണൽ വാരുന്നതിനുള്ള കുത്തകാവകാശം അവർക്ക് നല്കികൊണ്ട് നിയന്ത്രണം കൊണ്ടുവരാൻ കഴിയും. അങ്ങനെയായാൽ പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിയന്ത്രണരഹിതമായ ചൂഷണം ഒഴിവാക്കി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം.

### (iii) കല്ലു ക്വാറികൾ

പഞ്ചായത്തിൻെറ പലയിടങ്ങളിലും കരിങ്കൽ ക്വാറികളും ചിലയിടങ്ങളിലെങ്കിലും പാറയുടെ ക്വാറികളും ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. അവക്കും പഞ്ചായത്ത് നിശ്ചിത ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്.

അവിടെയും മേൽപറഞ്ഞ പരിസ്ഥിതിപ്രശ്നവും നിയന്ത്രണ രഹിത ചൂഷണവും ഒഴിവാക്കി തൊലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി തൊഴിൽ സാദ്ധ്യത ഉറപ്പാക്കാവുന്നതാണ്.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കുമരംപുത്തൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സഹകരണ ബാങ്കും പയ്യനെടം വില്ലേജിൽ അതിൻെറ ഒരു ശാഖയും കുമരംപുത്തൂരിൽതന്നെ ഒരു സഹകരണ ഹൗസിംഗ് സൊസൈററിയും സൗത്ത് ഇൻഡ്യൻ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു.

അംഗീകൃത സ്വകാര്യ ഫൈനാൻസിയേഴ്സ് എങ്ങും പ്രവർത്തിക്കുന്നില്ല. അതുപോലെ നാഷണലൈസ്ഡ് ബാങ്കിൻെറ ശാഖകളും പഞ്ചായത്തിലെവിടെയും ഒന്നുപോലുമില്ല.

ഉള്ള ബാങ്കുകളിൽ തന്നെ വായ്പകൾ കുറവാണ്. പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനം വരെ വായ്പകൾ കൊടുക്കാനും കാർഷികമേഖലക്ക് പ്രത്യേകം ഊന്നൽ കൊടുക്കാനും കാർഷിക വായ്പയുടെ പരിധി ഉയർത്താനും ശ്രദ്ധിക്കേണ്ടതാണ്.

വ്യവസായികാവശ്യങ്ങൾക്കും ലോണുകൾ പലിശ നിരക്ക് കുറച്ചുകൊണ്ടും വ്യവസ്ഥകൾ ഉദാരമാക്കിയും സഹായിക്കേണ്ടതാണ്. അതോടൊപ്പം ലോണുകളുടെ ഉപയോഗം ഉദ്ദേശിച്ച മേഖലയിൽ തന്നെയാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വ്യവസായ തൽപരർക്ക് വേണ്ടി ഒരു ഗൈഡൻസ് സെൻറർ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിൽ പള്ളിക്കുന്ന് ഭാഗത്ത് ഒരു നാഷണലൈസ്ഡ് ബാങ്കിൻെറ ശാഖക്ക് ശ്രമിക്കാവുന്നതാണ്.

ചങ്ങലീരി ഭാഗത്ത് സഹകരണ ബാങ്കിൻെറ ശാഖ സ്ഥാപിക്കാനും പ്രോത്സാഹിപ്പിക്കണം.

പഞ്ചായത്തുകൾക്ക് തന്നെ നേരിട്ട് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുവാനുള്ള നിർദ്ദേശം പുതിയ പഞ്ചായത്ത് ആക്ടിൽ ഉണ്ട്. ഗ്രാമസഭകളോ പഞ്ചായത്ത് ഭരണ സമിതിയോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാദ്ധ്യസ്ഥരാകുന്ന നിയമം ഉണ്ടാകണം.

## ചെലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുൽപാദനപരമല്ലാത്ത രീതിയിലായിരുന്നു.

പൊതുമരാമത്തിന് ഭരണച്ചെലവുകൾക്ക് വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവക്ക് യഥാക്രമം 380005ക, 298505ക, 7043ക. വീതമാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു പോന്നത്. ഇതിൽ പൊതുമരാമത്തിന് ചെലവഴിച്ചത് പഞ്ചായത്തു റോഡുകളുടെ റിപ്പയർ വർക്കിനായിരുന്നു. 5000 രൂപവരെ ചെലവഴിക്കാവുന്ന വർക്കുകൾ ഏതാണ്ട് എല്ലാ വാർഡിലും നടത്തിയിട്ടുണ്ട്. പഴയ റോഡിന് ഇട്ട മണ്ണു മുഴുവൻ മഴക്കാലത്ത് ഒലിച്ചു പോകും. റോഡു വീണ്ടും പഴയ സ്ഥിതിയിലാകുകയും ചെയ്യുന്നു ഇത്തരം താൽക്കാലിക വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല എന്നുമാത്രമല്ല പഞ്ചായത്തിൻെറ ഫണ്ട് പാഴായിപ്പോകുന്നതിന് കാരണമാകുകയും ചെയ്യുന്നു.

പഞ്ചായത്തിൻെറ വിഭവ ചോർച്ച തടയുന്നതിന് റോഡു സംരക്ഷണം ആവശ്യമാണെന്ന് കാണാം. പഞ്ചായത്തിലെ മണ്ണു റോഡുകൾ സംരക്ഷിക്കേണ്ടതിൻെറ ഉത്തരവാദിത്വം ആ റോഡിൻെറ ഇരുവശത്തുമുള്ള നിവാസികൾക്കായിരിക്കണം.

വെള്ളം ഒലിച്ചുപോകാൻ ചാലുകൾ ഇല്ലാത്തതിനാലാണ് റോഡുകൾ തോടുകളാകുന്നത്. മഴക്കാലം തുടങ്ങുന്നതിന് മുമ്പ് റോഡുകളിലുള്ള കാവച്ചാലുകൾ സന്നദ്ധ പ്രവർത്തനം വഴി ഉണ്ടാക്കണം.

പഞ്ചായത്തിലെ ഭരണച്ചിലവിൽ കൃത്യമായ മാററം ഒന്നും വരുത്തുവാൻ കഴിയില്ല.

## ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിൻെറ വട്ടമ്പലം ഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് ലാഭകരമായി തെളിഞ്ഞിരിക്കെ ആ ഗ്രൗണ്ടിനെ ശാസ്ത്രീയമായും മാതൃകാപരമായും പ്ലാൻ ചെയ്ത് സ്ഥിര വരുമാനം ഉറപ്പാക്കാവുന്ന സ്ററാളുകൾ ഇനിയും ഉണ്ടാക്കണം.

ഷോപ്പിംഗ് കോംപ്ലക്സിൻെറ മുകളിൽ പണി തീർന്നു കൊണ്ടിരിക്കുന്ന കമ്മ്യൂണിററിഹാൾ സ്ഥിരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിനോ ഏജൻസിക്കോ വാടകക്കു കൊടുക്കാവുന്നതോ ആണ്. അതേ ഗ്രൗണ്ടിൽ തന്നെ ഒരു ആഴ്ചച്ചന്ത വിജയകരമായി നടത്താവുന്നതാണ്.

വട്ടമ്പലം ഷോപ്പിംഗ് കോംപ്ലക്കിൻെറ തന്നെ പിൻഭാഗത്ത് നാല് നിരയിൽ ആളിരിക്കാൻ പാകത്തിന് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് ഷീററ് ഇറക്കിയെങ്കിലും ഒരു സദ്യാലയം നിർമ്മിക്കുകയും അതോടൊപ്പം കോംപ്ലക്സിൻെറ കിഴക്കുഭാഗം ആധുനിക സംവിധാനങ്ങളുള്ള ഒരു അടുക്കളയും നിർമ്മിച്ചാൽ സ്ഥിരമായ വരുമാനത്തിനുതകും.

ഇതേപോലെ ഒരു കമ്മ്യൂണിററി ഹാളിനുള്ള സാദ്ധ്യത പയ്യനെടം കാവിനു സമീപവും ഏറെയാണ്.

പഞ്ചായത്താഫീസിന്റെ മുൻഭാഗം മൂന്നു നിലയുള്ള ഒരു ബിൽഡിംഗ് ഉണ്ടാക്കിയാൽ അടിയിൽ ഷോപ്പിംഗ് കോംപ്ലക്സും ഒന്നാംനിലയിൽ ഏതെങ്കിലും സ്ഥാപനം നടത്താവുന്ന രീതിയിൽ ഒരു ഹാളും രണ്ടാം നിലയിൽ ചെറിയ ചെറിയ മുറികളാക്കി ലോഡ്ജിംഗ് സൗകര്യവും ഏർപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ ഉണ്ടാക്കി ലേലം ചെയ്തു കൊടുക്കാവുന്നതാണ്. അതോടൊപ്പം ഒരു മുറി കടയും ചിലയിടങ്ങളിൽ നടക്കും.

പഞ്ചായത്തിന് നേരിട്ടു നടത്താവുന്ന മററ് വ്യവസായങ്ങളും ആലോചിക്കണം. പുതിയ വ്യവസായ സംരംഭങ്ങൾക്കായി ഗൾഫിൽനിന്നുള്ള വരുമാനം ഏകോപിപ്പിക്കാൻ ആലോചിക്കുന്നതും നല്ലതാണ്. ഗൾഫ് നാടുകളിൽ ഓരോ വാർഡുകളിൽനിന്നും ധാരാളംപേർ പണിയെടുക്കുന്നു. അവരുടെ ഷെയർ സ്വരൂപിച്ചോ അവരെ വ്യവസായ സംരംഭങ്ങളിലേക്ക് പ്രോത്സാഹിപ്പിച്ചോ പഞ്ചായത്തിന് ഉപയുക്തമാക്കാം.

## ടൂറിസം

പഞ്ചായത്തിന്റെ വടക്കുഭാഗം സഹ്യന്റെ താഴ്വാരങ്ങളാണ്. പ്രകൃതിഭംഗികൊണ്ടും മൃഗസമ്പത്തുകൊണ്ടും സമ്പുഷ്ടമായ ആ ഭാഗം ഒരു നല്ല ടൂറിസ്ററ് സെന്റർ ആയി വികസിപ്പിക്കാവുന്നതാണ്. പാത്രക്കടവുപോലുള്ള പ്രകൃതി സൗന്ദര്യം പ്രചാരം തിരയുന്നു.

## നാഷണൽ സേവിംഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ്പത്രയുടെ 15 മുതൽ 25% വരെ ആ പഞ്ചായത്തിനുതന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും ജനകീയ കമ്മിററികളും മുഖേന പരമാവധി സമ്പാദ്യ നിക്ഷേപം സമാഹരിച്ചാൽ അതും പഞ്ചായത്തിന് ഒരു വരുമാനമാകാം.

## മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏററവും പ്രധാന വിഭവം മനുഷ്യാധ്വാനം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. റോഡുകൾ സംരക്ഷിക്കുന്നതിനും തോടുകൾ വെട്ടുന്നതിനും പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമൊക്കെ ഈ അധ്വാനം ഉപയോഗിക്കാം. ജാതി, മത കക്ഷിചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അധ്വാനംകൊണ്ട് സംഭാവന നൽകുന്ന മഹത്തരമായൊരു സംസ്കാരം വാർത്തെടുക്കേണ്ടിയിരിക്കുന്നു.

എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജന സംഘടനകളുടെ ബോധപൂർവ്വമായ ഇടപെടൽ ഈ രംഗത്ത് വമ്പിച്ച മാററങ്ങൾ ഉണ്ടാക്കാൻ ഉതകും.

# ഉപസംഹാരം

ആസൂത്രണം എന്നത് ഒരു പുതിയ കാര്യമല്ല. അറിവിന്റെയും സമ്പത്തിന്റെയും വിതരണത്തിലെ അസന്തുലിതത്വവും വിഭവങ്ങളുടെ പരിമിതിയും മറികടക്കാനും ഏററവും ഫലപ്രദവും ഗുണകരവുമായ വിതരണം സാദ്ധ്യമാക്കാനുമുള്ള ശ്രമങ്ങൾ എന്നുമുണ്ടായിരുന്നു. എട്ട് പഞ്ചവത്സരപദ്ധതികളും അത്തരം ശ്രമങ്ങളുടെ ഭാഗമാണ്. എന്നാൽ കേരളത്തിന്റെ 9-ാം പദ്ധതിയാസൂത്രണം പുത്തനാവുന്നത് അത് ആസൂത്രണത്തിന്റെ ഗുണഭോക്താക്കളെ മുഴുവൻ ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ പങ്കാളികളാക്കുന്നതുകൊണ്ടാണ്. ആസൂത്രണരംഗത്തിന്റെ മൊത്തവ്യാപാരികൾക്കും പരാദങ്ങൾക്കും ഇടമില്ലാത്ത ആസൂത്രണ വികസന പ്രക്രിയ രൂപം കൊള്ളുന്നു എന്നത്കൊണ്ടാണ് അത് ലോകത്തിന് മാതൃകയാകുന്നതും.

ഇത്തരമൊരു മാതൃകയാവാൻ ഏററവും അർഹതയുള്ള ജനത നാം തന്നെയാണ്. വികസിത രാജ്യങ്ങൾക്കുപോലും അൽഭുതമായ മാതൃകകൾ നാം ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്.

ഇത് തീർച്ചയായും ജനങ്ങൾക്ക് സഫലമാവാത്ത പ്രതീക്ഷകൾ നൽകാനുള്ള ശ്രമമല്ല. കാരണം നമ്മളാണത് നടപ്പാക്കുന്നത്. നമ്മുടെ സാമൂഹ്യരംഗത്തും വികസന രംഗത്തും ഇന്നത്തെ നിലയിൽ അസാദ്ധ്യമായ കുതിച്ചു ചാട്ടങ്ങളുടെ സാദ്ധ്യതയാണ് നാം അന്വേഷിക്കുന്നത്. നമ്മുടെ ബാദ്ധ്യതകൾ അവസാനിക്കുന്നില്ല. ആരംഭിക്കുന്നതേയുള്ളു.

ഓരോ പ്രവർത്തനത്തിനും നിരന്തരമായ ശ്രദ്ധയും പങ്കാളിത്തവും ഉറപ്പ് വരുത്തികൊണ്ട് നമുക്കുണർന്നിരിക്കാം.

കുമരംപുത്തൂരിന്റെ നാളെയെന്തെന്ന് നമുക്ക് തീരുമാനിക്കാം. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെ പ്രശ്നങ്ങളുടേയും വിഭവങ്ങളുടെയും സാദ്ധ്യതകളുടെയും നിർദ്ദേശങ്ങളുടെയും ഏകദേശ ചിത്രമാണ് കഴിഞ്ഞ പേജുകളിൽ അവതരിപ്പിച്ചത്. ഒരു പുതിയ പ്രഭാതത്തെകുറിച്ചുള്ള ഈ പ്രതീക്ഷ ഏററവും വലിയ യാഥാർത്ഥ്യമാക്കിമാററാൻ നമുക്കൊരുമിച്ച് ശ്രമിക്കാം.